# കളരി

പത്രാധിപർ.

എ. വി. എസ്സ്. പണിക്കർ

| പുസ്തകം 1 | 1954 ഒക്ടോബർ | ലക്കം 5 |
|---|---|---|

# പ്രസ്താവന

കായികവും ആത്മീയവുമായ താത്വിക മൂല്യങ്ങളെ വിസ്മരിക്കയാലോ അഥവാ അവഗണിക്കയാലോ, പുരോഗമനമെന്ന പേരിൽ അധഃപതിച്ചുവരുന്ന ഭാരത സംസ്കാരത്തെ—അജയ്യമായ ആർഷ സിദ്ധാന്തത്തിൻെറ വെളിച്ചത്തിൽ—കാലാനുസരണം സമുദ്ധരിക്കുവാൻവേണ്ടി സമാരംഭിച്ചിട്ടുള്ളതാണ് ഈ കലാകേന്ദ്രം.

കായികവും, ആത്മീയവുമായ കാര്യങ്ങളെ അവ അർഹിക്കുന്ന നിലയിൽ ബലവരത്തവും, സത്യശുദ്ധവുമാക്കിത്തീർക്കുവാൻ അനുപേക്ഷണീയങ്ങളായ പരിതസ്ഥിതികളെ സൃഷ്ടിക്കുകയും, വളൎന്നുവരുന്ന തലമുറകൾക്ക് ഉപകരിക്കാവുന്ന വിധം ശാസ്ത്രീയ സാഹിത്യാദി വിഷയങ്ങളിൽ അഭിരുചിയുണ്ടാക്കുവാൻ ഉതകുന്ന ഗ്രന്ഥാലയങ്ങളും, പ്രസിദ്ധീകരണങ്ങളും, സമാരംഭിക്കുകയും ആണ് ഈ കലാകേന്ദ്രത്തിൻെറ പ്രഥമവും, പ്രധാനവുമായ കൎത്തവ്യം.

വ്യക്തിവിദ്വേഷമോ, ഉച്ചനീചമനോഭാവമോ, രാഷ്ട്രീയമായോ, മതപരമായോ യാതൊരു വക പ്രചരണോദ്ദേശമോ കൂടാതെ, ഓരോ പൌരനും അവർ അർഹിക്കുന്ന നിലയിൽ സേവനം നടത്തുവാനുള്ള പ്രത്യേക പരിതസ്ഥിതി ഈ കലാകേന്ദ്രത്തിൻെറ ഓരോ വിഭാഗത്തിനും ഉണ്ടാകണമെന്നതാണ് ഞങ്ങളുടെ മറെറാരാദർശം.

അതിപ്രാചീനമായി ഗുരുകുല വിദ്യാഭ്യാസകേന്ദ്രങ്ങളായിരുന്നത് ഏതൊന്നോ—പുരാതന ഭാരതീയർ തങ്ങളുടെ എല്ലാവിധ ജീവിത പ്രശ്നങ്ങളും, പ്രവൎത്തനങ്ങളും എവിടെ സമാരംഭിക്കപ്പെട്ടിരുന്നുവോ, ഏതൊരിടത്തുനിന്ന് ദൈവീകമായ അനുഗ്രഹങ്ങൾക്ക് അൎത്ഥിച്ചിരുന്നുവോ—ആ "കളരി"കൾ ഇന്ന് നാമമാത്രമായിരിക്കുകയാണ്! അവയെ ആവുംവിധം ഉദ്ധരിക്കുവാനും, കായികമായ അഭ്യാസമുറകളെ പ്രോത്സാഹിപ്പിക്കുവാനും, ഗുരുകുല വിദ്യാഭ്യാസസംപ്രദായത്തിൽക്കൂടി വേദാദിശാസ്ത്രങ്ങളെ പഠിക്കുവാനും, തദ്വാരാ ഭാരതീയ സംസ്കാരത്തെ സർവതോഭദ്രമായ ഒരു നിലയിലേക്ക് ഉയൎത്തുവാനും ഞങ്ങൾ ഉദ്ദേശിക്കുന്നു. അതനുസരിച്ച് സൌകര്യത്തിന്നുവേണ്ടി കലാകേന്ദ്രത്തിൻെറ പ്രവർത്തനത്തെ ജ്യോതിഷവിഭാഗം, ആയുർവേദ വിഭാഗം, കലാവിഭാഗം, മുദ്രാലയം എന്ന് നാല് ഘടകങ്ങളായി വേർതിരിച്ച് പ്രവൎത്തിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

ജ്യോതിഷം. ബ്രഹ്മാണ്ഡത്തിൽ പ്രദ്യോതമാനങ്ങളായി, ദൃശ്യങ്ങളും അദൃശ്യങ്ങളുമായ ജ്യോതിർഗ്ഗോളങ്ങളുടെ ഗതിവിഗതികളെകൊണ്ടുണ്ടാവുന്ന ശക്തിവിശേഷങ്ങൾ ഭൂമിയിലെ ചരാചരങ്ങളിൽ വരുത്തുന്ന വ്യതിയാന പരിണാമങ്ങളെ പൂർവാചാര്യന്മാർ സവിസ്തരമായി ദർശിച്ച്, അഖണ്ഡനീയമായ ഒരു നിഗമനത്തിൽ എത്തി അവയെ പ്രായോഗികമായ വിധം പ്രതിപാദിച്ച് വിജയവൈജയന്തി പറപ്പിച്ചിട്ടുള്ള ഒന്നാണ് ഭാരതീയ ജ്യോതിശ്ശാസ്ത്രം. ഇന്നത്തെ ലോകം അതിനെ സംശയദൃഷ്ട്യാ വീക്ഷിക്കുന്നു. അതുകൊണ്ട് ആ ശാസ്ത്രത്തിന് വന്നുചേരാവുന്ന അധഃപതനം ആവതും പരിഹരിക്കുവാൻ അവയെ അറിവുള്ള പണ്ഡിതന്മാരെക്കൊണ്ട് പഠിപ്പിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്യുന്നതിന്നായി ഒരു ജ്യോതിഷ പാഠശാലയും, ഗ്രന്ഥാലയവും വേണമെന്ന് തീർച്ചപ്പെടുത്തുകയും, അതിന്റെ പ്രാരംഭ നടവടികളിൽ പ്രവേശിക്കുകയും ചെയ്തിരിക്കുന്നു.

ആയുർവേദം. ശാസ്ത്രീയമായ വിധം ഔഷധങ്ങളുണ്ടാക്കി വിതരണം ചെയ്യുക. ആയുർവേദ പരീക്ഷ കഴിഞ്ഞിട്ടുള്ള വൈദ്യന്മാർക്ക് ഉപരിഗ്രന്ഥങ്ങൾ നോക്കുവാനും, പ്രായോഗിക പരിജ്ഞാനത്തിന്നാവശ്യമായ കാര്യങ്ങൾ ചെയ്യുവാനും സൌകര്യമുണ്ടാക്കുക. ആരോഗ്യ സംവർദ്ധനക്ക് ഉഴിച്ചൽ, പിഴിച്ചൽ, തിരുമ്മൽ, കച്ചകെട്ട്, മെയ്യഭ്യാസം തുടങ്ങിയ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും, പ്രവർത്തിപ്പിക്കുകയും, ഔഷധഗവേഷണത്തിനുള്ള പദ്ധതിയും ഉണ്ടാക്കുക. ഇവയിൽ കലാകേന്ദ്രത്തിന്റെ പ്രാതിനിദ്ധ്യത്തിൽ തൃശ്ശിവപേരൂർ പടിഞ്ഞാറെ നടക്കാവിൽ കലാകേന്ദ്രം ഓഫീസിനോടനുബന്ധിച്ച് ഒരു മെഡിക്കൽ വിഭാഗം ഇപ്പോൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നതുമാകുന്നു.

സുകുമാര കലകൾ. സാഹിത്യം, 'സംഗീതം, ചിത്രമെഴുത്ത്, കൊത്തുപണി തുടങ്ങിയ സുകുമാര കലകൾക്ക് പ്രോത്സാഹനം നൽകുകയും, മാതൃകായോഗ്യമായ നിലക്ക് നേരിട്ടു നടത്തുകയും, പരിശീലപ്പിക്കുകയും ചെയ്യുവാൻ മറെറാരു വിഭാഗം അടുത്തുതന്നെ ആരംഭിക്കുന്നതാണ്'.

മുദ്രാലയം. മുദ്രിതങ്ങളല്ലാത്തവയും, നാമാവശേഷമായിട്ടുള്ളവയും ആയ ഉപരിഗ്രന്ഥങ്ങളും, വ്യാഖ്യാനങ്ങളും തേടിപിടിച്ച് പ്രസിദ്ധീകരിക്കുക. വാസനാസമ്പന്നരായ യുവകവികളേയും മററും പ്രോത്സാഹിപ്പിക്കുവാൻ അവരുടെ പ്രസിദ്ധീകരണങ്ങളെ ഏറെറടുത്ത് പ്രസിദ്ധപ്പെടുത്തുക. ഇപ്രകാരം കലാകേന്ദ്രത്തിന്റെ നാലു വിഭാഗവും ഈ വർഷത്തിൽ തന്നെ പൂർത്തിയാക്കണമെന്നാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. കൂടാതെ വിദ്യുച്ഛക്തിപരമായും യന്ത്രപരമായുമുള്ള നിരവധി ഉപകരണസാമഗ്രികൾ ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന്ന് ആവശ്യമായി വരുന്നതിനാലും, ആയത് പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ നിലയിൽ വിനിയോഗിപ്പാൻ സാദ്ധ്യതയുള്ളതിനാലും, മുദ്രാലയത്തോടനുബന്ധിച്ച് ഒരു മിഷ്യനറി ഉപകരണ വിഭാഗവും കൂടി രൂപവൽക്കരിക്കുവാൻ ഞങ്ങൾ ഉദ്ദേശിക്കുന്നുണ്ട്.

ധാർമ്മികവും, ആവശ്യകർത്തവ്യവുമായ ഈ കലാകേന്ദ്രത്തിന്ന്, ആർഷസംസ്കാരത്തെ മാനിക്കുന്ന ഓരോരുത്തരും സഹായഹസ്തം നൽകുവാൻ ബാദ്ധ്യസ്ഥരാണ്. അതുകൊണ്ട് ഈ സംരംഭത്തെ വിജയപ്രദമാക്കി തീർക്കുവാൻ എല്ലാവരും ആത്മാർത്ഥതയോടുകൂടി മുന്നോട്ടു വരേണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

# ശ്രീ വാസുദേവാഷ്ടകം

(കെ. കെ. കയ്യൂരം)

1. ശ്രീ വര, നതജനപാലക,
ഭൂവര, ഭുജഗാരിവാഹ, ഭുവനപതേ,
നീ വരമരുളുക, മേന്മേൽ
പീവര പങ്കങ്ങൾ തങ്കമടിയനുടൻ!

2. വാരണ മർദ്ദന, ദുരിത നി–
വാരണ, വാതാലയേശ, സകലേശ,
കാരണ പൂരുഷ, നിൻ ചര–
ണാരുണ പത്മങ്ങൾ കാണണം ഹൃദി മേ!

3. സുരമുനി വന്ദിത, ശൗരേ,
പരമിന്ദിപദതാർ പണിഞ്ഞിടുന്നിവനിൽ
അരമംഗലമകലാൻ താവക
വരമിഴിമുനചേർക്ക കാത്തിഹന്താവേ!

4. ദേവ, ദയാമൃത സിന്ധോ,
പാവന, പത്മാക്ഷ, പത്മനാഭ, വിഭോ,
ആവിലമകലാനെന്നും
പ്പൂവിലമന്നിടണേണമനവരതം!

5. വാഹന വരഖഗ, വിശ്വ വി–
മോഹന, വിജിതാജ്ഞാനാഭ, വിജയസഖേ,
പാവന രൂപം തവ, മമ
ഭാവനയിങ്കൽ തെളിച്ചു കാണിയ്ക്കൂ!

6. യതിവരരുടെ മനമലരിൽ
സ്ഥിതി ചെയ്തീടും യഥാർത്ഥ രൂപം തേ,
മതിയിൽ കണ്ടു മരിച്ചാൽ
മതി;—യിവനില്ലാശ വേറെയൊന്നിനും!

7. നരക നിഷൂദന, ജനിമൃതി
നരകക്കുഴിയിൽ കിടന്നു നരകിയ്ക്കാൻ
തരമേകരുതിനി, കരുണാ–
കര, മേ മററില്ലപേക്ഷയൊന്നിനുമേ!

8. മലർമകൾ തഴുകും നിൻ പദ–
മലർ മമ മനതാരിലെത്തു സമയത്തും
അലമ്പീടാതതിരുചിയൊടു
വിലസീടേണം പരാപരപ്പൊരുളേ !!


THE MODERN TILE & CLAY WORKS,
FEROKE-MALABAR. (S. INDIA)
Founder: THE LATE SRI. M. KRISHNAN,
MANUFACTURERS OF UP-TO-DATE ROOFING MATERIALS OF
LOTUS BRAND
REPUTED FOR THEIR PERFECTNESS IN QUALITY, COLOUR AND DURABILITY.
WIDELY POPULAR NOT ONLY THROUGHOUT INDIA, BUT ALSO IN
CEYLON, BURMA, AUSTRALIA AND STRAITS SETTLEMENTS
AND MALAYAN MARKETS
Telegram: Moderntiles, Feroke, Rly. Stations: Feroke & Kallayi.
Telephone: Calicut Exchange No. 574. Seaports: Beypore & Calicut.
Sr. Partner: M. K. SUBRAMANIAN.

# ചക്രവാകസന്ദേശം

(ശൂരനാട്ടു കുഞ്ഞൻപിള്ള)

(മനോഹരമായ ഒരു പ്രാചീന മണിപ്രവാളകൃതി)

തിരുവിതാംകൂർ സർവകലാശാലാ ഹസ്തലിഖിത ഗ്രന്ഥശാലയിലെ 1162.B. എന്ന ഗ്രന്ഥത്തെ സ്വത്തുമാക്കിയാണ് ഈ പ്രസിദ്ധീകരണം നിർവഹിക്കുന്നത്. സാഹിത്യ പരിഷത്ത് ത്രൈമാസികം 11-ാം പുസ്തകം ഒന്നാം ലക്കത്തിൽ ശ്രീ. കുട്ടമശേരി നാരായണപ്പിഷാരൊടി സമ്പാദിച്ചു പ്രസിദ്ധപ്പെടുത്തിയ ഭാഗവും പരിശോധിച്ചിട്ടുണ്ട്. പ്രാചീന മണിപ്രവാളസാഹിത്യത്തിന്റെ മധ്യമണിയായി പ്രശോഭിക്കുന്ന 'ഉണ്ണുനീലിസന്ദേശ'ത്തോടു സാധർമ്മ്യം വഹിക്കുന്ന ഈ ചക്രവാകസന്ദേശം പലതുകൊണ്ടും ഗണനീയമായ ഒരു കൃതിയാണ്. നിർഭാഗ്യവശാൽ, പൂർവ്വ സന്ദേശത്തിലെ 96 പദ്യങ്ങളും 97-ാം പദ്യത്തിന്റെ ആദ്യപാദവും മാത്രമേ കണ്ടുകിട്ടിയിട്ടുള്ളു. അത്രത്തോളം ഭാഗത്തിൽനിന്നു തന്നെ ഇതിന്റെ കർത്താവ് വശ്യവാക്കായ ഒരു കവിയാണെന്നു സഹൃദയന്മാർക്കു ബോദ്ധ്യപ്പെടും. ഇതുപോലെ പല സന്ദേശ കാവ്യങ്ങളും അക്കാലങ്ങളിൽ എഴുതപ്പെട്ടിരുന്നിരിക്കണം. ലീലാതിലകത്തിൽ ഉദാഹരിച്ചിട്ടുള്ള ചില പദ്യങ്ങൾ ആദ്യാവധി അജ്ഞാതങ്ങളായ ചില സന്ദേശ കാവ്യങ്ങളിൽനിന്ന് ഉദ്ധരിച്ചിട്ടുള്ളവയാണെന്നു കവിതാസ്വഭാവംകൊണ്ടു നമുക്ക് ഊഹിക്കാൻ കഴിയും.

മഹാകവി ഉള്ളൂർ കേ. സാ. ചരിത്രം ഒന്നാം ഭാഗത്തിൽ 372-മുതൽ 375 വരെ പുറങ്ങളിലായി ഈ കൃതിയെപ്പറ്റി 'കോകസന്ദേശ'മെന്ന പേരിൽ പ്രതിപാദിച്ചിരിക്കുന്നു. ഉണ്ണുനീലീസന്ദേശം പോലെയോ അതിൽ അധികമായോ പഴക്കമുള്ള ഒരു കാവ്യമാണിതെന്നും, ക്രി. പി. പതിന്നാലാം ശതകത്തിന്റെ ഉത്തരാർദ്ധത്തിലെങ്കിലും ഇതു് ആവിർഭവിച്ചിരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു തെളിവിനു വേണ്ടി പ്രസ്തുത കൃതിയിൽ കാണുന്ന ഏതാനും പ്രാചീന പദങ്ങളും അദ്ദേഹം ചൂണ്ടിക്കാണിച്ചിരിക്കുന്നു. കവിതാഗുണംകൊണ്ടു നോക്കിയാൽ ഉണ്ണുനീലീസന്ദേശത്തിന്റെ കനിഷ്ഠ സഹോദരത്വമാണ് ഇതിനു കല്പിക്കാവുന്നത്.

ചേതിങ്കനാട്ടിൽ (ദേശിങ്ങനാട്, കൊല്ലം) നായകൻ ഒരു വസന്തകാലത്ത് പ്രിയതമയുമായി സുഖിച്ചിരിക്കുമ്പോൾ ഒരു രാത്രിയിൽ ദുഃഖിതനായ് കാണപ്പെട്ടു. അതിന്റെ കാരണം ചോദിച്ച നായികയോട് നായകൻ സ്വപ്നത്തിൽ സംഭവിച്ച പ്രണയിനീവിയോഗത്തിന്റെ കഥ പറഞ്ഞു കേൾപ്പിക്കുന്നു. ഒരു ആകാശചാരി ആ യുവാവിനെ നായികയിൽനിന്നു വേർപെടുത്തി തെക്കേ മലയാളത്തിൽ * വെള്ളോട്ടുകര എന്ന പ്രദേശത്താക്കുന്നു. അവിടെ വെച്ച് ആ വിരഹപരവശൻ ഒരു ചക്രവാകത്തെ കാണുകയും, ആ പക്ഷിയെ സന്ദേശഹരനാക്കുകയും, വെള്ളോട്ടുകരനിന്നു തെക്കോട്ടുള്ള വഴി പറഞ്ഞുകൊടുക്കുകയും ചെയ്യുന്നു. ഇടപ്പള്ളിവരെയുള്ള വർണ്ണനം കൊണ്ടു കണ്ടുകിട്ടിയിടത്തോളം ഭാഗം അവസാനിക്കുന്നു. ബാക്കി ഭാഗം ഇനിയും തേടിപ്പിടിക്കാൻ കഴിയുമോ എന്നു ഞങ്ങൾ പരിശ്രമിക്കുകയാണ്.

ഇതിലേ മാർഗ്ഗവിവരണത്തെപ്പറ്റിയും സ്ഥലങ്ങളെപ്പറ്റിയും ശ്രീ. പുത്തേഴത്തു രാമൻമേനോൻ തുടങ്ങിയ പണ്ഡിതന്മാരാണ് എനിക്കു വിവരം നല്കി സഹായിച്ചതു്. അവരോടുള്ള കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

---

* വെള്ളോട്ടുകര 'തൃപ്രങ്ങോട്ട്' ആണോ എന്നു മഹാകവി സംശയിക്കുന്നു. ഞങ്ങൾക്കു കിട്ടിയിട്ടുള്ള അറിവ് ആ സ്ഥലം കോട്ടയ്ക്കൽ ആണെന്നാണ്. 'വെള്ളോട്ടിലെ അപ്പൻ' വെങ്കിട്ടത്തേവരു് (കോട്ടയ്ക്കൽ ശിവൻ) ആണെന്നു അറിയുന്നു. വെങ്കിട്ടക്കോട്ടയാണു കോട്ടയ്ക്കൽ എന്നു മലബാർ ഗസററിയറിലും കാണുന്നു. (മലബാർ ഗസററിയർ നാലാംഭാഗം പേജ് 130)

# കലാകേന്ദ്രങ്ങൾ

കെ. പി. നാരായണപിഷാരോടി
(ലക്ചുറർ, കേരളവർമ്മ കോളേജ്)

മനുഷ്യന്റെ സൃഷ്ടിയാണ് കല. പ്രകൃതിസിദ്ധങ്ങളായ വസ്തുക്കളിൽ നല്ലതെന്നും വേണ്ടതെന്നും തോന്നുന്നവയെ മനുഷ്യൻ ബുദ്ധിപൂർവ്വകം സങ്കലനം ചെയ്ത് പുതിയ സൃഷ്ടി നിർവ്വഹിക്കുന്നു; സ്വയം സൃഷ്ടങ്ങളായ വസ്തുക്കളെക്കൊണ്ട് ജീവിതത്തെ സുഖഭൂയിഷ്ഠമാക്കിത്തീർക്കുന്നു. ഇതു മനുഷ്യന്റെ ജന്മസിദ്ധമായ ഒരു സ്വഭാവമാണ്.

പ്രകൃതിയിൽ നിന്നു കിട്ടുന്ന അപരിഷ്കൃത പദാർത്ഥങ്ങളിൽ തൃപ്തിയടയുന്ന സ്വഭാവം വിശേഷബുദ്ധിയുള്ള മനുഷ്യക്കു പറഞ്ഞിട്ടുള്ളതല്ല. ഉഴിയുഴുത് വിത്തു വിതച്ച് തേവി നനച്ച് കൊയ്തു മെതിച്ച് ചേറി വെടിപ്പു വരുത്തി ശേഖരിച്ചിട്ടുള്ള നെല്ലും ഗോതമ്പും മററുമാണല്ലൊ മനുഷ്യന്റെ പ്രധാനമായ ഭക്ഷണ പദാർത്ഥം. ആവക ധാന്യങ്ങളുണ്ടാക്കുവാൻ വേണ്ടിവരുന്ന കൃഷിപ്പണി ഒരു കലയാണ്'. നെല്ലും മററും അങ്ങിനെതന്നെ തിന്നുവാൻ മനുഷ്യനാവില്ല. നെല്ലു കുത്തി അരിയാക്കി ചേറി ക്കൊഴിച്ച് അരിച്ചു കഴുകി വെച്ചുണ്ടാക്കിയ ചോറു വേണം മനുഷ്യന്നുണ്ണുവാൻ. ആ നെല്ലു കുത്തലും അരി ചേറലും ഭക്ഷ്യപാകവും എല്ലാം ഓരോ കലയാണ്. ചോറും തനിയെ ഭക്ഷിച്ചുകൂടാ; കൂട്ടാൻ വേണം, ഉപ്പേരി വേണം, ഉപ്പിലിട്ടതു വേണം, മോരു വേണം. ഇതൊന്നും കേവലം പ്രകൃതി തരുന്ന വസ്തുക്കളല്ല. എല്ലാം മനുഷ്യന്റെ അപൂർവ്വ സൃഷ്ടികളാണ്, കലാവിഭവങ്ങളാണ്. ഇതുപോലെ ഉടുക്കുന്നതും തേയ്ക്കുന്നതും കാണുന്നതും കേൾക്കുന്നതുമെല്ലാം സ്വസൃഷ്ടങ്ങളായാലേ മനുഷ്യന്നു സുഖമുള്ളു. കായ്കനികൾ തിന്നു പച്ചവെള്ളം കുടിച്ച് മരത്തോലുടുത്ത് പാറപ്പുറത്തോ ഗുഹയിലോ കിടന്ന് ജീവിതം കഴിച്ചു കൂട്ടുന്നതു് മുഴുക്കാടത്തമാണെന്നാണ് പരിഷ്കൃത ലോകത്തിന്റെ അഭിപ്രായം. അതിനാൽ, കലകളിൽ പിറന്ന് കലകളിൽ ജീവിച്ച് കലാസാഹചര്യത്തിൽത്തന്നെ വിലയം പ്രാപിക്കുവാനിച്ഛിക്കുന്ന ഒരു വിശിഷ്ടസൃഷ്ടിയാണ് മനുഷ്യൻ. കലാവാസന മനുഷ്യന്റെ പ്രത്യേക ലക്ഷണവുമാണ്.

അവനവന്നു വേണ്ട കലാവിഭവങ്ങളെല്ലാം അവനവൻ തന്നെ നിർമ്മിക്കുകയെന്നതു് ലോക സ്വഭാവത്തിന്നു വിരുദ്ധമാണ്. ലോകത്തിന്റെ എല്ലാ ഘടകങ്ങളും അന്യോന്യാശ്രയങ്ങളത്രേ. പ്രത്യേകിച്ചും മനുഷ്യജീവിതത്തിന്റെ രീതി, മററുള്ളവരുടെ സഹായത്താൽ താൻ ജീവിക്കുക, തന്റെ സഹായത്താൽ മററുള്ളവർ ജീവിക്കുകയെന്നുള്ളതാണല്ലോ. ഒരു തുന്നക്കാരൻ അനേകം ആളുകൾക്കു വേണ്ടുന്ന ഉടുപ്പുകൾ തുന്നിയുണ്ടാക്കുമ്പോൾ അയാൾക്കു വേണ്ടി വരുന്ന ജീവിത സാമഗ്രികൾ മററു പലരിൽനിന്നുമായി വന്നുചേരുന്നു. കലാകാരന്മാർക്ക് പിന്നെ പ്രത്യേകിച്ച് ഒരു സ്വഭാവമുണ്ട്; നല്ല കലാകാരന്മാരിൽ മിക്കവരും പ്രധാനമായി ഒരു കലയിൽ നിഷ്ണാതന്മാരായിരിക്കും. പല കലകളിലും ഒരുപോലെ തികഞ്ഞ വാസനയുള്ളവർ തുലോം ചുരുക്കമാണ്. സംഗീതജ്ഞന്ന് സാഹിത്യമില്ല, സാഹിത്യ നിപുണന്ന് നാട്യവിദ്യയിൽ കൌതുകം പോരാ, നാട്യകലാവിദഗ്ദ്ധന്ന് ചിത്രം വരയ്ക്കാൻ വാസന കമ്മി. ഇതാണ് സാധാരണ കണ്ടുവരുന്നതു്. അതിന്നും പുറമേ, ഏതു കലയിലായാലും ഒരാൾക്ക് ആകസ്മികമായി വന്നു ചേരുന്ന അഭിനിവേശം തീവ്രമായിരിക്കുകയും ചെയ്യും. അങ്ങിനെ വരുമ്പോൾ ഒരു മനുഷ്യന്നു ജീവിക്കുവാൻ പല കലാകാരന്മാരുടെയും സഹായം

വേണ്ടിവരുന്നു. പലരേയു സ്വന്തം കല വഴിക്കു് സേവിക്കുവാൻ ഒരാൾക്ക് സാധിക്കുകയും ചെയ്യുന്നു.

എല്ലാവർക്കും സുഖമായി ജീവിക്കണമെങ്കിൽ പൊതുവിൽ എല്ലാ കലകളും ഓരോ നാട്ടിലും പുലരണം. അപ്പോൾ, പ്രധാന കലകളെല്ലാം ചിലരെ ചുമതലപ്പെടുത്തേണ്ടി വരുന്നു. അല്ലെങ്കിൽ നിത്യജീവിതത്തിന്നു അവശ്യം വേണ്ടിവരുന്ന കലാവിഭവങ്ങൾ കിട്ടാതെ ജനങ്ങൾ വിഷമിച്ചേക്കും. ആ നില പൊതുവിൽ ശ്രേയസ്കരമല്ലല്ലോ. അതിനാൽ ഓരോ മുഖ്യ കലകളും ഓരോ കുടുംബക്കാരെ ചുമതലപ്പെടുത്തുകയാണ് നല്ലതു്. ഇങ്ങനെ ചില ചിന്തകന്മാർ പണ്ടു് ആലോചിച്ചതിന്റെ ഫലമായിട്ടാണ് സകല കലകളും ഓരോരുത്തരുടെ കുലത്തൊഴിലായിത്തീന്നതു്.

ഗൃഹനിർമ്മാണാദി കലകളും വേദവേദാംഗാദി വിദ്യകളും പ്രത്യേകം ഓരോ സമുദായ ധർമ്മങ്ങളായിത്തീന്നതിന്നു ശേഷം എല്ലാ കലാകാരന്മാർക്കും ഒന്നിച്ചു ചേരുവാനും ഓരോരുത്തർക്കും തങ്ങളുടെ അത്ഭുതസിദ്ധികൾ പ്രകടിപ്പിക്കുവാനും ഒരു സങ്കേതം വേണമെന്നായി ആ പ്രാചീനന്മാരുടെ പിന്നത്തെ ആലോചന. ഏതൊരു ചൈതന്യത്തിൽ നിന്നു ഈ ചരാചരാത്മക ഭൂതങ്ങൾ ഉണ്ടായോ, ഏതു ചൈതന്യത്തിന്റെ അനുപ്രവേശത്താൽ അവ നിൽക്കുന്നുവോ, ഒടുവിൽ ഏതിൽച്ചെന്നു സർവ്വവും വിലയം പ്രാപിക്കുന്നുവോ ആ ചൈതന്യത്തിന്റെ കേന്ദ്രസ്ഥാനങ്ങളായി സങ്കല്പിച്ചിട്ടുള്ള ക്ഷേത്രങ്ങളാണ് എല്ലാ കലാകാരന്മാരെയും വിദ്വാന്മാരെയും ഒന്നിച്ചു ചേർക്കുവാൻ ഉചിതമായിട്ടുള്ള സ്ഥാനമെന്നു അവർ കണ്ടു. അതനുസരിച്ചു എല്ലാവരുടെയും പ്രവൃത്തികൾ നിവൃത്തിസുഖങ്ങളും നിഷ്കാമങ്ങളുമാക്കിത്തീർത്തു. നാടന്മാരായ സകല ജനങ്ങൾക്കും ക്ഷേത്രങ്ങൾ അങ്ങിനെ മുഖ്യ സങ്കേതങ്ങളായിത്തീരുകയും ചെയ്തു.

കലകൾ സാമാന്യമായി രണ്ടു തരത്തിലുണ്ട്. ഭക്ഷണം വസ്ത്രധാരണം മുതലായവയെപ്പോലെ നിത്യജീവിതത്തിന്നു അത്യാവശ്യങ്ങളായ വസ്തുക്കളുടെ ആവിർഭാവത്തിന്നു കാരണഭൂതങ്ങളായ കലകൾ ഒരു വക, വിനോദത്തിന്നും അതുവഴി വിജ്ഞാനത്തിന്നും ഉപകരിക്കുന്ന കലകൾ മറെറാരു വക. ഈ രണ്ടാമതു പറഞ്ഞ തരത്തിലുള്ള കലകളെ കോമളകലകൾ എന്നു പറഞ്ഞു വരുന്നു. കാഴ്ചയിലെ ഭംഗിയും ശബ്ദത്തിന്റെ മാധുര്യവും വികാരവിചാരങ്ങളുടെ വിജ്റംഭണവുമാണ് കോമള കലകളിൽ നിന്നു നമ്മുടെ ആസ്വാദനത്തിന്നു വിഷയമായിത്തീരുന്നതു്. അവയിൽത്തന്നെ സംഗീതം സാഹിത്യം, നാട്യം, ചിത്രം, പ്രതിമാശില്പം എന്നീ കലകൾക്കു പ്രാധാന്യം കൂടും. കാരണം, അവ ഓരോന്നും സ്വയം പൂർണ്ണങ്ങളും അന്യോന്യമേളനത്തിൽ ആസ്വാദാതിശയമുളവാക്കുന്നവയുമാണ്. നവരസങ്ങളെയും അവയുടെ അംഗങ്ങളായ സർവ്വ ഭാവങ്ങളേയും കണ്ണും കാതും കരളുമുള്ള സകല പ്രാണികൾക്കും അനുഭവഗോചരമാക്കിത്തീർക്കുവാൻ മേൽക്കാണിച്ച അഞ്ചു കലകൾക്കും കെല്പുണ്ടു്.

ഒരു കലയിലും വാസനയില്ലാത്തവരും എല്ലാ കലകളിലും ഒരുപോലെ വാസനയുള്ളവരും പൊതുവിൽ വളരെ ചുരുങ്ങും. അധികം ജനങ്ങളും ഇടത്തരക്കാരാണ്. ഏതു കല പരിചയിക്കാനാണോ ഇട വരുന്നതു് ആ കലയിൽ പ്രായോഗികമായ പാണ്ഡിത്യം നേടുവാൻ കഴിവുള്ളവരായിരിക്കും എഴുപത്തഞ്ചു ശതമാനം ജനങ്ങളും. പരിശ്രമിച്ചാൽ പൂജക്കൊട്ടു പഠിയാത്ത മാരാരോ മാലകെട്ടാനാവാത്ത പിഷാരടിയോ ഉണ്ടാവാൻ പ്രയാസമായിരിക്കുമെന്നാണ് തോന്നുന്നതു്. ഇതുപോലെ ഏതു കലയിൽ നോക്കിയാലും സാമാന്യേന ലഘുക്കളായ ചില പ്രവൃത്തി പദ്ധതികളുണ്ടായിരിക്കും. അവ പരക്കെ പരിശീലിക്കാവുന്നവയുമായിരിക്കും. എന്നാൽ ആ കലകളിൽ ചില പുതിയ പ്രസ്ഥാനങ്ങൾ കണ്ടുപിടിക്കുകയും അതുമുഖേന പരക്കെ അത്ഭുതവും ആഹ്ളാദവും ജനിപ്പിക്കുകയും ചെയ്യുവാൻ കഴിവുള്ള വ്യക്തികൾ പല നൂററാണ്ടുകൾ ചെല്ലുമ്പോൾ ചിലർ ജനിച്ചുവെന്നും വരാം, ഇല്ലെന്നും വരാം. ജന്മസിദ്ധമായിത്തന്നെ അടങ്ങാത്ത വാസനയുള്ളവർക്കേ അതിന്നു കഴിയൂ. ബഹുജനങ്ങളുടെ പ്രോത്സാഹനത്തിന്നും അഭിനന്ദനത്തിന്നുമനുസരിച്ചായിരിക്കും അവരുടെ മുന്നേററവും. അങ്ങനെയുള്ള വാസനാശാലികളെ തരാതരം പോലെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി ഏർപ്പെടുത്തിയിട്ടുള്ളവയാണ് ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ. കുറെ ക്ഷേത്രങ്ങളും ഉത്സവം, പൂരം, വേല മുതലായ വിശേഷ സന്ദർഭങ്ങളും ഉണ്ടായിരുന്നില്ലെങ്കിൽ ഇന്നു കേരളത്തിൽ നല്ല ചെണ്ടകൊട്ടുകാരുണ്ടാകുമോ? മദ്ദളക്കാരുണ്ടാകുമോ? കുഴലുകാരോ കൊമ്പുകാരോ ഇലത്താളക്കാരോ ഉണ്ടാകുമോ? ഇടയ്ക്കു കൊട്ടിപ്പാടിസ്സേവയോ

പഞ്ചവാദ്യമോ ഉണ്ടാവുമോ? ഓട്ടംതുള്ളൽ, പാഠകം, ചാക്യാർക്കൂത്ത്, കഥകളി, എന്നിവയുടെ നിലനില്പിന്നു തന്നെ കാരണം ക്ഷേത്രങ്ങളും ഉത്സവാദികളുമല്ലേ? അങ്ങേ അററം പിറന്നാൾസദ്യയടക്കമുള്ള എല്ലാ ആഘോഷങ്ങളുടേയും ഒരു പ്രധാന ഫലം കലാഭിവൃദ്ധിക്കും വിദ്യാഭിവൃദ്ധിക്കുമുതകുന്ന പ്രചോദനം നല്കലാണെന്നു മനസ്സിരുത്തി നോക്കിയാൽ കാണാവുന്നതാണ്.

ദേവാലയാദികളിലെ കലാപ്രയോഗത്തെസ്സംബന്ധിച്ച് ആദ്യന്തം ഒരു പരിശോധന നടത്തുന്ന പക്ഷം അതിന്നു പ്രധാനമായി മൂന്നു ഘടകങ്ങൾ കാണാവുന്നതാണ്. ഒന്നാമതു്, ആ കലാപ്രയോഗത്തിന്നു കാരണഭൂതനായ ആൾ, രണ്ടാമതു, കല പ്രയോഗിക്കുന്ന ആൾ, മൂന്നാമതു്, ആ കല ആസ്വദിക്കുന്ന ആൾ. ഗുരുവായൂർ കൃഷ്ണനാട്ടം കളിപ്പിക്കുന്നുവെന്നു വിചാരിക്കുക. എന്നാൽ അതു കളിപ്പിക്കുന്ന ആൾക്കും, കളിക്കുന്ന കളിക്കാർക്കും, അതു കാണുന്ന കാണികൾക്കും ഗുരുവായൂരപ്പൻ തരാതരം പോലെ അനുഗ്രഹം കൊടുക്കുമെന്നാണ് ഭക്തന്മാർ പൊതുവിൽ വിശ്വസിക്കുന്നതു്. ഇതുപോലെ മാല കെട്ടുക, കേളികൊട്ടുക, കളഭം ചാത്തുക മുതലായ കലകളെല്ലാം ക്ഷേത്രബന്ധത്താൽ പുണ്യകർമ്മങ്ങളായിത്തീർന്നിട്ടുണ്ട്. കലകൾ തങ്ങളോടു ബന്ധപ്പെട്ടവർക്കൊക്കെ ഓരോ തരം സംസ്കാരം ഉളവാക്കുന്നുണ്ടെന്നുള്ളതാണ് അവ പുണ്യകർമ്മങ്ങളാണെന്നു പറയുന്നതിന്റെ താല്പര്യമെന്നു തോന്നുന്നു. ആവുന്നവിധം ജനങ്ങളിൽ ഉത്തമ സംസ്കാരം ജനിപ്പിക്കുന്നതിനേക്കാൾ വലിയ ഒരു പുണ്യകർമ്മം പരമാർത്ഥത്തിൽ ഉണ്ടാകാൻ വഴിയുണ്ടോ? അക്കാര്യത്തിൽ കലകൾക്കെന്നപോലെ മററെന്തിനെങ്കിലും കെല്പുണ്ടോ? നമ്മുടെ പരിപാവനമായ ഭാരത സംസ്കാരം പടുത്തുയർത്തിയിട്ടുള്ളതു തന്നെ ക്ഷേത്രങ്ങളുടെ അടിത്തറയിന്മേലാണെന്നു മേലും കീഴും ഒന്നാലോചിച്ചു നോക്കിയാൽ അറിയാവുന്നതാണ്.

ക്ഷേത്രങ്ങളുടെ ഇന്നത്തെ സാമാന്യനില തുലോം ശോചനീയമാണ്. അഭിഷേകം മുതൽ അടിച്ചുതളിയടക്കം സകല പ്രവൃത്തികളും വെറും കാട്ടിക്കൂട്ടൽ മാത്രമായിരിക്കുന്നു. എല്ലാവരുടേയും ആത്മാർത്ഥത അടിയോടെ നശിച്ചിരിക്കുന്നു. തങ്ങളുടെ കുലത്തൊഴിലുകൾ യഥാർത്ഥത്തിൽ ഓരോ കലകളാണെന്ന കഥതന്നെ ക്ഷേത്രോപജീവികൾ മറന്നിരിക്കുന്നു. ക്ഷേത്രമെന്തിന്? പൂജയെന്തിന്? ഉത്സവമെന്തിന്? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ എങ്ങും ഉയർന്നുകേൾക്കാൻ തുടങ്ങിയിരിക്കുന്നു. ഇതിന്റെയെല്ലാം പരിഹാരമിരിക്കുന്നതു് ദേവസ്വം വകുപ്പുകാരുടേയും ക്ഷേത്ര ഭാരവാഹികളുടേയും കയ്യിലാണ്. ഉത്തമോത്തമങ്ങളായ സംസ്കാര വിശേഷങ്ങളെ ഉദ്ദീപിപ്പിക്കുവാനുതകുന്ന കലകളുടേയും വിദ്യകളുടേയും സങ്കേതസ്ഥാനങ്ങളാണ് ക്ഷേത്രങ്ങൾ എന്ന ബോധം പൊതുജനങ്ങളിലുളവാകുവാനും വളരുവാനും എന്തെല്ലാം ചെയ്യണമോ അതിന്നെല്ലാം അവർ സന്നദ്ധരാവണം, തങ്ങളുടെ സർവ്വ യത്നങ്ങളും അവർ ആ വഴിക്കു തിരിക്കണം. അല്ലാത്തപക്ഷം ആസന്നഭാവിയിൽ കേരളത്തിന്നു മാത്രമല്ല, ഭാരതത്തിന്നു തന്നെയുമല്ല ലോകത്തിന്നൊട്ടാകെ തന്നെ ഉണ്ടാകാൻ പോകുന്ന നഷ്ടകഷ്ടങ്ങൾ സീമാതീതങ്ങളാണ്.

# സ്വപ്നദർശനം

(വിദ്വാൻ മാധവപ്പണിക്കർ ബ്രഹ്മക്കുളം)

കനകോജ്ജ്വല ഭൂഷണങ്ങളാ–
ന്നനലജ്വാല കണക്കു ജാനകി |
അനഘദ്യുതിപൂണ്ടുനിന്നു; സ–
ദ്വിനയം ചേർന്ന വിഭൂതി പോലവേ || 1

ഉടനങ്ങെഴുന്നേററു പുൽകുവാൻ
പിടയും രാമനൊടഭ്യസൂയയാൽ |
വിടവാങ്ങിയകന്നു നിദ്രയാൾ,
മടവാരന്യയിലീർഷ്യയാർന്നവൾ || 2

കദനക്കനലിൽ കിടന്നിടും
മദനക്ലിഷ്ട ജനത്തിനൊക്കെയും |
സദയം വിധിനൽകി നിദ്രയാം
ഹൃദ്യൗഷധന്താപമകററി വാഴുവാൻ || 3

കുടിലാളക മൌലിമാലയെ–
പ്പിടികിട്ടാഞ്ഞുപടിയ്ക്കുണർന്നുടൻ |
അടിതെററിയഗാധസിന്ധുവി–
ന്നടിയിൽപ്പെട്ടൊരു മട്ടിലായ് നൃപൻ || 4

മുനിമാനസരാജഹംസമാ–
യനിഷേധ്യപ്രഥയാർന്ന രാഘവൻ |
കനിവിന്നൊരു പാത്രമായിപോ–
ലനിവാര്യ്യം പ്രണയപ്രചേഷ്ടിതം || 5

ഇടനെഞ്ഞു പൊടിഞ്ഞിടുന്ന മ–
ട്ടിടരാർന്നാകുലനാം രഘൂത്തമൻ |
കടകത്തിയൊലിച്ച സിന്ധുവിൻ–
തടഭൂവിൽത്തരുവെന്ന പോലെയായ് || 6

വിഷമിച്ചു ശമിച്ചൊരാത്രു നീ-
വിഷവേഗം പ്രസരിച്ചപോലവേ |
വിഷമാസ്ത്ര വിശീർണ്ണനായ്സുദു–
ർവ്വിഷഹാർത്തിയ്ക്കിരയായ് പരന്തപൻ || 7

അലതല്ലിവരുന്ന ചിന്തയാൽ–
പ്പലതും പണ്ടു കഴിഞ്ഞതൊക്കെയും |
തലപൊക്കി ബിലേശയങ്ങൾ പോൽ,
വിലപിച്ചാൽ വിവശൻ വിശാംപതി || 8

ചതിയോ പരിഹാസമോ പ്രിയേ
സതിസീതേ! മറയുന്നതെന്തുനീ |
അതിമുഗ്ദ്ധമുഖേന്ദുമണ്ഡലം
കൊതിയുണ്ടിന്നൊരു കണ്ണു കാണുവാൻ | 9

പതിവിൻപടി രാമനോടു ചേ–
ർന്നതിവിസ്രംഭസുഖം വസിക്കുവാൻ |
മതിനേർമുഖി! നീ മടിച്ചുവെ–
ന്നതിലില്ലീർഷ്യ; കൃതഘ്നനല്ലിഞാൻ? || 10

മതികൌതുകമാർന്ന ശൈശവ–
സ്ഥിതിയിൽച്ചെയ്തൊരു പാണിപീഡനം |
സതിയാൾക്കു നിപീഡനത്തിനുൽ–
ഗ്ഗതിയേററീ, കുരുക്കുനിലെന്നപോൽ || 11

വഴിയിൽ ബ്ഭൃഗുരാമനോടിട–
ഞ്ഞൊഴിവായ്ഗേഹമണഞ്ഞ നാൾ മുതൽ |
മിഴിനീരൊഴിയാതെ വാഴുവാൻ–
കഴിവില്ലാഞ്ഞു കുഴഞ്ഞു കന്മണി || 12

ചെറിയമ്മ പറഞ്ഞ വാക്കു ഞാ–
നറിയാതില്ല; കഴിഞ്ഞതെങ്കിലും, |
മറിമാന്മിഴി കാട്ടുവാണൊര–
മ്മറിമായം മമ മർമ്മഭേദകം || 13

പുരുഹിംസ്ര മൃഗാരവങ്ങളും
തരുമൂലങ്ങളു മാവനങ്ങളും |
ഒരുമിച്ചു വസിച്ചസീതതൻ–
പെരുകും ഭീതികളും സ്മരിപ്പു! ഞാൻ || 14

കളഭാഷിണിയെദ്ദശാനനൻ
കളവായ്ക്കൊണ്ടു കടന്നതോർക്കവേ ।
അളവററ ഹൃദന്തമിപ്പൊഴും_
പിളരുന്നു വചനീയ ഭീതിയാൽ ॥ 15

ഖലരാവണനെസ്സതീവ്രതോ_
ജ്ജ്വലനത്താലധരീകരിച്ചതാൻ ।
നിലനിന്നവിദേഹപുത്രിയെ_
പ്പലമട്ടിൽപ്പഴുതേപ്പഴിച്ചു ഞാൻ ॥ 16

ഉടനഗ്നിപരീക്ഷയാൽജ്ജനോൽ_
ക്കടസന്ദേഹമകററി ജാനകി; ।
സ്ഫുടപാകമിയന്നു കേണ ഏ_
ത്തടഭൂവിൽത്തടവുന്നു വൈഭവം ॥ 17

അതിനപ്പുറമുണ്ടചിന്ത്യമെൻ-
മതിവൈകല്യമസഹ്യവേദനം ।
അതിഗർഭഭരാലസാംഗിയെ_
ച്ചതിയിൽക്കാട്ടിനകത്തുവിട്ടു ഞാൻ ॥ 18

കരതാരിൽ വളർത്തതത്തയെ_
ത്തരസാവേടനു നൽകിടും വിധം ।
പരനും പരിതാപമേററമാ_
ത്തരളാപാസാംഗിയെ ഞാൻ വെടിഞ്ഞുപോയ് ॥ 19

അപവാദഭയം നിമിത്തമാ_
യപരാധം കലരാത്ത ദേവിയെ; ।
അപഥത്തിലണച്ചു; ദൈവമേ_
ന്നപമര്യാദ പൊറുപ്പതെങ്ങിനെ? ॥ 20

ഗുരുഗർഭഭരം ചലിക്കയാൽ_
ക്കരുതിക്കാലടി വെച്ചുമെൻപ്രിയ ।
ഉരുദുഷ്ടമൃഗാവലിക്കു മു_
ന്നൊരുമട്ടെങ്ങിനെ രക്ഷ തേടിടും ॥ 21

പ്രിയജാനകി, ലോകസേവന_
പ്രിയനാമെന്നെ വരിച്ചു കാരണം ।
ഭയവിഹ്വലയായി വാണിടാം,
നിയതംഘാതുക ഭക്ഷ്യമായിടാം ॥ 22

പ്രിയയെന്നു വിളിച്ചുവാൻ മഹാ_
ഭയമെന്നുള്ളിലുദിപ്പു മേല്ക്കുമേൽ ।
യെതൻകഥ വിട്ടു രാമനോ_
പ്രിയമെന്നുള്ള പദാർത്ഥമൂഴിയിൽ! ॥ 23

അരുതോർപ്പതിനെന്തു സാഹസം
കരുതിപ്പോയിഹതാശമെന്മനം ।
ഒരുവേള ജനിച്ചുവെങ്കിലെ_
ന്നരുമക്കുഞ്ഞുകളെങ്ങു വാണിടും? ॥ 24

പലരും പലതും പറഞ്ഞിടാ_
മുലകിന്മട്ടു,ഇപാർത്തിടാതെ ഞാൻ ।
നിലവിട്ടു നടന്ന മൂലമായ്-
ക്കുലനാശത്തിന് ഹേതുഭൂതനായ് ॥ 25

ഒരുമിച്ചു സുഖിച്ചു വാണനാ_
ളൊരുനൂറായിരമല്ലകാംക്ഷിതം ।
നിരുപിച്ചുള്ളതങ്ങു;ളൊക്കെയും_
മരുഭൂവിൽജ്ജലമെന്നപോലെയായ് ॥ 26

ഇരുസന്തതിയെന്നുരച്ചപ്പോ_
യൊരുനാളം ഗർഭഭരം തലോടി ഞാൻ ।
ഒരു പുഞ്ചിരി പൂണ്ടുവെങ്കിലും
ഗുരുതാപാരുണമായ് പ്രിയാമുഖം ॥ 27

നവനീത സമം മനോരമം
നവഗർഭാഭരണം സമുദ്ബണം ।
അവനീസുതതൻ കളേബരം
ശിവനേ! ഹന്ത! വനേ വെടിഞ്ഞു ഞാൻ ॥ 28

വികസത്സുമകോരകോപമം
വികലേന്ദുകലാസുലാളിതം ।
നികടോല്ലസദാത്മജാനനം
മുകരാൻ ഞാനനവാപ്തഭാഗ്യനായ് ॥ 29

നരജന്മമെടുത്തവന്നു, സു_
ന്ദരഭൂലോക സുഖംസ്വദിക്കുവാൻ ।
തരമാക്കുവതെത്രസാത്മജ_
സ്ഫുരമാണാബ്ജമുഖാവലോകനം ॥ 30

നിരുപാധികമായ് ചിരിച്ചുണ_
ഞ്ഞൊരുമെല്ലുന്നവിധം പിതാവിനെ ।
ഉരുമോദമൊടാഞ്ഞു പുൽകുവോ_
രരുമക്കുഞ്ഞുകളാത്മവേദികൾ! ॥ 31

മടിവിട്ടുവിളിച്ചുടനുടൻ
മടിയിൽക്കേറി മനോജ്ഞ വേഷരായ് ।
കളികൊണ്ടു കിടാങ്ങൾ ചേർത്തു ചേ_
വടിമൻചേറലക്കൽകോപമം ॥

പല ജീവിത ചിന്തയിൽ ബ്ഭ്രമി–
ച്ചലയും മർത്ത്യന്ന് ശാന്തിയേന്തുവാൻ |
അലമാത്മജ മന്ദഹാസനി–
സ്തുലമുഗ്ദ്ധാസ്യസരോജമൌഷധം || 33

പുരവാസി ജനാവലിയ്ക്കെഴും–
കരളിന്നും കരളാകുമുണ്ണികൾ–
നരപാലതനൂജ, രാവനാ–
ന്തരഭൂവിൽ!;പ്പുരമെന്തുരപ്പു! ഞാൻ || 34

അപരീക്ഷിതകാരിയാകയാൽ
നൃപധർമ്മം വെടിയേണ്ടിവന്നുഞാൻ |
അപവാദമപേതമാക്കുവാൻ
അപരം മാർഗ്ഗമനേകമില്ലയോ || 35

സഹധർമ്മിണിയെന്ന മാത്രമോ
സഹജം ക്ഷാത്രവുമെന്നെ വിട്ടുപോയ് |
മഹനീയ കുലാങ്കുരങ്ങളാം–
ഗൃഹദീപങ്ങളമസ്തമിച്ചുപോയ് || 36

ശ്വശുരോത്തമനാം വിദേഹനെൻ
ശിശുഘാതക്രിയ കേട്ടുവെങ്കിലേ |
പശുപോലവരിക്കരഞ്ഞിടാ–,
മശുഭം ചെയ്തു വിദേഹനായിടാം || 37

അനർഘകൃത്യ ചെയ്തു വാഴ്കിലും
വിനയാൽ ശാന്തയുമൃശ്യശൃംഗനും |
ജനനീജനവും ഗുരുക്കളും–
മനസാ ജാനകിയെ സ്മരിപ്പു! തേ || 38

അവരെന്നോടു ചൊല്ലി വിട്ടതു–
ണ്ട"വനീനന്ദിതിതന്റെ സൌഹൃദം |
ഭുവനത്രയലഭ്യമെങ്കിൽ നീ–
യവഹേളിക്കരുതെന്നു"പിന്നെയും || 39

ഇവനോഗ്ഗുരുവാക്യസാരവും
ശിവമാം മാനവധർമ്മതത്വവും!
ലവലേശവുമോർത്തിടാതെ താ–
നവമാനത്തിന്നു കാപ്പു കെട്ടിനാൻ || 40

ക്ഷണഭംഗുരരാജപട്ടവും
പണവും പ്രാണനുമിപ്രതാപവും |
ഗുണഗുംഭിതമാകുവാൻ സദാ–
പ്രണയാർദ്രം മുഖമുല്ലസിക്കണം || 41

ഇണവിട്ട കപോതമെന്നപോൽ,
ത്തണലില്ലാത്തതടദ്രുവെന്നപോൽ |
ഒല്ലുണവിട്ടൊരെനിക്കു ഭൂമിയിൽ–
ത്തുണയാരുണ്ടു കൃതാന്തനെന്നിയേ! || 42

ഭുവനത്രയവീരശൂരനെ–
ന്നെവനും വാഴ്ത്തിനരാമനൂഴിയിൽ |
ഭവനം വനമായി; രാജ്ഞിയാം–
ക്കവനത്തിന്നു വനേചരങ്ങളായ് || 43

പുരുമോദത്തൊടു രാമരാജ്യമെ–
ന്നരുളിപ്പോന്ന ജനങ്ങളിന്നിമേൽ |
മരുഭൂതലമെന്നയോദ്ധ്യയെ–
ക്കരുതാം; ഞാനവകേശിയല്ലയോ? || 44

മരണം മുതലേററമൈക്യമായ്–
വരണം ജീവിതമെന്നുറയ്ക്കയാൽ |
വരവാണി വിടാതെ കൂടിനാൾ;
ചിരമായാലമൃതം പുളയ്ക്കമേ || 45

ഒരു തോന്നലിനെന്തുമായിടും,
നിരുപിയ്ക്കും തദനന്തരം നരൻ |
കരുതിക്കഴിവോർക്കുമാവതോ
വരുവാനുള്ളതകററി നിർത്തുവാൻ || 46

പ്രിയഗേഹിനി! നിന്നെ വിട്ടു ഞാൻ–
സ്വയ,മെന്നാലപരാധിയല്ലിതിൽ |
നിയമത്തിന്നു ചെയ്തു സാഹസം
നയനം ഭൂപന്നു ചാരനല്ലയോ? || 47

അയി! ജാനകി! രാമനെപ്പൊഴും
ദയിതേ! നിന്നെ നിനച്ചു ദുഃസ്ഥനായ് |
ഉയിരെന്നുടൽ വിട്ടുപോകിലോ–
ജയിയായ് ഞാൻ, അനുതാപദഗ്ദ്ധനായ്! || 48

കരസംഗ്രഹണത്തിനിപ്പുറം
കരളിൽത്തന്നെ വസിപ്പതെങ്കിലും |
വിരഹവ്യഥയാൽ ദ്ദിവാനിശം–
കരയും കണ്ണുകൾ കാണ്മാതെങ്ങിനെ? || 49

സ്വാപത്തിൽത്തന്റെ മുന്നിൽസ്സരളമസൃണയായ്–
വന്നവൈദേഹിതന്നെ–
സ്വാപത്തിൻ മൂർച്ഛയാൽത്താൻ മൃദുലകരതലം–
കൊണ്ടുപുൽകാനടുക്കേ, |
കോപത്താലെന്നവണ്ണം സുദതിമണിമറ |
ഞ്ഞപ്പൊളുന്നിദ്രനായുരം–
ത്താപത്താൽ താന്തചിത്തൻ രഘുകുലവരനി–
മ്മട്ടുമററം കരഞ്ഞാൻ || 50

# കലയിലെ ആത്മീയവും ഭൌതികവുമായ പാശ്ചാത്തലം.

(വിദ്വാൻ വി. കെ. ബാലൻ)

'കല' ജീവിതത്തിന്നു വേണ്ടിയാണെന്നു് വാദിച്ച് ജീവിതത്തിൽ വിഭാഗീയമായ ചിന്താഗതിഉളവാക്കുന്ന പുരോഗമന വാദികളുടെ കാലമാണല്ലൊ ഇതു്. അവർ കലയിലെന്നല്ല ജീവിതത്തിൻെറ എല്ലാ തുറകളിലും ഈ ഒരു ചിന്താഗതിതന്നെയാണ് വളർത്തികൊണ്ടുപോരുന്നതു്. മനുഷ്യൻ ജീവിക്കുന്നതും പ്രവർത്തിയ്ക്കുന്നതും ആർക്കു വേണ്ടിയാണ്? അവനവന്നുവേണ്ടിയല്ലാതെ മററാക്കെങ്കിലും വേണ്ടിയാണൊ? തീച്ചയായും മററുള്ളവരുടെ സഹകരണമില്ലാതെ, സഹായമില്ലാതെ ഒരുത്തനും ജീവിയ്ക്കാൻ സാദ്ധ്യമല്ല. അതാണത്രെ മനുഷ്യൻ സാമൂഹ്യജീവിയാണ് എന്നൊക്കെ പറയാനുള്ള കാരണം. അങ്ങിനെ ജന്മസിദ്ധമായ മനുഷ്യൻെറ സഹകരണമനോഭാവം ലോകവ്യാപകമായതോതിൽ വളരുന്നു. എന്നാൽ എല്ലാവക്കും ഒരുപോലെയുള്ള സഹകരണമനോഭാവമാണെന്നൊ ഉള്ളതു്. അല്ലന്നു് തീത്തുപറയാം ഒരു പിച്ചക്കാരന്നു് അവൻെറ നിലയ്ക്കുള്ള സഹകരണമല്ലെ ഇന്നു് പ്രതീക്ഷിക്കാൻ വയ്യൂ. അപ്പോൾ ഉള്ളവനെന്നും ഇല്ലാത്തവനെന്നുമുള്ള മനോഭാവമാണ് ഈ സഹകരണത്തിനുള്ള വ്യത്യാസത്തെ സൂചിപ്പിക്കുന്നതു്. കാടത്തം, നാടുവാഴിത്തം, ജന്മിത്തം, മുതലാളിത്തം എന്നീവിവിധ തുറകളിലൂടെ സോഷ്യലിസത്തിൻെറ പൂമച്ചിലേയ്ക്കു് കാലെടുത്തു് കുത്തിയിരിക്കുന്ന മനുഷ്യചരിത്രത്തെ ഒന്നു പരിശോധിച്ചാൽ ഈ വിത്യാസം എങ്ങിനെ വന്നുവെന്നു് മനസ്സിലാക്കാം. ചില പ്രത്യേക വർഗ്ഗങ്ങളോടു്, സ്ഥാപനങ്ങളോടു് പ്രത്യേകമായ എതിർപ്പുകളും ശണ്ഠയും ഉണ്ടായിരുന്നുവെന്നു് ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഒരുത്തൻെറ എന്നുപറഞ്ഞാൽ ഒരു സമൂഹത്തിൻെറ വികാരവിചാരങ്ങളെ വ്രണപ്പെടുത്തുന്ന പ്രതിരോധശക്തികളെ തങ്ങളാൽ ആവുംവിധം എതിർത്തു് തോല്പിയ്ക്കുന്നതിനുള്ള വാസന സ്വാഭാവികമാണ്. ആ എതൃപ്പിൽ ഒരുപക്ഷെ തൻെറ മൂല്യങ്ങളെ അവഗണിച്ചെന്നു് വരാം. എന്തിന്നുവേണ്ടിയാണ് ഈ എതൃപ്പുകൾ ഉണ്ടാകുന്നതു് എന്ന ചോദ്യം ഇവിടെ അവശേഷിയ്ക്കുന്നു. ജീവിതത്തിന്നുവേണ്ടിയല്ലാതെ മറെറന്തിന്നുവേണ്ടിയാണ്? ഉൽപ്പാദനോപകരണങ്ങളുടെ ഗതിവിഗതികൾക്കനുസരിച്ച്, മനുഷ്യനിൽ ഉണ്ടായേക്കാവുന്ന സ്വഭാവവിശേഷങ്ങളുടെ ഊക്കത്തെ ആശ്രയിച്ചായിരിയ്ക്കും അങ്ങിനെ സംഭവിക്കുന്നതു്. അപ്പോൾ ഒരുത്തനിൽ കാണുന്ന സ്വഭാവ വിശേഷങ്ങൾ അവൻെറ ഭാഷയിലും എഴുത്തിലുംമററും കാണുമെന്നതിൽ തക്കമില്ലല്ലൊ? അങ്ങിനെ ഓരോരുത്തരും അവരവരുടെ ആശയഗതിക്കനുസരിച്ച് ചിന്തിയ്ക്കുയും സംസാരിക്കയും, എഴുതുകയും, ചെയ്യുന്നു. ഇങ്ങിനെയാണ് സാഹിത്യത്തിലും കവിയിലും 'ഇസ' ങ്ങൾ കടന്നുകൂടിയിട്ടുള്ളതു് തന്നെ. ഹ്യൂമനിസം, സോഷ്യലിസം, കമ്മ്യൂണിസം. കമ്മ്യൂണലിസം അങ്ങിനെ പോകുന്നു 'ഇസ'ങ്ങളുടെ പട്ടിക. ഒരു 'ഇസ'ക്കാരൻ എഴുതിയ ലേഖനങ്ങളൊ കവിതകളൊ മററിസക്കാരന്നു് നഞ്ചു്പോലെയാണ്: പരസ്പരമുള്ള ഇനവൈരുദ്ധ്യം തീച്ചയായും പരിഹരിയ്ക്കുന്നതിന്നു് സാഹിത്യകാരന്മാർ ഒത്തൊരുമിക്കാതെ തരമില്ല.

ഇത്തരം അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ വേരെട്ടത്ത സാഹിത്യകാരന്മാരും കലാകാരന്മാരും രചിച്ച സാഹിത്യകൃതികളെ പരിശോധിക്കേണ്ടതു് ആവശ്യമാണ്. സ: വി. ടി. ഇന്ദുചൂഡനെഴുതിയ 'കലയും മാർക്സിസവും' എന്ന സാഹിത്യ ഗ്രന്ഥത്തെ ഒന്നു് പരിശോധിക്കാം. കലയും മനുഷ്യനുംതമ്മിൽ എങ്ങിനെ? യഥാത്ഥ കല എങ്ങിനെയുള്ളതായിരിക്കണം, ആരല്ലാമാണ് യഥാത്ഥ കലാകാരന്മാർ, അഥവാ സാഹിത്യകാരന്മാർ? അവരാരെല്ലാം. മാർക്സിയൻ ചിന്താഗതി കലയെ സംബന്ധിച്ചേടത്തോളം എപ്രകാരമാണ്? എന്നൊക്കെ ആ ഗ്രന്ഥത്തിൽ

സ്റ്റാലിന്റേയും ലെനിന്റേയും അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ പരാമർശിച്ചിട്ടുണ്ട്. ഒരു ഭാഗത്ത് ഇങ്ങിനെ പറഞ്ഞിരിക്കുന്നു—"മാനസികവ്യാപാരങ്ങൾക്ക്, ഭൗതികമായ പരിതസ്ഥിതിയിൽനിന്ന് വിട്ട് സ്വതന്ത്രമായ ഒരു നിലനില്പില്ലാത്തതുകൊണ്ട് കല, മതം, വേദാന്തം,.....................മുതലായവയെല്ലാം ഭൗതിക പരിതസ്ഥിതിയുടെ പ്രതിഫലനങ്ങളാണെന്ന് മാർക്സും എംഗൽസും ചൂണ്ടികാണിച്ചു". ഇതിൽനിന്നും വ്യക്തമാകുന്നത് മാനസികവ്യാപാരങ്ങൾ ഭൗതികമായ പരിതസ്ഥിതിയോട് ബന്ധപ്പെട്ട് നിൽക്കുന്നുവെന്നാണല്ലൊ? അപ്പോൾ ഭൗതിക പരിതസ്ഥിതിയുടെ സമ്മർദ്ദനത്തിന് വഴങ്ങേണ്ടിവരികയാണല്ലൊ മാനസിക പ്രവണതകൾ ചെയ്യുന്നത്. ഇവിടെയാണ് നാം മാർക്സിസ്റ്റുകളുടെ ദ്വന്ദാത്മക ഭൗതിക വാദം കാണുന്നത്. ഈ ഭൗതികമായ പരിതസ്ഥിതി ഒരു യഥാർത്ഥ സാഹിത്യകാരന്ന് തടസ്സം ഉണ്ടാക്കുന്നതല്ല. അവന്റെ ആശയം, ധാരണ, ബോധം എന്നിവ ഭൗതികമായ പരിതസ്ഥിതിയോട് മാത്രം ബന്ധപ്പെട്ടല്ലനിൽക്കുന്നതെന്ന് ഗ്രന്ഥകർത്താവ് ഓർക്കാതിരുന്നത് എന്താണാവോ? ഒരു ഉദാഹരണംകൊണ്ടിത് വ്യക്തമാക്കാം. ഒരു അനുഗൃഹീതകലാകാരനായ നടൻ നാടകത്തിൽ കണ്ണുകാണാത്തവനായിട്ടഭിനയിക്കുന്നുവെന്നിരിക്കട്ടെ അയാൾ രംഗത്ത് പ്രവേശിക്കുന്നതോടെ കാണികളുടെ പ്രശംസക്കു പാത്രീഭവിക്കുന്നു. നാടകം കഴിഞ്ഞുപോകുമ്പോൾ ഓരോരുത്തരും ആ അന്ധന്റെ ഭാഗം അഭിനയിച്ച കലാകാരനെ പുകഴ്ത്തുന്നു. ഇതെന്തുകൊണ്ട്? ഒരുപക്ഷെ ഇക്കൂട്ടർ പറയുമായിരിക്കാം—സ്വാഭാവികതയും, ഭൗതികമായ പരിതസ്ഥിതിയുമായുള്ളസാമിപ്യത്തെഅനുവാചകരിൽ ദൃഢമൂലമാക്കേണമെങ്കിൽ ആ നടൻ തന്റെ രണ്ടുകണ്ണും കുത്തിപ്പൊട്ടിച്ച് അതേരൂപത്തിൽ രംഗത്ത് വരണമെന്ന്! വല്ലാത്തൊരു ഭൗതികവാദം "ഭൗതികമായ പരിതസ്ഥിതിയോടിണങ്ങി കിടക്കുന്ന മാനസിക വ്യാപാരത്തെ ഒരു യഥാർത്ഥ കലാകാരൻ തന്റെ ഭാവനയിൽ ഒരു പുതിയ ജീവൻകൊടുത്ത് പുറത്ത് വിടുന്നു". ഇവിടെ 'വ്യക്തിത്വ' മെന്നൊന്നുകൂടി നോക്കേണ്ടതുണ്ട്. 'വ്യക്തിത്വ'ത്തെപററി പറയുമ്പോൾ ആരും നെററിചുളിക്കേണ്ട. കാരണം "സ്റ്റാലിന്റെ വ്യക്തിത്വത്തെ ബഹുമാനിക്കാതിരിക്കാൻ വയ്യ" എന്ന് ഗ്രന്ഥകാരൻതന്നെ സമ്മതിക്കുന്നു. മന്നു ചോദിക്കട്ടെ; ഭൗതികമായ പരിതസ്ഥിതിയുടെതിൽനിന്നും വ്യത്യസ്ഥമാകാത്ത മാനസിക വ്യാപാരമാണല്ലൊ ഓരോരുത്തനിലും ഉണ്ടാകുക എന്നല്ലെ മേൽപറഞ്ഞതിന്റെ വിവക്ഷ. പിന്നെ എന്തുകൊണ്ടാണ് ഒരാളുടെ ചിന്തമാത്രം മഹത്തും, മററുള്ളവരുടെ ചിന്ത മഹത്തരമല്ലാതാകാനും കാരണം? അപ്പോൾ ഈ മാനസീകവ്യാപാരങ്ങളെപററി മൊത്തത്തിൽ ഒരഭിപ്രായം പറയേണ്ടത് സൂക്ഷിച്ചുവേണ്ടിയിരിക്കുന്നു. ഒരേക്ലാസ്സിൽ പഠിക്കുന്ന എല്ലാകുട്ടികളുടേയും മാനസീകവ്യാപാര നില വിത്യസ്ഥമല്ലെ! ഒരേ ടീച്ചറുടെ കീഴിൽ ഒരേക്ലാസ്സിൽ ഒരേ സ്കൂളിൽ ഒരേസമയത്ത് പഠിക്കുന്ന ഈ കുട്ടികളിൽ ഇങ്ങനെയുള്ള വ്യത്യാസം എന്തുകൊണ്ട് കാണുന്നു? അപ്പോൾ കേവലം ഭൗതികമായ പരിതസ്ഥിതിയോട് ബന്ധപ്പെട്ടുകൊണ്ടല്ല മനുഷ്യനും പ്രകൃതിയും നിലനിൽക്കുന്നതെന്ന് നിർവ്വിവാദമാണല്ലൊ? ശാസ്ത്രത്തിനും യുക്തിക്കും അതീതമായ ചില വസ്തുതകളുണ്ടെന്നത് സമ്മതിച്ചേതീരൂ. ആത്മീയമായ ശക്തിവിശേഷമെന്നൊക്കെ അതിനെ നിർവ്വചിച്ചോളൂ. ഭൗതികമായ പരിതസ്ഥിതിയുടെ സമ്മർദ്ദം ഉണ്ടെങ്കിലും ആത്മീയമായ ഒരന്തർപ്രചോദനം അഥവാ വാസനയാണ് ഒരു യഥാർത്ഥ കലാകാരന് മാർഗ്ഗദർശനമെന്ന് വ്യക്തമല്ലെ?

പ്രസ്തുതഗ്രന്ഥത്തിൽ കേരളത്തിൽ ഇന്നേവരെ ഉണ്ടായിട്ടുള്ള തലയെടുപ്പുള്ള കവികളെയെല്ലാം ഗ്രന്ഥകാരൻ ബൂർഷ്വാകവികളായി ചിത്രീകരിച്ചിരിക്കയാണ്. ആരൊക്കെയാണെന്നല്ലെ അറിയേണ്ടത്, പറയാം. മഹാകവി വള്ളത്തോൾ, ജീ; മഹാകവി കുമാരനാശാൻ, ചങ്ങമ്പുഴ, പ്രൊഫസർ മുണ്ടശ്ശേരി ഇവരെല്ലാമാണ്. അതാത്കാലഘട്ടത്തിൽ നിലവിലുള്ള സാമൂഹ്യവും, സാമ്പത്തികവുമായ അനീതികൾക്കെതിരെ സമരം ചെയ്യാൻ ആഹ്വാനംകൊടുത്തില്ലെന്നുള്ളതാണ് ഇവരുടെ പോരായ്മകൾ.

"ഭാരതമാണെന്റെ ജന്മഭൂവാ; ശമ—
ധീരർ ഋഷിശ്രേഷ്ഠരെൻ പ്രപിതാമഹർ
ബോധാർക്കരശ്മ്യങ്കുരങ്ങളുപനിഷൽ
ഗീതങ്ങളെന്നു മെൻകുല വിദ്യകൾ".

എന്ന് വള്ളത്തോൾ പാടിയതും അബദ്ധമായത്രെ. ഇന്ന് ഇന്ത്യൻ ബൂർഷ്വാസി വിദേശ സാമ്രാജ്യത്തിന് എതിരായപ്പോൾ പാടിയതിലാണ് ഗ്രന്ഥകർത്താ

വിന്റെ ഭേദം. ഭാരതം എന്റെ ജന്മനാടാണെന്ന് ഇപ്പോഴെ ഈമഹാകവിക്ക് തോന്നിയുള്ളൂ. ഈ തോന്നൽ കുറച്ച് മുമ്പാകാമായിരുന്നില്ലെ? എന്നെല്ലാമാണ് അദ്ദേഹത്തിന്റെ വാദഗതി. കലാമൂല്യങ്ങളുറന്ന കവിതകൾ രചിച്ച് കേരളത്തിന്റെ കണ്ണും കരളും കുളിർപ്പിച്ച വള്ളത്തോളിനെ പോലെയുള്ള മഹാകവികളെ ബൂർഷ്വാസികളെന്ന് സീലടിക്കാനുണ്ടായ ധൈര്യം വിചിത്രംതന്നെ! എന്നാൽ ഇടക്കാലത്ത് വെച്ച് വള്ളത്തോളിനെ പൊറിട്ട് പൂജിച്ചു പോരുന്നു! ഇന്ന് വള്ളത്തോൾ ബൂർഷ്വായല്ല; സാധാരണക്കാരന്റെ കവിയാണ്! മഹാനായ കവിയാണ്! കാരണം, ഒന്നുരണ്ട് കൊല്ലങ്ങൾക്ക് മുൻപാണ് അദ്ദേഹം റഷ്യയിൽ പോയത്. ഏത് ബൂർഷ്വയും അവിടെ പോയാൽ ബൂർഷ്വയല്ലാതാകുന്നുവെന്ന് താല്പര്യം. മേൽകൊടുത്ത കവിതാശകലത്തിൽ സഖാവ് വിചാരിക്കുന്നപോലെയുള്ള ചോരതിളപ്പോരണ വീര്യമോ കണ്ടില്ലെന്നു വന്നേക്കാം. പക്ഷെ ഭാരതത്തിന്റെ ആ അനശ്വര നാമം എത്രയെത്ര തലമുറകൾ കഴിഞ്ഞാലും മായാത്തവിധത്തിൽ വളരുന്ന തലമുറക്ക് ഉണർവും ഉന്മേഷവും തന്റെ നാടിനെ പററിയുള്ള ബോധവും കൊടുക്കുമെന്ന പരമാർത്ഥത്തെ, സത്യത്തെ മറച്ചുവെച്ച് സ്വന്തം നയപരിപാടികൾക്ക് വിധേയമായ നിലയിൽ കവിതയെഴുതിയില്ലെന്ന കാരണത്താൽ ബൂർഷ്വാസിയെന്നു മുദ്രകുത്തിയത് സഹൃദയത്വത്തിന്റെ അപര്യാപ്തതയെയല്ലേ സൂചിപ്പിക്കുന്നത്?

ചൈതന്യ സമ്പൂർണ്ണവും മനുഷ്യോൽക്കർഷത്തിന്ന് നവംനവങ്ങളായ കവിതകളെഴുതി പന്തീരാണ്ടുകൾക്ക് മുൻപുതന്നെ സഹൃദയാരാധ്യനായ ജി. യെ പററി പറയുന്നത് നോക്കുക:— "മുതലാളിത്ത ശക്തിയോട് പൊരുതാൻ തയ്യാറാവാതെ മുതലാളിത്തത്തിന്റെ ചളിക്കുണ്ടിൽ നിന്ന് കയറാൻ അയഥാർത്ഥവും അശാസ്ത്രീയവുമായ ഒരു സങ്കല്പ ലോകം കെട്ടിപ്പൊക്കി അതിലേക്ക് രക്ഷപ്പെടാൻ ശ്രമിക്കുന്നവരുടെ ചിന്താഗതിയത്രെ മലയാളത്തിലെ മിസ്റ്റിക് കവിയായ ശങ്കരക്കുറിപ്പിൽ കാണുന്നത്." "യന്ത്രലോകത്തിൽനിന്നും ശാസ്ത്രത്തിൽനിന്നും രക്ഷപ്പെടുകയും അതോടൊപ്പം ജനസഞ്ചയത്തെ പററി പലായനവാദികളാക്കിതീർക്കുന്ന കുററവും കൂടി ചുമത്തിയിരിക്കയാണ്. മുതലാളിമാരുടെ നേരെ തിരിഞ്ഞുനിന്ന് ചങ്കുറപ്പോടെ ഒരു വാക്കുപോലും ശബ്ദിക്കാൻ ജി. ക്കു സാധിച്ചില്ല. ജീവാത്മാവെന്നും പരമാത്മാവെന്നും പറഞ്ഞ് കവിത രചിക്കുന്ന ഒരു ഉച്ചഭ്രാന്തൻ". എന്നിങ്ങനെയാണ് ചിത്രീകരിച്ചിരിക്കുന്നത്. പിണങ്ങുവാനല്ല ഇണങ്ങുവാനാണ് മനുഷ്യൻ പഠിക്കേണ്ടത്. ഒരു പുൽക്കൊടി തലപ്പത്ത് ബാലാർക്കപ്രഭയേററ് തിളങ്ങുന്ന തുഷാരത്തിൻതുള്ളിയിൽ ഒരു മനുഷ്യ ജീവിതം മുഴുവനും ദർശിക്കുവാൻ കവിക്കു സാധിച്ചെങ്കിൽ അനന്ത നീലാകാശത്തിൽ വെട്ടിത്തിളങ്ങുന്ന നക്ഷത്ര പ്രഭയിലും മനുഷ്യമനസ്സിനും ഒരെ ഐക്യരൂപം കല്പിക്കാൻ സാധിച്ചെങ്കിൽ പുല്ലിനെകൊണ്ട് മനുഷ്യന് മംഗളം പാടിക്കുവാനുള്ള സഹൃദയഭാവം അദ്ദേഹത്തിനുണ്ടായിരുന്നെങ്കിൽ— ജി. യുടെ വാക്കുകളിൽ തന്നെ ഇങ്ങനെ മറുപടി പറയാം:—

"നിയതി മനുഷ്യന്റെ—
യുൾക്കണ്ണിൽക്കൂടി കാണ്മു
നിജസംവിധാനത്തിൻ
ലക്ഷ്യവും വൈചിത്ര്യവും

നമ്മെ മഹാന്മാരാക്കുന്ന കവികളെ പററി തരംതിരിപ്പനാണെന്ന് പ്രവചിക്കുന്ന ഗ്രന്ഥകർത്താവിന്റെ അഭിപ്രായം ഒരു സഹൃദയനും ന്യായീകരിക്കാൻ സാദ്ധ്യമല്ലതന്നെ. ആ മധുര ഗംഭീരമായ ഓടക്കുഴൽ വിളി അനന്തങ്ങളായ കാലകല്ലോലങ്ങളിലൂടെ നീന്തി നീന്തി വിടരും. ഭാവിതലമുറകളെ കരയിക്കും. ആശ്വസിപ്പിക്കും, ഉന്മേഷഭരിതരാക്കും ജാജ്വല്യമായ ഒരു വിതാനത്തിലെത്തിക്കും.

എന്നാൽ ഇന്ദുചൂഡനെപോലെയുള്ളവർ ഏററവും പുരോഗമനപരവും അഖിലലോക കവിതാമത്സരത്തിലേക്കു തിരഞ്ഞെടുക്കപ്പെടേണ്ടവയെന്ന് കരുതപ്പെടുന്ന ഒരു കവിതയുടെ സാമ്പിൾ ഇതാ—

"സ്വാമി ശരണം, ശരണമെൻറയ്യപ്പാ—കരിഞ്ചന്തക്കാരൻ മല കേറാൻ വരുന്നു—തലിയിലെ കെട്ടോടെ പുലി പിടിക്കേണമേ!" എന്താ നെററി ചുളിക്കുന്നേ? സ: സുഗതന്റെ സമർത്ഥമായ ഭാവനയിൽനിന്ന് ഉതിർന്നുവീണ വരികളാണ്. എന്തൊരു ഭാവന! മഹത്തായ ചിന്താഗതി! ജി, വള്ളത്തോൾ, ചങ്ങമ്പുഴ, കുമാരനാശാൻ ഇവരൊക്കെ പിന്തിരിപ്പന്മാർ. "ബൂർഷ്വാ വിപ്ലവത്തിന്റെ മറെറാരു വശമാണ് ആശാന്റെ കവിതകൾ" വാത്മീകിയുടെ

ഹൃദയം ശരിയായറിഞ്ഞ് ആവിഷ്കരിച്ച മലയാള കവിയായ ആശാനെപററി ഗ്രന്ഥകർത്താവിൻെറ അഭിപ്രായമാണ് മേൽ ചേർത്തത്. താൻ ജീവിച്ചിരിക്കുന്ന കാലത്തെ സമുദായത്തിൻെറ അനാചാരങ്ങളെ, അവർണ്ണസവർണ്ണ മനോഭാവത്തെ വേരറുത്ത് കളയാൻ തൂലികയെ ഒരു വാളായി തന്നെ പ്രയോഗിച്ച വിപ്ലവകവിയായ ആശാൻ ബൂർഷ്വയാണപോലും. ഉത്തമനും പരമാദരണീയനുമായ കവിയെന്ന നിലയ്ക്ക് സമകാലിക പ്രശ്നങ്ങളെ വേണ്ടവിധം കലാപാടവത്തോടെ കൈകാര്യം ചെയ്ത കവി കോകിലമായിരുന്നുവെന്ന് ആർക്കും മറക്കാനാവതല്ല. അവർണ്ണസവർണ്ണ മനോഭാവത്തിൽ നിന്നാണ് ആശാൻെറ കവിതകൾ ഉടലെടുത്തതെന്ന് ഉദാഹരണസഹിതം സഖാവ് എടുത്തു കാണിച്ചിട്ടുണ്ട്. പക്ഷെ മഞ്ഞപ്പിത്തം പിടിപെട്ടാൾക്ക് കാണുന്നതെല്ലാം മഞ്ഞയായേ തോന്നുകയുള്ളു. അതിനാൽ അത്ഭുതപ്പെട്ടിട്ടെന്തു കാര്യം. ചങ്ങമ്പുഴയേയും മുണ്ടശ്ശേരിയേയും തൻെറ രൂക്ഷമായ വിമർശനത്തിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. "സാമ്പത്തികാധ:പതനത്തിൻെറ സന്തതിയാണ് ശ്രീ. ചങ്ങമ്പുഴ കൃഷ്ണപിള്ള" എന്നാണ് അഭിപ്രായപ്പെട്ടിരിക്കുന്നത്. ജീവിതത്തിൻെറ പരുപരുത്ത വശങ്ങളുമായി ഏററുമുട്ടിയതിൻെറ പരാജയ മനോഭാവം ചങ്ങമ്പുഴ കവിതകളിൽ കണ്ടേക്കാം. പക്ഷെ അദ്ദേഹം അങ്ങിനെയുള്ള കൃതികൾ രചിക്കുന്നതിനുള്ള കാരണമെന്ത്? പ്രതിബന്ധങ്ങളെ തട്ടിത്തകർത്ത് മുന്നോട്ട് പോകുക അതാണല്ലൊ ജീവിതം തന്നെ. അതിന്നായി മററുള്ളവർക്ക് ആകമാനം കൊടുക്കുകയാവേണ്ടെ കവികളുടെ ധർമ്മം? എന്നുപ്പെട്ട സംശയങ്ങളാണിത്. ഇതിന്നു മറുപടിയായി ഒന്നേ പറയുവാനുള്ളു. കലാകാരനും സ്വാതന്ത്ര്യമുണ്ട്. "ഭൗതികമായ പരിതസ്ഥിതികളുടെ മാററങ്ങൾക്കനുസൃതമായി മനുഷ്യൻെറ വികാര വിചാരങ്ങൾക്ക് മാററം വന്നുകൊണ്ടിരിക്കും എന്നത് സമ്മതിച്ചേ പററൂ. പക്ഷെ, പരിതസ്ഥിതിയെ മാററി മറിക്കാനും അതോടൊപ്പം പ്രകൃതിയെ കീഴടക്കാനും, അവയെ തനിക്കൊത്ത് രൂപപ്പെടുത്താനും മനുഷ്യന്ന് കഴിയും, കഴിയണം" ഇവിടെയാണ് മാർക്സിസ്റ്റുകാരും മററുള്ള വാദക്കാരും തമ്മിൽ പൊരുത്തമില്ലാത്തത്. ഭൗതികവും ആദ്ധ്യാത്മികവുമായ വാദയുദ്ധം തുടങ്ങുന്നതും ഇവിടെ വെച്ചാണ്. "കാണ ലോകത്തിലാത്മാർത്ഥമായൊരു—ഹൃദയമുണ്ടായതാണെൻ പരാജയം" എന്നു ചങ്ങമ്പുഴ പാടിയിട്ടുണ്ടെങ്കിൽ അതിൽ അദ്ദേഹത്തിൻെറ ഹൃദയമാണ് മന്ത്രിക്കുന്നതെന്ന് മറന്നുപോകരുത്. തനിക്കു പററിയ പരാജയത്തെ തുറന്നു പാടി എന്നുള്ളതുകൊണ്ട് അദ്ദേഹം ബൂർഷ്വയായി പോയോ? ഹൃദയത്തിൻെറ അടിത്തട്ടിൽ നിന്നും ആവിർഭവിച്ച് ഹൃദയത്തിൽ തന്നെ മഥനം നടത്തുന്ന കവിതയല്ലെ, യഥാർത്ഥ കവിത. അത്തരത്തിൽ പെട്ടത്ത കവിയല്ലെ യഥാർത്ഥ കവി? പക്ഷെ മാർക്സിസ്റ്റ് ചിന്തകന്മാർക്ക് ഈ വാദഗതി പിന്തിരിപ്പനായിരിക്കാം! വാഴക്കുലയിൽക്കൂടെ ജനഹൃദയത്തെ ഇളക്കിവിട്ട അനുഗ്രഹീത കവിയായ ചങ്ങമ്പുഴയെ ബൂർഷ്വയാക്കിയതിൽ കൈരളി കണ്ണീർ വീഴ്ത്തുകയാണ്! വിപ്ലവാഹ്വാനത്തിന്ന് നിദാനങ്ങളെന്ന് സാധാരണ ധരിച്ചു വെച്ചിട്ടുള്ള-ചോരച്ചെങ്കൊടി, ബൂർഷ്വാ രണഭേരി, ചെങ്കതിർ എന്നീ പദങ്ങൾ ചേർത്ത് കവിതയെഴുതിയാലെ അതു പുരോഗമനമാകൂ എന്നാണ് ഇവർ ധരിച്ച് വെച്ചിട്ടുള്ളത്. സാഹിത്യകാരനായ മുണ്ടശ്ശേരിയെപ്പററി സ: ഇന്ദുചൂഡൻ തൽഗ്രന്ഥത്തിൽ ഇങ്ങിനെ പറയുന്നു—"വിപ്ലവകരമായ കലയെ പരസ്യമായി എതിർക്കാൻ ധൈര്യമില്ലാതെ, മാർക്സിസത്തെ കൊന്ന് അതിൻെറ തോൽ എടുത്തണിഞ്ഞുകൊണ്ട് വിപ്ലവകരമായ കലയെ തിന്നാൻ വന്നിട്ടുള്ള ചെന്നായ്ക്കളാണ് മുണ്ടശ്ശേരിയും കെ. എസ്സ്. പി. നേതൃത്വവും" ഇന്ന് മുണ്ടശ്ശേരിയെ പററി ഇങ്ങനെയൊരു അഭിപ്രായം പറയാൻ ഗ്രന്ഥകർത്താവ് ധൈര്യപ്പെടുമോ എന്തൊ? പരിതസ്ഥിതിക്കനുസരിച്ച് സ്വഭാവത്തിന്നും, ആശയത്തിന്നും, മാററം വന്നുകൊണ്ടിരിക്കുമെന്നാണല്ലൊ മാർക്സിയൻ സിദ്ധാന്തം. പക്ഷെ സാഹിത്യകാരനായ മുണ്ടശ്ശേരി ഇതിനെ ന്യായീകരിക്കുമോ? അദ്ദേഹത്തിൻെറ രൂപഭദ്രതാവാദമാണ് ഇത്തരം വിമർശനത്തിന്ന് വിധേയനാക്കിയതെന്ന് ആരും സമ്മതിക്കുന്ന പരമാർത്ഥമാണ്. രൂപത്തിന്നും ഭാവത്തിന്നും കോട്ടം തട്ടാതെ കല കൈകാര്യം ചെയ്യുക, അതും മററു പ്രേരണകൾക്ക് വശംവദനാകാതെ. ഇതാണ് രൂപഭദ്രതാ വാദത്തിൻെറ പോക്ക്. ഏതു സാഹിത്യകാരനും തല കുനിച്ച് സമ്മതിക്കുന്ന പരമാർത്ഥമാണിത്. ഇററിടെ "കലകലയ്ക്കുവേണ്ടി" എന്ന വാദം അല്പം മുഴച്ച് നിൽക്കുന്നില്ലേ എന്നൊരുശങ്ക. ഉണ്ട്. പക്ഷെ അത്തരത്തിൽ ശങ്കിക്കുന്നവരുടെ ശങ്കയ്ക്കുള്ളത്ര തൂക്കം ഇതിന്നില്ല. കാരണം-കല മനുഷ്യോൽക്കർഷത്തിന്ന് വേണ്ടിയാണ്. അതോടൊപ്പം തന്നെ കലയ്ക്കും കോട്ടംവരുവാൻ പാടില്ല. 'കല' എന്നൊന്ന് നാം വ്യവഹരിക്കുന്നുണ്ടെങ്കിൽ കൈകാര്യം ചെയ്യുന്നുണ്ടെങ്കിൽ ആ 'കല"യുടെ മേന്മയും

നോക്കേണ്ടതുണ്ട്. എങ്കിൽമാത്രമെ മനുഷ്യോൽക്കർഷത്തിന്ന് തകുന്ന ഭാവങ്ങളും, വികാരങ്ങളും, ചൈതന്യസമ്പൂർണ്ണമായ നിലയിൽ 'കല' യിൽ ഒതുങ്ങിനിൽക്കുകയുള്ളൂ. ചുമരുണ്ടെങ്കിലെ ചിത്രമെഴുതാനൊക്കൂ "അതല്ലാ, രൂപം എന്തായാലും തരക്കേടില്ലാ, പറയാനുള്ളത് പട്ടാങ്ങമായിട്ടങ്ങ് പറയരുതൊ ഇന്ന വാക്കുകളെക്കൊണ്ടേ ഇന്ന ആശയം ദ്യോതിപ്പിക്കൂ എന്നൊന്നുമില്ലല്ലൊ". ഇത്തരം വാദഗതിക്കാർ 'സരോജിനിയുടെ കട്ടംകൈ' എന്ന പുസ്തകം ഒരു ഉൽകൃഷ്ട കാവ്യ ഗ്രന്ഥമായി കണക്കാക്കിക്കൂടെന്നില്ല അതുപോലെ തന്നെ 'കവളപാറകൊമ്പനും.

കലയിലെ പശ്ചാത്തലത്തെപററി ഒരു രണ്ടു വാക്ക്. കലയിൽ അതിന്നുള്ള സ്ഥാനം അദ്വിതീയമാണ് ഒരു ചിത്രകാൻ ഒരു യാചകന്റെ ചിത്രം തന്റെ കലാവൈഭവത്തോടെ വരച്ചുവെന്നിരിക്കട്ടെ പശ്ചാത്തലം യോജിച്ച് വന്നെങ്കിലല്ലയൊ അത് സഹൃദയഹാരിയാകുക? സംഗീതത്തിലും സാഹിത്യത്തിലും മററെല്ലാകലകളിലും ഇതു പോലെ തന്നെയാണ് എന്നാൽ ദേശകാലങ്ങളനുസരിച്ച് അവക്കു് മാററം സംഭവിക്കുന്നുണ്ട്. ഒരു ഇന്ത്യൻ ചിത്രം നമ്മെ ആകർഷിക്കുന്നത്ര ഒരു ചീനന്റെയൊ റഷ്യക്കാരന്റെയൊ ചിത്രം നമ്മെ ആർഷിക്കുന്നില്ലന്നു വരാം. ഇന്ത്യൻ സംഗീതത്തിനുള്ള മാധുര്യവും ഒഴുക്കും റഷ്യൻ സംഗീതത്തിന്നില്ലെന്ന അഭിപ്രായം അവരുടെ സംഗീതം കേട്ട മാത്രയിൽ നാം പാസാക്കും. ഇത്തരത്തിലുള്ള വ്യത്യാസം വരാനുള്ള കാരണം? അതേ, നമ്മുടേതായ ഒരു പരിധിയിലാണ് നാം ജീവിക്കുന്നതും, വളരുന്നതും. നമ്മുടെ ഭാഷാ, നമ്മുടെ ഭൂപ്രകൃതി, നമ്മുടെ ആചാരക്രമങ്ങളും ഇവയെല്ലാം മററുള്ളവരുടേതിൽനിന്നും വ്യത്യസ്ഥമാണ്. അപ്പോൾ ഗ്രന്ഥകർത്താവിന്റെ വാദഗതി അർത്ഥവത്തല്ലന്നും സുതരാം വ്യക്തമാകുന്നു. "ഭൌദിക ജീവിതത്തിന്റെ പ്രതിഫലനത്തിൽനിന്നാണ് ഇത്തരം പശ്ചാത്തലക്രമങ്ങളും ഉടലെടുക്കു"ന്നതെന്നാണ് അദ്ദേഹത്തിന്റെ വാദം. സമ്മതിച്ചുകൊടുക്കേണ്ട വാദഗതിയാണ്. പക്ഷെ ആദ്യം സൂചിപ്പിച്ച വ്യത്യാസങ്ങളെ എങ്ങിനെ ഏകീകരിയ്ക്കാം? എന്നുള്ള പ്രശ്നം വീണ്ടും അവശേഷിയ്ക്കുന്നു.


## ഭ്രാന്തോ? അതു് സാരമില്ല!!

ഭ്രാന്ത്, അപസ്മാരം, എന്നി മാനസീക രോഗങ്ങൾ എത്ര കാലപ്പഴക്കമുള്ളതായാലും ശരി! നിഷ്പ്രയാസം സുഖപ്പെടുത്തണമെങ്കിൽ! വൈദ്യൻ കെ. ജി. കുഞ്ഞുണ്ണിക്കുറുപ്പ് അവർകളെസമീപിക്കുക!



വൈദ്യൻ കെ ജി. കുഞ്ഞുണ്ണിക്കുറുപ്പ്,
P. O. ചേപ്പ് (T. C. STATE

N. B. കൈവിഷത്തിന്നു പ്രത്യേക സിദ്ധൌഷധങ്ങൾ.

# ലീലാ

വിവർത്തകൻ: **വിദ്വാൻ എം. എം. മാധവൻനായർ.**

പ്രഥമഃസർഗ്ഗഃ

(പൂർവ്വാനുബന്ധഃ)

വിദ്വദഗ്രണീഃ സഹൃദയവരേണ്യഃ കുമാര മഹാകവിഃ കേരളീയാനാം പ്രാതഃ സ്മരണീയേഷ്വന്യതമോ മഹാൻ. ആശയഗാംഭീര്യേണ ഔചിത്യദീക്ഷയാ ച മഹാകവിഃ കവനവിഷയേ സമുന്നതമേവ പദമർഹതീത്യത്ര സഹൃദയാഃ പ്രമാണം. യശശ്ശരീരിണസ്തത്രഭവതോ ലീലാഭിധഖണ്ഡകാവ്യസ്യ പരിഭാഷേയം സഹൃദയൈഃ സദയം ശ്രദ്ധേയാ.

(തുടർച്ച)

64 അപഥേന ന സഞ്ചചാര സോ-
പ്യപരാമാകലയന്ന യോഷിതം
നികൃതോപിന തത്രവൈരവാൻ
വിലയം പ്രാപ ചനൈവസൌഹൃദം.

65 നിജഗേഹമുപാഗതോ യദാ
പ്രിയപുത്രീം പരിഹൃത്യവർത്തകഃ
ചരിതം പ്രതിബുദ്ധവാനയം
പരമേഷാനപുരീദദർശനം

66 തദനസ്വസുഹൃത്ഭിരീക്ഷിതഃ
ശ്ലഥധീഃകിഞ്ചിദിവൈഷവിഭ്രമൻ
വരമത്രനകാപിതൽകഥാ
നചവൃത്താന്തലവോപിലഭ്യതേ

67 മൃഗിതസ്സനിധിസ്ത്വയാർത്ഥയാ
ച്യുതഭാണ്ഡഃസതി, ഹന്തവർത്തതേ.
ധൃതിമേഹിശുഭേഗധരാപ്പിതം
ച്യുതിമീയാദിഹപേയമര്യഥഃ

68 പരതോപിയതോദ്യമാമുഹുഃ
പരിതാപാവധിമാപ്തുമന്തരാ
തടിനീവമഹാനിപാതിനീ
വിഹതംപ്രാക്രമതാത്മജീവിതം

69 സഹസാവ്യഥയദ് ഭിക്കോന്മുഖീ
പ്രിയതാസ്യാഹൃദി. ഹന്ത!സഃസ്വയം
നിയതംഹിജനാവലോകനാ
ദപയാതസ്ത്വനയാനുഹേതുനാ

70 അപരാധ്യപിരാഗഭാജനം
പ്രണയിത്വാഃപ്രണയീപരംയദി
മമതാകിയതീഗുണാലയം
പ്രതിവർദ്ധേതനതന്തദാത്മനി.

71 അഥസാകലനായികാദിനാ-
ന്യതിനിന്യേസതതാശ്രുവർഷിണീ.
പിതൃശോകകഥാപ്യയുക്തതാം
പ്രതിസീരേവതിരശ്ചകാരതാം

72 പ്രഥിതംയുവവൃന്ദമാഗതം
ഹൃദയംഹർത്തുമബുദ്ധവൃത്തിയൽ,
വിധുരോഡുഗണാവൃതാപിയാ
ഗതചന്ദ്രേവനിശാവസൽസതീ.

73 സുലഭേതരവസ്തുലിപ്സയാ
കിയതീധീക്ഷതിദാനദുഃസ്ഥിതിഃ
വിദുഷീയ—മാഹേത്ഥമേവഹാ!
കൃതിനഃസ്യുന്നിയതംമനസ്വിനഃ

71 വ്യഥയാനന്ദിഹരിദ്ദശേസമയം
മഹിതംപ്രമദാനാംശുഭശാരദേ.
രജതാചലിതാധിതംബരോ
ശിഖിതപ്താചയതൈലകാന്തയം

75 മ്ലാനാംബാലപ്രത്യുഷാംഭിക്ഷുണൈവം
യാതാതന്ത്യഃപ്രാണനാഥാംവിമോക്ഷ്യം
ആപ്താതന്ത്യാസ്തം ശ്രുതേത്ര്യരലീനാം
ഭാവാംദക്ഷാദ്ധ്യാനലീനേനബുദ്ധഃ

76 അതപിശൈത്യകാംശരദമ്പസാ
തഥ്യവാഗാളിരന്തേ
പ്രത്യായാതാനിധിരിപശുഭാ
ശാരരീനിശ്യനന്യ
ശിശ്യേലീലാസ്മരതസുചിരാ
ദ്ദുഃഖിതാചന്ദ്രികായാം
താമദ്ദ്യേതവ്യകിരദുചിതാം
സൂക്തിമാധ്വീംസഖീയം.

—*—

## ദ്വിതീയഃ സർഗ്ഗഃ

1 ഗിരംനിശമ്യോന്മിഷിതാശപസന്തീ
സസ്നേഹമാളിംസഹസാലസാക്ഷീ
അവശ്യദാത്താനിരപാസ്തഖേദാം
വിഭാതവേലാംനളിനീവതന്വീ.

2 ഉൽബുദ്ധസംജ്ഞാ പ്രതിബുദ്ധഖേദ
മുദക്ഷിപൽബാഹുലതേ കൃശാംഗീ
തദംഗമാലംബ്യസമുൽഗമോൽക്കം
സഖീസമാശ്ലിഷ്യദനൂനരാഗം.

3 സ്ഥിതേനിമേഷം സ്ഥിതിമീക്ഷമാണേ
സംക്രാന്തരാഗേ ഥപരസ്പരേണ
പത്മേളവാം ഭോരയസമ്പ്രയുക്തേ
പത്മാനനേ ഗാഢമഥാഷജേതാം.

4 മമാത്മനാഥഃകപനു,വാത്തഹാനി_
ന്നതസ്യകിംവാ, സഖി,മാംവദതം
തപയൈവസാകം ചിരവിപ്രയുക്തഃ
കസ്മാൽ പ്രിയാലാപിനി, നാഗതോയം

5 ഏവം ജഗാദസാ സഖീം സഹായാം
പ്രേമേത്തരാവീക്ഷ്യ തദാനനേഷാ
സഹാക്ഷണം തന്മൃദുഗാത്രസക്തം
സനാജ്ഞയന്തീസികതാങ്കമസ്ഥാൽ

6 ആചക്ഷ്യതാമാതാ സഖീതിഭ്രയ-
സ്സൈഷാല്പവാഗ്ദ്രാഗുതി തദാരാത്രൽ
ആചക്ഷ ഇത്യാദ്രുതവാഗമൈനാം
ന്യവീവിശത്തൂണ്യതലേവയസ്യാ.

7 ഉവാമമൈനാം, സഖി സംഭവന്തി
സംഭവ്യതാന്യൈജഗതൈഃ, ക്ഷമസ്യ
അഭയപരീണാമി സുജീഹതംതൽ
ക്ഷോണ്യാം സ്ഥിരം സൌഹൃദ മപ്യനാഥം

8 ഭൂയാന്ന ജാനാതിജനോനരാഗം,
ജാനൻ സ്ഥലത്യേവ, തഥാപി സർവ്വം
യന്യസ്ഥിയുക്തം, നതുകാമപൂർത്തി-
രല്ലൈവഹാ! ഭാഗ്യവതാംതുസഖ്യം,

9 വിദ്ദശ്യചേതംസഖി, വല്ലഭസ്തേ
നസപസ്ഥ ഇത്യപ്യഥ സർവ്വദൈവ
ഭയാവഹം ഭാവിന മാദദാമോ
ഭയംവിനാസ്യാദ്ദൃതിഭാഗ്യമേവ.

10 ഇത്യാത്മസഖ്യാവചനാന്തരാല-
മാത്താസമാപൃച്ഛദിയം പ്രിയോല്കാ
സഖ്യാത്മനാഥസ്യതുകൈവഹാനിഃ
കസ്മിത്തടസ്ഥതപുപേക്ഷ്യയേ,തപം

11 നകാവിപന്നാനഷമഭ്യുപേയാ_
ന്നചാഹമജ്ഞാ,വദ,മേന്തരംഗേ
പരംസകൃത്തനുഖദർശനായ
തപരാന്തരം വാസഖി, കിംലഭേയ.

12 ശ്രുതേപദമാളിവിതതാനകമ്പാ
നിഷ്ഷൌതുകം പ്രക്രമതേസ്മവാത്താ_
സ്ഥിതിം വിവിഷ്യൈവവിഡംബനാർത്ഥം
കൃതിംഹിസർവ്വോപ്യുരരീകരോതി.

13 പരംവിദൂരേ, സഖി, ദക്ഷിണാവ_
ഥാഭ്യർണ്ണതോയധനപദ്രവാംപരസ്താൽ
ദിവംവിഘഷ്ത്യയമംബുദാംബ-
രാഡംബരോവിന്ധ്യമഹാമഹീധ്രഃ

# ഭാരതീയായുർവ്വേദം

മഹോപാദ്ധ്യായ കെ. എസ്സ്. നീലകണ്ഠനുണ്ണി

ധർമ്മാർത്ഥ കാമ മോക്ഷങ്ങളായ പുരുഷാർത്ഥങ്ങളെ സാധിക്കുക യെന്നുള്ളതാണല്ലോ മനുഷ്യജന്മത്തിന്റെ പരമോദ്ദേശം. അനന്തകാരുണികനായ ഭഗവാൻ ജഗദീശ്വരന്റെ അരുമസന്താനങ്ങളും, ആത്മാക്കളുമായ നാം അതിന്നായി എത്രമാത്രം പ്രയത്നിക്കുന്നുവോ അത്രമാത്രം സന്തോഷവും ആജ്ഞാനിവഹണത്തിൽ നിന്നുണ്ടാകുന്ന മാഹാത്മ്യവും നമുക്ക് സിദ്ധമാകുന്നു. ഇതിൽനിന്നും വ്യതിചലിച്ച സ്വകൃത്യം എന്തെന്നറിയാതെ അലഞ്ഞുതിരിയുന്ന ഒരു മനുഷ്യന്റെ ആയുസ്സ് നിഷ്ഫലമെന്നു പറയുന്നതിൽ എന്താണു വിരോധം? കേവലം താന്തോന്നിയായി ജീവിതം നയിച്ചതുകൊണ്ടു തനിക്കോ അന്യർക്കോ യാതൊരു പ്രയോജനവും ഉണ്ടാവാനില്ലെന്നുള്ളതും വിശിഷ്യ വക്തവ്യമായിട്ടുള്ളതാണ്. സുഖസാധനോപായങ്ങളെ ഗവേഷണം ചെയ്യുന്നതിൽ സാധാരണ ജനങ്ങളും ബദ്ധശ്രദ്ധരാണ്. എന്നാൽ അവാന്തര സുഖങ്ങളെ ആരാഞ്ഞും, അവാന്തരദുഃഖങ്ങളെത്തന്നെ സുഖങ്ങളെന്നഭിമാനിച്ചും ജീവിതം നയിക്കുകയാണു സാധാരണ ജനങ്ങളുടെ പതിവ്. പുനരാവൃത്തിരഹിതവും ആനന്ദാത്മകവുമായ മോക്ഷം അത്ര സുസാധമല്ല. ഇതിന്നു അനേകകാലത്തെ പരിശ്രമവും സുദൃഢമായ ജ്ഞാനവും അത്യാവശ്യമാകുന്നു. ദീർഘമായ ആയുസ്സും, ബാധാവിരഹിതമായ ശരീരവും, അനല്പമായ മനശ്ശക്തിയും ഉള്ളവർക്കേ ഇതുസാധിതപ്രായമായിത്തീരുകയുള്ളു. അതായതു ആയുസ്സും, ശരീരസുഖവും ഉള്ളവർക്കുമാത്രമെ ജന്മോദ്ദേശ്യം നിറവേറുന്നതിന്നു സാധിക്കുകയുള്ളു. എന്നാണു വന്നുകൂടുന്നതു്. തന്മൂലം ആയുർവ്വർദ്ധനത്തിനും രോഗശാന്തിക്കുമായി ഏറ്റവും ആയുർവ്വേദം അത്യാസിക്തമായിട്ടുണ്ടതാണ്. "ശരീരമാദ്യം ഖലു ധർമ്മ സാധനം" എന്നല്ലെ ആപ്തവാക്യം. ശരീരമില്ലാത്തവന്ന് എന്തുതന്നെ ചെയ്യാൻ സാധിക്കും. ചിത്രകലാനിപുണനായ ഒരാൾക്കു സാമഗ്രീസമ്പത്തി പരിപൂർണ്ണനിലയിൽ എത്തിച്ചേർന്നിട്ടുണ്ടെന്നുതന്നെയല്ല, അന്യാദൃശമായ വാസനാ നൈപുണ്യവും ധാരാളമായിട്ടുണ്ടെങ്കിലും ഭിത്തിയില്ലെങ്കിൽ അവന്റെ താദൃശവിഭവങ്ങളെല്ലാം നിഷ്ഫലമായിത്തീരാനേ ഇടയുള്ളുവല്ലോ.

ഭാരതീയരുടെ ആയുർവേദത്തോളം അത്രമാത്രം പ്രാധാന്യമേറിയ ഒരു ശാസ്ത്രം ഇതഃപര്യന്തം ലോകത്തിൽ എവിടേയും ഉണ്ടായിട്ടില്ലെന്നുള്ള സംഗതി

---

14 ഗിരിർമഹന്മേചകകാന്തിസാനൗ
ബിഭർത്തിയോയം പരിണാഹ്യരണ്യം
പാശ്ചേപരസ്മിൻ കളനാദലോല
രേവാസമുദ്രാഭിമുഖീപ്രയാതി.

15 വിനാവിളംബംസഹിതത്രഗതാ
വ്യലോകയംതേദയിതംവരാംഗി
ദു:സ്ഥോഽപരിജ്ഞേയതരാകൃതിയ:
യഃകോപിനാസ്ത്യസ്യനേഽവനായ.

16 വ്യഥാകുലാത്മാദയനീയഭാവഃ
സ്വയം, പരംഹാ! കൃശഗാത്രയഷ്ടിഃ
ഭവാഗിരി സംപ്ളുഷ്ട മഹീരുഹ്തുല്യ
മുദാരരൂപോഭവദസ്ഥിശേഷഃ

17 മൃഗൈർവിഹംഗൈശ്ചസമം മഹാദ്രേ
ശ്ചരിഷ്യതിപ്രേതസമംതടേഷു
ജനോവിദൂരേ പിവിലോക്യതേചേ
ത്തമാശുദേശംവിമനാജഹാതി.

18 തസ്മാദഹം നിഷ്ഫലിതപ്രയത്നാ
നിസ്സീമസൗഹാർദ്ദനിധേ, നിവൃത്താ.
ദു:സ്ഥാധകൃത്യേഷു കൃതാർത്ഥഭാവ:
കൃതഃ, സമാശ്വാസിതതോസ്യവാർത്താ.

നിമ്മത്സരബുദ്ധികളായ സകലരും സശിരഃകമ്പം സമ്മതിക്കുന്ന ഒരു കാൎയ്യമാണ്. വിവിധരോഗങ്ങൾക്കു നിദാനഭൂതങ്ങളായ കാൎയ്യങ്ങളെകണ്ടു പിടിക്കുന്നതിലും, കേവലം വനൌഷധികളേക്കൊണ്ടും, ധാതപാദിദ്രവ്യങ്ങളേക്കൊണ്ടും രോഗശാന്തിക്കു പൎയ്യാപ്തങ്ങളായ ചികിത്സകൾ നിശ്ചയിക്കുന്നതിലും ഭാരതീയ വൈദ്യശ്രേഷ്ഠന്മാർ അഗ്രഗണ്യന്മാർ തന്നെയാണ്. അനല്പമായ ശാരീരിക ജ്ഞാനവും, യന്ത്രാദി സഹായം മൂലം സാധിക്കാവുന്ന വ്രണശോധനാരോപണാദികളിലുള്ള പാടവവും പുരാതന കാലത്തിൽ ഭാരതീയ വൈദ്യന്മാൎക്കുണ്ടായിരുന്നു എങ്കിലും, ഇപ്പോൾ അവ വിഭാതതാരക പ്രായമായി തീൎന്നിരിക്കുകയാണ്. അന്തസ്സാര വിഹീനമായ പാശ്ചാത്യ പരിഷ്കാരത്തിന്റെ അത്യാവിർഭാവമാണ് ഭാരതീയ ശാസ്ത്രങ്ങൾക്കു വിനാശ കാരണമായിത്തീൎന്നിട്ടുള്ളത്. പുതുമോടിയിൽ ഭ്രമിച്ചു പരിപാവനങ്ങളായ പുരാതനാചാരങ്ങളെ തീരെ ഉപേക്ഷിക്കുന്നതിനു ഭാരതീയരെ പ്രേരിപ്പിച്ച ശക്തി എന്തുതന്നെയായിരുന്നാലും അതിനെ അവജ്ഞാപൂൎവ്വം തിരസ്കരിക്കാതെ നിവൃത്തിയില്ല. അപ്രസക്തമായ ഈ വിഷയം ഇവിടെ നില്ക്കട്ടെ.

ഭാരതീയരായ ഋഷിശ്രേഷ്ഠന്മാർ വിജ്ഞാനാഭിവൃദ്ധിക്കായി സൎവ്വ സുഖങ്ങളേയും ബലികഴിച്ചു നിരന്തര പ്രയത്നം ചെയ്തു വന്നവരാണ്. തത്വാന്വേഷണത്തിന്നായി കാട്ടു കേറിയും, കാട്ടുമൃഗങ്ങളായിട്ടിണങ്ങിയും പ്രശാന്തഗംഭീരമായ രീതിയിൽ പുണ്യശാലാന്തരങ്ങളിൽ താമസിച്ചും പ്രയത്നിച്ചുവന്ന ഇവരുടെ ചരിത്രത്തോളം അത്രമാത്രം പവിത്രമായ ഒരു സംഭവം ഇനി ഒരു കാലത്തും സംഭൂതമാകുകയില്ല, തീൎച്ച തന്നെ. പരാൎത്ഥമായി ജീവിതം നയിച്ച ആ വന്ദ്യ മഹൎഷി പ്രവരന്മാരുടെ വിചാരപരമ്പരകളുടെ ഫലമാണു ഇന്നു നാം കാണുന്ന സകലവിധ പരിഷ്കാരങ്ങളുടേയും ആദികാരണങ്ങൾ. ആദ്യകാലങ്ങളിൽ അരണ്യ പ്രദേശങ്ങളിൽ താമസിച്ചു വന്ന താപസശ്രേഷ്ഠന്മാർ രോഗശമനാൎത്ഥം വനൌഷധികളെ ഓരോന്നോരോന്നായി പരീക്ഷിച്ചു വന്നിരിക്കണം. ഒരാളുടെ ആയുസ്സിൽ ഏതെങ്കിലും ഒരു പുതിയ തത്വം കണ്ടുപിടിക്കുവാൻ കഴിഞ്ഞാൽ അതിനെ മഹാഭാഗ്യമായി കരുതുന്നവരായിരുന്നു അന്നുള്ളവർ. അങ്ങിനെ ഇരിക്കെ ആദികാലം മുതൽ ഓരോരുത്തർ ഓരോ ഔഷധികളെ പരീക്ഷിക്കുകയും ഗുണാഗുണവിവേചനത്തിന്നായി പുറപ്പെടുകയും ചെയ്തു. ഈവിധം കാലാന്തരത്തിൽ പലരുടേയും പരീക്ഷണങ്ങളും നിരീക്ഷണങ്ങളും മൂലം ആയുർവേദം നാമിന്നു കാണുന്ന രീതിയിൽ ആയിത്തീൎന്നു എന്നു വേണം വിചാരിക്കുവാൻ. സൎവ്വപ്രധാനമായ ആയുർവേദത്തിന്റെ ഉല്പത്തി ഏതു വിധത്തിലായാലും സമ്പ്രദായദ്വയം ധന്വന്തരി പരമ്പരാഗതവും, ഭരദ്വാജ പരമ്പരാഗതവുമാണെന്നുള്ളതിൽ വിവാദത്തിന്നു വഴിയില്ല. ധന്വന്തരി രാജൎഷിയും കൂടി ആയിരുന്നുവെന്നാണ് അറിയുന്നത്. അദ്ദേഹം സകല വിദ്യകളുടേയും ആകരമെന്നു പുരാതന കാലങ്ങളിൽ പ്രസിദ്ധമായിരുന്ന കാശിയിൽ തന്നെയാണ് നിവസിച്ചിരുന്നത്. അദ്ദേഹം അവിടെ താമസിച്ചു സുശ്രുതൻ, ഔരഭ്രൻ, ഔപധേനവൻ, പുഷ്കലാവതൻ, കരവീൎയ്യൻ, ഗോപുരരക്ഷിതൻ, മുതലായ ശിഷ്യന്മാരെ ശല്യാംഗപ്രധാനമായ ആയുർവേദ അദ്ധ്യയനം ചെയ്യിച്ചു. ബ്രഹ്മൎഷിയായ ഭരദ്വാജനാകട്ടെ പുനൎവ്വസുവായ ആത്രേയനെ പഠിപ്പിച്ചു. ആത്രേയൻ പാഞ്ചാലരാജ്യത്തിന്റെ തലസ്ഥാനമായിരുന്ന കാമ്പില്യത്തിൽ താമസിച്ചുകൊണ്ടു അഗ്നിവേശൻ, ഭേളൻ, ജതൂകൎണ്ണൻ, പരാശരൻ, ഹാരീതൻ, ക്ഷാരപാണി തുടങ്ങിയുള്ള ബ്രാഹ്മണശിഷ്യന്മാരെ കായചികിത്സാപ്രധാനമായ ശാസ്ത്രവും ഉപദേശിച്ചു. ഈ രണ്ടു സമ്പ്രദായങ്ങളും പ്രസിദ്ധങ്ങളും ശാസ്ത്രജിജ്ഞാസുക്കൾക്കു വിജ്ഞാനപ്രദങ്ങളുമാണെന്നു പറയേണ്ടതില്ലല്ലോ. ഇതിൽ ആദ്യത്തേതിന്നു ധന്വന്തരീസമ്പ്രദായമെന്നോ, സുശ്രുത സമ്പ്രദായമെന്നോ, രണ്ടാമത്തേതിന്നു ഭരദ്വാജ സമ്പ്രദായമെന്നോ, ആത്രേയസമ്പ്രദായമെന്നോ പറയപ്പെടുന്നു. കാലാന്തരത്തിൽ ഈ രണ്ടു വൎഗ്ഗത്തിൽ പെട്ടവരും അവരവരാൽ കഴിയുന്നത്ര ഗ്രന്ഥരത്നങ്ങളെക്കൊണ്ടു ആയുർവേദത്തെ പോഷിപ്പിച്ചിട്ടുണ്ട്.

ഇപ്രകാരം ആയുർവേദത്തിന്റെ ശക്തിമത്തായ പുരോഗമനത്തിൽ പൊതുവെ ഈ രണ്ടംഗങ്ങളിലും കൂടി കാൎയ്യമാത്ര പ്രധാനമായ ഒരു വിഭാഗം കൂടി ഉണ്ടായി. അതായതു ശല്യാപഹൎത്താക്കൾ ശാലാകികൾ, കായചികിത്സകർ, ഭൂതവൈദ്യന്മാർ, കൌമാരവൈദ്യന്മാർ, അഗദതാന്ത്രികന്മാർ, രസായനീകന്മാർ, വാജീകരണീകന്മാർ, ഇങ്ങിനെ എട്ടുവിധമായി ആയുർവേദത്തെ വിഭാഗിക്കേണ്ടി വന്നിട്ടുണ്ട്. ഇതിൽ സുശ്രുതനും, അദ്ദേഹത്തിന്റെ അനുയായികളും ശല്യഹൎത്താക്കളും, വിദേഹാധിപൻ, നിമി, ഗാൎഗ്ഗ്യൻ, കങ്കായനൻ, ഗാലവൻ തുടങ്ങിയുള്ളവർ ശാലാകികളും, അഗ്നിവേശൻ, ഭേളൻ, തുടങ്ങിയുള്ളവരു

ടെ മാർഗ്ഗത്തെ അനുസരിക്കുന്നവരും, ചരകാദികളും, കായചികിത്സകന്മാരും, അശ്വിന്യാദികൾ ദേവവൈദ്യന്മാരും, ജീവകാദികൾ കൌമാര ഭൃത്യന്മാരും, കാശ്യപാദികൾ അഗദതന്ത്രികന്മാരും, ആദിമൻ, നിത്യനാഥൻ, ചന്ദ്രസേനൻ, സോമദേവൻ, നാഗാർജ്ജുനൻ, മുതലായവർ രസായനികന്മാരുമാകുന്നു. വാജീകരണീയന്മാരാകട്ടെ യവനരാജ്യാധികാര സമയത്തിൽ വസിച്ചിരുന്ന വിദ്വാന്മാരാണെന്നാണ ഊഹിയ്ക്കപ്പെടുന്നത്.

ഭാരതീയരായ നമ്മുടെ ഭാഗ്യഹീനതയാലും, കഴിഞ്ഞ ആയിരത്തിൽ പരം വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന രാജ്യത്തെ കലഹങ്ങൾ മൂലം മേൽപറയപ്പെട്ട അമൂല്യങ്ങളായ ഗ്രന്ഥങ്ങളിൽ ഒട്ടുമുക്കാലും നാശഗർത്തത്തിൽ ആണ്ടുപോകുകതന്നെയുണ്ടായി. കായചികിത്സാപ്രധാനങ്ങളായ ഗ്രന്ഥങ്ങളിൽ ഒന്നുംതന്നെ നമുക്കു ഇതുവരെ കിട്ടിയിട്ടില്ല. അന്യങ്ങളായ ഗ്രന്ഥങ്ങളിൽ തന്നെ നമുക്കു ലബ്ധങ്ങളായിട്ടുള്ളവ കേവലം തുച്ഛങ്ങളെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. അവയിൽ പ്രധാനങ്ങളായവ ചരകം, സുശ്രുതം എന്ന രണ്ടു ഗ്രന്ഥങ്ങളാണ്. പ്രായേണ നമുക്കു കിട്ടിയിട്ടുള്ള ഗ്രന്ഥങ്ങൾ തന്നെ മുദ്രണറിഷയങ്ങളായ സ്ഖാലിത്യം ധാരാളമായി വന്നുചേന്നിട്ടുള്ളവയും, അപഭ്രംശബഹുലങ്ങളും ആകുന്നു. വാഗ്ഭടൻ, ശാർങ്ഗധരൻ, ഭാവമിശ്രൻ, ചക്രപാണി, വങ്ഗസേനൻ മുതലായ പണ്ഡിതവരേണ്യന്മാരാൽ ഉണ്ടാക്കപ്പെട്ട ഗ്രന്ഥങ്ങളാകട്ടെ മേൽപറയപ്പെട്ട ഗ്രന്ഥങ്ങളുടെ സംഗ്രഹരൂപങ്ങളായ പരിവർത്തനങ്ങളെന്നു വിചാരിപ്പാനേ ഉള്ളു. നിഘണ്ടുനിദാനാദികൾ വനൌഷധരോഗവിജ്ഞാനാദികളായ ഏകദേശങ്ങളെ മാത്രം പ്രതിപാദിക്കുന്നവയുയാണ്. രസരത്നാകരം, രസേന്ദ്ര ചിന്താമണി, രസരത്നസമുച്ചയം മുതലായ ഗ്രന്ഥങ്ങൾ ഇദാനീന്തനലോകത്തിൽ നിന്ന് ആവിർഭവിച്ചിട്ടുള്ളവയാകുന്നു. പഴയ കാലത്തു ഇവ ദുർല്ലഭങ്ങളായിരുന്നു ഭേളസംഹിത ദക്ഷിണ ഇൻഡ്യയിൽ തഞ്ചാവൂർ രാജധാനിയിലുള്ള ഗ്രന്ഥപ്പുരയിൽ ഇരിപ്പുണ്ടെന്നാണറിയുന്നത്. പകത്തു് എഴുതിയ ഒരു പ്രതി പാശ്ചാത്യ വിദ്വാനായ ഡോക്ടർ ഹൺലി (Dr. Hoernle) യുടെ കൈവശമുണ്ടെന്നു അദ്ദേഹം തന്നെ പറയുന്നു. ഏതായാലും അതു സുലഭമാണെന്നു തോന്നുന്നില്ല. പ്രസ്തുത ഗ്രന്ഥം തന്നെ "ഹാരീതസംഹിത" എന്ന പേരിൽമുദ്രണം ചെയ്തുകാണുന്നുണ്ട്. പക്ഷെ പ്രാചീനത വേണ്ടുവോളമില്ലാത്തവയും അപഭ്രംശബഹുലങ്ങളുമായ ഇവ് ഏതുമാത്രം ആദരണീയമാണെന്നുള്ള കാര്യം വിദ്വജ്ജനവിചാരത്തിന്നായി വിടുകയാണ് ചെയ്യുന്നത്. തല്ക്കാലം നമുക്ക് കിട്ടിയിട്ടുള്ള ഗ്രന്ഥങ്ങൾ പ്രായേണ ഇത്രമാത്രമാണ്. അതിപ്രധാനങ്ങളായ ചരക സുശ്രുതാദിഗ്രന്ഥങ്ങളുടെ കർത്താക്കന്മാർ സുശ്രുതനമാകുന്നുവല്ലോ ചരകൻ പതഞ്ജലിയുടെ അവതാരമെന്നു തന്നെയാണു പറയപ്പെടുന്നത്.

"പാതഞ്ജലമഹാഭാഷ്യ–
ചരകപ്രതിസംസ്കൃതൈഃ
മനോവാക്കായ ദോഷാണാം
ഹർത്രേഹി പതയേ നമഃ"

"യോഗേന ചിത്തസ്യ പദേന വാചാം
മലംശരീരസ്യചവൈദ്യകേന
യോപാകരോത്തം വരദം മുനീനാം
പാതഞ്ജലിം പ്രഞ്ജലിരാനതോസ്മി."

എന്നിങ്ങിനെയുള്ള ഉദാഹരണങ്ങളിൽ നിന്നും ചരകൻ സാക്ഷാൽ പതഞ്ജലി തന്നേയാണെന്നു വന്നുകൂടുന്നു. സർപ്പരാജനായ ശേഷൻ വേദശാസ്ത്രനിപുണനായ ഒരു മഹർഷിയുടെ പുത്രനായി ജനിച്ചുവെന്നും അദ്ദേഹത്തിനു പതഞ്ജലി എന്നായിരുന്നു നാമമെന്നുമാണ് അറിയുന്നത്. പതഞ്ജലി യോഗസൂത്രത്തിനും, ചരകസംഹിതക്കും അന്യോന്യ സംബന്ധവും പല സ്ഥലങ്ങളിലും കാണുന്നുണ്ടുതാനും. രാമഭദ്രദീക്ഷിത വിരചിതമായ പതഞ്ജലി ചരിതത്തിൽ അദ്ദേഹം ചരകസംഹിതാകാരനാണെന്നു മുക്തകണ്ഠം ഉൽഘോഷിക്കുന്നു.

"സൂത്രാണി യോഗശാസ്ത്രേ
വൈദ്യകശാസ്ത്രേ ചസംഹിതാമതുലാം
കൃതവാ പതഞ്ജലി മുനിഃ
പ്രചരയാമാസ ജഗദിദംത്രാതും"

എന്നാൽ പതഞ്ജലി ചരക സംഹിതാ കർത്താവുമാത്രമല്ല, വേറെ പല ഗ്രന്ഥങ്ങളും അദ്ദേഹത്താൽ നിർമ്മിതങ്ങളായിട്ടുണ്ട് എന്നാണറിയുന്നതും. അതുകൊണ്ട് സർവ്വഥാ പതഞ്ജലിയല്ല ചരകൻ എന്നുള്ളവാദം യുക്തിരഹിതമാകുന്നു. സുശ്രുതസംഹിതയാകട്ടെ ഏതുകാലത്തു, ആരാൽ ഉണ്ടാക്കപ്പെട്ടു എന്നറിയുവാൻ നിവൃത്തിയില്ല. സുശ്രുതടീകയിൽ ഉല്ലനൻ പ്രതിസംസ്കർത്താപി നാഗാർജ്ജുന എന്നെഴുതികാണുന്നു. ഇതിൽ നിന്നും ഉല്ലനനു മുമ്പുള്ള വ്യാഖ്യാകാരന്മാർ സുശ്രുതപ്രതിസംസ്കർത്താവു നാഗാർജ്ജുനനല്ലെന്നു വാദി

ച്ചിരുന്നുവെന്നും, എന്നാൽ ഇദ്ദേഹം അതിനെ സ്വീകരിക്കുന്നില്ലെന്നും നാഗാർജ്ജുനൻ തന്നെയാണ് ചരകകർത്താവെന്നാണ അദ്ദേഹത്തിന്റെ അഭിമതമെന്നുമല്ലേ വന്നു ചേരുന്നത്. ചക്രപാണിയാകട്ടെ ചരക പ്രതിസംസ്കർത്തൃത്വം സ്വീകരിക്കുന്നുണ്ടെങ്കിലും തൽക്കർത്താവാണെന്നദ്ദേഹം പറയുന്നില്ല. ഇപ്രകാരം നോക്കുമ്പോൾ നാഗാർജ്ജുനാദികളായ അനേകംപേർ സുശ്രുതസംസ്കർത്താക്കളായിട്ടുണ്ടെന്നു വന്നുകൂടുന്നു. നാഗാർജ്ജുനൻതന്നെയാണ തൽകർത്താവെന്നു ദൃഢമായി പറയുന്നതിനു തക്കയുക്തികൾ ഒന്നും തന്നെ കാണാത്തതുകൊണ്ട ഉല്ലണന്റെ അഭിപ്രായം സ്വീകാര്യകോടിയിൽ എത്തിച്ചേരുന്നില്ല. അഥവാ ഇനി നാഗാർജ്ജുനൻ തന്നെയാണ സുശ്രുതപ്രതിസംസ്കർത്താവ് എന്നു വിചാരിക്കുന്ന പക്ഷവും അനേകം നാഗാർജ്ജുനന്മാരുള്ളതിൽ ഏതാണ് പ്രകൃതനാഗാർജ്ജുനൻ എന്നറിയുവാൻ തക്കപ്രമാണങ്ങൾ ഒന്നുംതന്നെ കാണുന്നില്ല. പ്രാചീനേതിഹാസങ്ങളെ ക്ഷുലങ്കഷമായി പര്യാലോചിക്കുന്ന പണ്ഡിതശ്രേഷ്ഠന്മാർക്ക ഒന്നിലധികം നാഗാർജ്ജുനന്മാരെ കാണ്മാൻ കഴിയും. ലോഹശാസ്ത്രകാരനും, രസതന്ത്രകാരനുമായ നാഗാർജ്ജുനൻ ഒന്നു, കാശ്മീരരാജ്യ ചരിത്രമെന്നു പ്രഥിതമായ രാജതരംഗിണിയിൽ കാണുന്ന ബൌദ്ധരാജാവായ നാഗാർജ്ജുനൻ ഒന്നു വേറെ, ബൌദ്ധേതിഹാസ പ്രസിദ്ധനും, ബൌദ്ധാചാര്യനും, മഹായാനസമ്പ്രദായ പ്രതിഷ്ഠാപകനുമായ നാഗാർജ്ജുനൻ മറ്റൊന്ന്; ഇതിൽ ഒന്നാമതു പറയപ്പെട്ട ആൾ. കക്ഷപുടം, രസരത്നാകരം, മുതലായവയുടെ കർത്താവും നേപാളദേശവാസിയും ആയിരുന്നുവെന്നാണ് തദ്ദേശീയന്മാർ ഇന്നും വാദിക്കുന്നത്. സുശ്രുത പ്രതിസംസ്കർത്താവ് ഇദ്ദേഹമാണെന്നു ഒരു കാലത്തും വരുന്നതല്ല. അങ്ങിനെയായിരുന്നുവെങ്കിൽ സകലരോഗവിനാശത്തിനും, ഒരുപോലെ ഉതകുന്ന രസത്തെപ്പററി—അദ്ദേഹം ഒരു രസതന്ത്രകാരനായിരുന്ന സ്ഥിതിക്കു—എന്തുകൊണ്ട് സുശ്രുതത്തിൽ ഒരിടത്തും ഒന്നും പറയാതെ വിട്ടുകളഞ്ഞു എന്നുള്ള ചോദ്യത്തിന്നു സമാധാനം കാണുന്നില്ല. രൂപ്യാദി ലോഹങ്ങളുടെ ചികിത്സോപയോഗിത്വത്തേയും, ഗുണപൌഷ്കല്യത്തേയും സുശ്രുതത്തിൽ വിവരിച്ചിട്ടുള്ള സ്ഥിതിക്കു പ്രസ്തുത നാഗാർജ്ജുനനായിരുന്നു പ്രതിസംസ്കർത്താവ് എങ്കിൽ തീർച്ചയായും രസത്തെപ്പററിയും പറയുമായിരുന്നുവെന്നു വേണം ഊഹിക്കുവാൻ, ബൌദ്ധരാജാവായ നാഗാർജ്ജുനനാണ സുശ്രുത പ്രതിസംസ്കർത്താവെന്ന് പറയുന്നതിന്നു യാതൊരു യുക്തിയും കാണുന്നില്ല. ബൌദ്ധധർമ്മാചാര്യനും, മാദ്ധ്യമികമതസ്ഥാപകനുമായ നാഗാർജ്ജുനനാണ പ്രതിസംസ്കർത്താവ് എന്നു പറയുകയാണെങ്കിൽ അദ്ദേഹത്തിന്നു വൈദ്യശാസ്ത്രത്തിൽ പരിചയമുള്ളതായി വെളിവാകത്തക്കവണ്ണമുള്ള പ്രമാണങ്ങൾ ഒന്നുംതന്നെ കാണുന്നില്ല. ആകപ്പാടെ നോക്കുമ്പോൾ സുശ്രുത പ്രതിസംസ്കർത്താവ് ആരാണെന്നു നിശ്ചയിക്കുന്നതിന്നു യാതൊരു മാർഗ്ഗവും ഇല്ലാതെയാണിരിക്കുന്നത്. ഇനി വാദത്തിന്നു വേണ്ടി ബൌദ്ധാചാര്യനായ നാഗാർജ്ജുനൻ തന്നെയാണെന്നു പറയുകയാണെങ്കിൽ അദ്ദേഹത്തിന്റെ കാലം രണ്ടായിരം വർഷങ്ങൾക്കു മുൻപായതുകൊണ്ട് പ്രസ്തുത സംസ്കാരത്തിനും അത്രമാത്രം പഴക്കമുണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എന്തിനധികം പറയുന്നു. ഏകദേശം രണ്ടായിരം വർഷങ്ങൾക്കു മുമ്പ് തന്നെ ഭാരതത്തിൽ വിപുലമായ തോതിൽ ആയുർവേദത്തിന്നു പ്രതിഷ്ഠ ലഭിച്ചിരുന്നുവെന്നുള്ളതിന്നു യാതൊരു സംശയവുമില്ല. അക്കാലത്തുതന്നെ സംഹിതാപ്രതിസംസ്കാരങ്ങളും അനവധി വ്യാഖ്യാനങ്ങളും ഉണ്ടാകണമെങ്കിൽ അതിനെത്രയൊ മുമ്പു തന്നെ ആയുർവേദത്തെപ്പററിയുള്ള ചിന്തയും തദീയപോഷണത്തിൽ നിരന്തരമായ പരിശ്രമം പണ്ഡിതലോകത്തിന്നു ഉണ്ടായിരുന്നിരിക്കണം. സംഹിതാപ്രതിസംസ്കാരത്തിന്നു ശേഷമാണ് വാഗ്ഭടൻ, മാധവൻ, വൃന്ദൻ, ചക്രപാണി, വിജയരക്ഷിതൻ, മുതലായ വൈദ്യശാസ്ത്രഗ്രന്ഥകാരന്മാരും നിരവധി വ്യാഖ്യാതാക്കളും ഉണ്ടായിട്ടുള്ളത്. ഇവരുടെ ഗ്രന്ഥങ്ങളെ പഠിച്ചും, ചർവ്വിതചർവ്വണം ചെയ്തും മാത്രമാണ ഇന്നത്തെ വൈദ്യലോകം ചികിത്സാസാമർത്ഥ്യം പ്രകടിപ്പിക്കുന്നത്.

ഭാഷേ—തുടരും.

———x———

## സമസ്യ

..........................................................................
..........................................................................
..........................................................................
..........................വെച്ചീടായ്കിൽ നേടാം ജയം!

കെ. പി. എസ്സ്. നമ്പ്യാർ.

# ഗർഭിണി

എം. വി. ഉണ്ണിത്താൻ

ഒരു ചൂളം വിളിയോടെ തീവണ്ടി നീങ്ങിത്തുടങ്ങി. ഇനി അവർക്കു നാലു സ്റ്റേഷനേ കടന്നുപോകുവാനുള്ളു. സമയം സന്ധ്യയോടടുത്തിരുന്നു. പാടലമായ അന്തിക്കതിരുകളിൽ, അകലെ, വള്ളിപ്പടർപ്പുകൾ കോൾമയിർക്കൊണ്ട് ഇളന്തെന്നലിൽ കൂടി പറവകളുണ്ട് സോത്സാഹം പറന്നുകൊണ്ടിരിക്കുന്നു. പക്ഷെ, അസ്തമനം അടുത്തു കണ്ടതുപോലെ, അവയുടെ കണ്ണുങ്ങൾ പകയ്ക്കുന്നതായി തോന്നി.

വേണു, തള്ളയുമായി ഓരോന്നങ്ങിനെ സംസാരിച്ചുകൊണ്ടിരിക്കുകയാണ്.

അയാളുടെ വാക്കും, ഇടയ്ക്കുള്ള നോട്ടവുമെല്ലാം ആ മകൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

ഒരിക്കൽ വേണു, സ്വാഭിപ്രായമെന്തോ പ്രകടിപ്പിച്ചുംകൊണ്ട്, അവളുടെ മുഖത്തും മെയ്യിലും വികാരഭരിതമായ ദൃഷ്ടികൾ നീട്ടിപിടിച്ചു. പൊടുന്നനെ ആ കന്യക ഒന്നു ചൂളുന്നതായി കണ്ടുവെങ്കിലും, ഒരു ചെറുപുഞ്ചിരിയുടെ മറവിൽ, മന്ദാക്ഷമധുരമായ ഒരു കടാക്ഷം അവളിൽ മിഴിവേറ്റുവാൻ മുതിന്നു.

രാച്ചെന്നതോടെ തീവണ്ടി എറണാകുളം സ്റ്റേഷനിൽ ചെന്നുനിന്നു.

രാത്രിയുടെ ഇരുൾ വീണു ഭൂമുഖം ഇരുണ്ടുകൂടി. അവർ നാലുപേരും വണ്ടിയിൽനിന്നിറങ്ങി. വൈദ്യുതവിളക്കുകൾ ആ ഇരുട്ടൊന്നും കാണാത്തമട്ടിൽ മിന്നിത്തിളങ്ങി. യാത്രക്കുവേണ്ട സൗകര്യം ചെയ്തുകൊടുക്കുവാനെന്നപോലെ വേണു, ആ വൃദ്ധയുടെകൂടെ റിക്ഷക്കാരെ സമീപിക്കുന്നതായികണ്ടു. അയാൾ മടങ്ങിവരുന്നതും കാത്തു രാജനൊരിടത്തു നില്പായി. നാലഞ്ചുനിമിഷം കടന്നുപോയിട്ടുണ്ടാവും. പെട്ടെന്നയാൾ തിരിച്ചെത്തി. 'സ്നേഹിത, ക്ഷമിക്കണം. അവൾക്കിനി ബോട്ടിലാണു യാത്രചെയ്യേണ്ടത്. ബോട്ടിറങ്ങിയാൽ, അര നാഴിക അവൾക്കു നടക്കണമത്രെ. രാത്രിയല്ലേ, എന്നോടു സഹായത്തിനു ഒരുമിച്ചു ചെന്നാൽ കൊള്ളാമെന്നു പറയുന്നു. ഞാൻ നാളെ രാവിലെ എത്തിക്കോളാം. നമ്മൾ നിശ്ചയിച്ച ഹോട്ടലിൽ തന്നെ മുറി വാടകയ്ക്കെടുത്തു സ്നേഹിതൻ അവിടെ കൂടുക. എന്നാൽ...............നാളെ രാവിലെ കാണാം.

ഇത്രയും പറഞ്ഞു് അയാൾ രാജനെ വിട്ടുപോയി. കൂട്ടുകാരനു പറയാനുള്ളതെന്തെന്നു ശ്രദ്ധിച്ചതേയില്ല. എന്തൊരു ബദ്ധപ്പാട്! രാജനാശ്ചര്യപ്പെട്ടു. എന്തു വിഡ്ഢിത്തമാണ് വേണുവിന്? രാ ജ ൻ നോക്കിനില്ക്കെ, വൃദ്ധയും മകളും വേണുവും ഓരോ റിക്ഷയിൽ കയറി വീഥിയിലേയ്ക്കിറങ്ങി അപ്രത്യക്ഷമായി.

പിറേറന്നു പ്രഭാതത്തിൽ വേണു മടങ്ങിവന്നു.

രാജനായാത്രയെകുറിച്ചൊന്നും അന്വേഷിക്കുവാൻ പോയില്ല. പരീക്ഷക്കു പഠിക്കും. പരീക്ഷക്കുപോകും. അങ്ങിനെ ദിവസങ്ങൾ നീങ്ങി. പരീക്ഷയുടെ അവസാനത്തെ ദിവസമാണിന്ന്. ഒരു മണിക്കു കോളേജിൽനിന്നു പോരാം. 3_20ന്റെ ട്രയിനു നാട്ടിലേക്കു മടങ്ങുവാൻ സമയമുണ്ട്. മടങ്ങിയാലോ എന്നായി രാജന്. സ്നേഹിതന്റെ അഭിപ്രായമോ? അയാൾ അനുകൂലിച്ചുമില്ല, പ്രതികൂലിച്ചുമില്ല. 'ഇന്നു നമുക്കു സിനിമ കാണുക' എന്നൊടുവിൽ അയാൾ തീരുമാനപ്പെടുത്തി.

വൈകുന്നേരം പതിവുപോലെ ഇരുപേരും പാർക്കിലേക്കു നടക്കുവാൻ പുറപ്പെട്ടു. കായലിലെ കാ

റമംകൊണ്ടു അവർ ഇരിക്കാറുള്ള ദിക്കിൽ സന്ധ്യക്കു മുമ്പായി എത്തിക്കൊള്ളാമെന്നേററിട്ട് വേണു, ഇട യ്ക്കുവെച്ചു കൂട്ടു പിരിഞ്ഞു്, എന്തോ വാങ്ങുവാനായി ബസാറിലേക്കു പോയി.

സന്ധ്യ കഴിഞ്ഞിട്ടും വേണുവിൻെറ വരവുണ്ടാ യില്ല. സമയം വൈകിയതുകണ്ടു അയാൾ നേരെ, ഒരു പക്ഷെ, ഹോട്ടലിലേക്കു തിരിച്ചിട്ടുണ്ടാവും. രാ ജൻ പിന്നെ കാത്തിരിക്കുവാൻ മുതിർന്നില്ല.

എട്ടുമണിയാകും അയാൾ താമസസ്ഥലത്തെത്തി യപ്പോൾ അവിടെ വേണുവിനെ കണ്ടില്ല. വിളക്കു കത്തിക്കൊണ്ടിരിക്കുന്നതിനാൽ, അവിടെ വന്നിരിക്ക ണം. എന്നാലെവിടെ പോയി? നോക്കിയപ്പോൾ, വട്ടമേശപ്പുറത്തു്, ഒരു കത്തു്, രാജൻെറ വിലാസ ത്തിൽ, ഇരിക്കുന്നതായികണ്ടു. കത്തിലിങ്ങനെ എഴു തിയിരിക്കുന്നു.

'സ്നേഹിതാ,

നിങ്ങളറിഞ്ഞാൽ അനുവദിക്കുകയില്ലെന്നു കരു തി ഈ കപടവൃത്തി തുടങ്ങിയതാണ്. ക്ഷമിക്കുക. നാട്ടിലേക്കു പോകുന്നതിനുള്ളിൽ ഞാൻ ഓച്ചന്തുരു ത്തിൽ ചെല്ലാമെന്നേററിരുന്നു. ഞാനിപ്പോൾ അങ്ങോട്ടു പോവുകയാണ്—ആ തള്ളയുടെ വീട്ടി ലേക്ക്.

ഇന്നു തന്നെ നിങ്ങൾക്കു വണ്ടികയറാമായിരുന്നു. കാര്യങ്ങൾ തുറന്നു പറയാൻ മടിച്ചതിൽ എനിക്കു മാ പ്പുതരിക. ഇനി പുലച്ചയ്ക്കുള്ള ട്രെയിനു നിങ്ങൾ പു റപ്പെടുന്നതു നന്ന്. നാളെ ഒരു വിശേഷദിവസമാണ വിടെ. എനിക്കു മടങ്ങുവാൻ പററുമോ എന്നു സം ശയം. മററന്നാളെയ്ക്കു ഞാൻ വരും. മുറിയുടെ താ ക്കോൽ ഹോട്ടലിൽ ഏല്പിച്ചിരുന്നാൽ മതി.

അലോഗ്യമൊന്നും തോന്നരുതെന്നു പ്രത്യേകം.

സസ്നേഹം വേണു. (ഒപ്പ്)

രാജനാകപ്പാടെ അമ്പരന്നുപോയി. എന്താണി തിനൊക്കെ അർത്ഥം? അല്പനേരം, എഴുന്നു താഴത്തു വെക്കാതെ, ആലോചനയിൽ മുഴുകി...................

വേണു വിവാഹിതനാണ്. ഓച്ചന്തുരുത്തിൽ അ യാൾക്കെന്താണു കാര്യം? പ്രേമത്തിൻെറ പിറകേ ആ നിർധന കുടുംബത്തിലേക്കു കടന്നുചെല്ലുവാൻ അയാ ൾക്കൊരവകാശവുമില്ല. പിന്നെ....................

രാജൻ പുലച്ചക്കു സ്ഥലം വിടുവാൻ തീച്ചയാക്കി ഏതായാലും, സ്നേഹിതൻെറ നിലക്ക് വേണുവിനെ ഒന്നുപദേശിക്കാതിരിപ്പാൻ മനസ്സു വന്നില്ല. കിട ക്കാൻ പോയപ്പോൾ ഇങ്ങിനെ ഒരു കത്തെഴുതിവച്ചു.

സ്നേഹിതാ,

എനിക്ക് നിങ്ങളുടെ ഉദ്ദേശമൊന്നും വ്യക്തമാകുന്നില്ല. കാര്യങ്ങൾ തുറന്നു പറഞ്ഞിരു ന്നെങ്കിൽ, വഴി പിഴക്കാതെ ഞാൻ കാത്തിരുന്നേനെ. എനിക്ക് ചില ആശങ്കകളെല്ലാമുണ്ട്. പക്ഷെ, ഒരു ബി. എ. വിദ്യാർത്ഥി കാമാന്ധതയിലേയ്ക്കു അത്രമേൽ അധഃപതിച്ചുകളയുമോ!

ഒന്നു ഞാൻ ഓർമ്മപ്പെടുത്തട്ടെ. നിങ്ങൾ വിവാഹം കഴിച്ചവനാണ്. മറെറാരുവളുടെ മുമ്പിൽ എന്നെ പോലെ നില്ക്കുവാൻ നിങ്ങൾക്കിനി അർഹതയില്ല. നിങ്ങളുടെ പേരിനെ ആലോചനയില്ലാതെ കളങ്ക പ്പെടുത്താതിരിക്കുക. നാട്ടിൽ വന്നാൽ കാണാമല്ലോ.?

എന്ന് സ്നേഹപൂർവ്വം,

(രാജൻ ഒപ്പ്)

വേണു ഹോട്ടലിലെത്തിയപ്പോൾ, മുറിയുടെ താ ക്കോലും പശവെച്ച ഒരു ലെക്കോട്ടും ഹോട്ടൽക്കാര ൻ അയാളെ ഏല്പിച്ചു.

വേണു സ്നേഹിതൻെറ കത്തു വായിച്ചു നോക്കി. മനസ്സിരുത്തി അതിനെപററി ആലോചിച്ചു. താൻ വിവാഹിതനാണെന്ന കാര്യം ശരിതന്നെ. പക്ഷെ, ആ വിവാഹത്തിൻെറ നിലയും നിറവും എങ്ങിനെ? തൻെറ ഭാഗ്യക്ഷയത്തിന്ന് അച്ഛനും, കാരണവരും കൂടി പണം നോക്കി തൻെറ തലയിൽ കെട്ടിവെച്ച ഒരു മാറാപ്പല്ലേ പരമാർത്ഥത്തിലതു്! ശാന്തിയും സൈപരവും ജീവിതത്തിൽ നിന്നു ആ മാറാപ്പു കെടു ത്തിക്കളഞ്ഞിരിക്കുന്നു. പ്രണയത്തിൻെറ ദിവ്യ സം ഗീതത്തിനെ ചൊല്ലി കാതും കരളും കിടന്നു വീർപ്പുമുട്ടുക! കാരണവരേയും മററും പേടിച്ചു തൻെറ വിവാഹിതയെ വല്ലപ്പോഴുമൊക്കെ താൻ സന്ദർശി ച്ചിരിക്കാമെങ്കിലും, രണ്ടാളും തങ്ങളിൽ നല്ലമാതിരി ഉരിയാടുകപോലും ഉണ്ടായിട്ടില്ല. പിന്നെ, രാജനെ പ്പോലെ, അയാളവിവാഹിതനാണല്ലോ, മറെറാരു വളെ സമീപിപ്പാൻ താനനർഹനാകാം. ആരുടെ കുററമാണതു്? ദാമ്പത്യത്തിൻെറ പേരിൽ, യുവജന ങ്ങളുടെ മനോഭാവത്തെ ആദരിക്കാത്ത സമുദായ വ്യ

വസ്ഥിതി ജീവിതത്തിന നരകം നിർമ്മിച്ചുകൊണ്ടിരുന്നാൽ!...............

വേണുവിനു പശ്ചാത്താപമൊന്നും ജനിച്ചില്ല.

ഭാര്യ വീട്ടുകാരുടെ ധനഗർവവും, രാധയുടെ കുടുംബക്കാരുടെ വിനയാദരങ്ങളും ആ യുവാവിന്റെ ഓർമ്മയിൽ കോളിളക്കമുണ്ടാക്കി. ഒന്നു മനസ്സിനെ എരിപൊരികൊള്ളിക്കുന്ന കൊടുവേനലാണെങ്കിൽ, മറേറതു ശീകരവാഹിയായ ഇളന്തെന്നൽപോലെ, പുഷ്പസുരഭിലമായ വസന്തകാലംപോലെ, മാങ്കൊമ്പുകളിൽ മിഴിയുന്ന കോകില സംഗീതംപോലെ ആകർഷകമാണ്. സ്വ ഭാര്യയുടേതിൽനിന്നു എത്രമാത്രം സരളതകിലിഞ്ഞതാണു രാധയുടെ പ്രകൃതി! കണ്ടിടത്തോളം. ഇന്നലത്തെ പിറന്നാൾ സമ്മാനത്തിന്റെ കഥ! അതു മധുരവും മറക്കാനാകാത്തതുമാണ്. പുലച്ചക്ക് കുളിച്ചുവന്ന രാധയുടെ ചെന്താർമലരിനൊത്ത കരപുടത്തിൽ, അവളുടെ അമ്മയുടെ മുമ്പിൽവെച്ച് എറണാകുളത്തുനിന്നു വാങ്ങിക്കൊണ്ടുപോയിരുന്ന സാരി, അന്യഭാവനക്കോ, അഭിമാനക്ഷതത്തിനോ ഇട വെക്കാത്ത മട്ടിൽ, താൻ സമർപ്പിച്ച സമയം, ലജ്ജാവിവശമായുലഞ്ഞ ചെറുപുഞ്ചിരിയങ്ങിനെ വിടരാൻ തുടങ്ങിയ ആ സ്നിഗ്ദ്ധദൃഷ്ടികൾ എങ്ങിനെ മറക്കുവാൻ കഴിയും? നിശ്ചയമായും, കളങ്കമറിയാത്ത ഒരു ഹൃദയമാണ് ആ നോട്ടത്തിൽ പ്രത്യക്ഷിച്ചിട്ടുള്ളതു അമ്മയുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞുപോയി.... ............പുത്തനായ സാരിയുടുത്തു ചമഞ്ഞൊരുങ്ങി, പ്രഭാതത്തിന്റെ ഇളവെയിലിൽക്കൂടി അനാഭരണമെങ്കിലും, അതികമനീയമായ ആ നവയൗവ്വനം ക്ഷേത്രദർശനത്തിനങ്ങിനെ പുറപ്പെട്ടു പോകുന്ന പോക്ക് വേണുവിന്റെ സ്മരണവീഥിയിൽ പൊന്തിവന്നു. തന്റെ പ്രേമപാത്രമാകേണ്ടവളാണ് ആ സുകുമാരി എന്നു അയാൾക്കുറപ്പു തോന്നി.

കുളിയും ഊണുമൊക്കെ കഴിഞ്ഞു. ഇനി വേണ്ടതെന്താണെന്നായി അയാൾക്ക് ചിന്ത. രാജന്റെ എഴുത്തിലെ താല്പര്യങ്ങളെക്കുറിച്ചു ഒന്നും ആലോചിച്ചില്ല. അയാൾക്കു വീട്ടിലേക്കു പോകണം. പോയില്ലെങ്കിൽ, പരീക്ഷ കഴിഞ്ഞിട്ടെവിടെ എന്നു വീട്ടുകാർ അന്വേഷിക്കില്ലേ? പോരെങ്കിൽ, പണവും കയ്യിൽ തീർന്നിരിക്കുന്നു. രാധയെ വിട്ടുപിരിയുന്ന സംഗതി വേദനാകരമായി തോന്നി പക്ഷെ, തീവണ്ടിയിൽനിന്നു മുളച്ചു രണ്ടു നാലു ദിവസംമാത്രം പ്രായമായൊരുപരിചയം. വേണ്ടിടത്തോളം വളർന്നെത്തിയിട്ടില്ലാത്ത ഒരു മമതാംവെച്ചുകൊണ്ട് ഓച്ചുന്തുരുത്തിൽ തന്നെ കൂടുന്നതും പാടില്ലാത്താണ്. മററു കാണുന്നവർ എന്തു കരുതും? ഒരു ബന്ധുതാവം കല്പിക്കുവാനില്ലെങ്കിൽ, അതപഖ്യാതിയ്ക്കിട വെയ്ക്കുകയല്ലേ? പഴക്കം മനോബന്ധത്തിനുറപ്പു വരുത്തും; ലൗകിക ബന്ധത്തിനു വഴിവെട്ടിത്തരും. ഏതായാലും, നാട്ടിലേക്കു പോയി, പരിചയത്തെ ഭാവിയിൽ സ്നേഹമോ, ബന്ധമോ, ഒക്കെ ആക്കിപ്പകർത്തുവാൻ കൂടക്കൂടെ ഓച്ചന്തുരുത്തിൽ വന്നു പോവുകയാണു ഭേദമെന്നയാൾ തീർച്ചപ്പെടുത്തി.

അന്നുതന്നെവേണു ഷൊറന്നൂർക്ക് തീവണ്ടി കയറി.

വീട്ടിൽ ഒരാഴ്ച താമസിച്ചു. വല്ലപ്പോഴുമൊക്കൊ മാത്രം സന്ദർശിച്ചുവന്നിരുന്ന ഭാര്യാഗൃഹത്തിലേക്ക് അക്കാലത്തു അയാൾ കടക്കാതിരുന്നതിനാൽ, വീട്ടിലാർക്കും ഒരസാധാരണത്വവും തോന്നിയില്ല. അങ്ങിനെ എത്ര ദിവസം അവിടെ കഴിച്ചുകൂട്ടും? രാവിലെ പോരുന്ന സമയം 'അധികം താമസിക്കാതെ........' എന്ന രാധയുടെ സ്നിഗ്ദ്ധ മൊഴികൾ കാതുകളിൽ കിടന്നു മുഴങ്ങി. പ്രേമത്തിന്റെ പരിമളം വീശുന്ന ആ സുന്ദര സ്വരൂപം ഹൃദയത്തിൽ കിടന്നു തിളങ്ങി. ഒരുദ്യോഗത്തിന്റെ കാര്യത്തിനു തിരുവനന്തപുരത്തേക്കാണെന്നു പറഞ്ഞു് അയാളൊരു ദിവസം ഉച്ചക്ക് വീട്ടിൽ നിന്നു പുറപ്പെട്ടു.

നാലഞ്ചുനാഴിക രാച്ചെന്നപ്പോൾ ഓച്ചന്തുരുത്തിൽ എത്തിച്ചേർന്നു. അന്നു മഞ്ഞു കഠിനമായിരുന്നു. സന്ധ്യകഴിഞ്ഞപ്പോഴേയ്ക്കും നീരിളക്കത്തിന്റെ ശല്യം കണ്ടുതുടങ്ങി. രാധയുടെ വീട്ടിൽ കടന്നു ചെന്നതു്, കഠിനമായ തലവേദനയും, തുമ്മലും, നീർവ്വീഴ്ചയുമായിട്ടാണ്. രാത്രി ഭക്ഷണമൊന്നും കഴിക്കാതിരിക്കണമെന്നാണയാൾ കരുതിയതു്. പക്ഷെ, ഊണിനിരിക്കുവാൻ രാധയുടെ നിർബ്ബന്ധം കലശലായി. അവൾ ഒന്നുരണ്ടു ദിവസമായി ശരിക്കു ഭക്ഷണം കഴിച്ചിട്ടെന്നും, ഇപ്പോൾതന്നെ ഇങ്ങിനെയായാൽ മേലിലത്തെ സ്ഥിതി എങ്ങിനെയൊക്കെ വന്നുകൂടുമെന്നും അവളുടെ അമ്മ ഉൽകണ്ഠ പ്രദർശിപ്പിച്ചു. എന്തിന്, ഉച്ചക്ക് ഒരുപിടിച്ചോറുണ്ണാത്ത രാധയെ ഊട്ടുവാൻ വേണ്ടി, ഒടുവിൽ, വേണുവിനു ഇലത്തലക്കൽ അത്താഴത്തിന്നിരിക്കേണ്ടതായ് വന്നു.

[ശേഷം അടുത്ത ലക്കത്തിൽ]

# കൊടുങ്കാററ് വരുന്നു.

———x———

(ഗോപാലകൃഷ്ണൻ കോലഴി)

കൊടുങ്കാററിരമ്പുന്നൂ—മാമക മസ്തിഷ്കത്തിൽ
കൊടുങ്കാററല്ലോ നില്ക്കാൻ വയ്യെനിക്കിനിയൊട്ടും
തകരും കിനാവിന്റെ കണ്ണാടിച്ചില്ലാണെങ്ങും
കഴിയില്ലെനിക്കൊന്നു മുന്നോട്ടു നീങ്ങാൻ പോലും!
പരിവർത്തനത്തിന്റെ വൈജയന്തിയുമേന്തി-
പ്പകലും രാവും നീങ്ങിയെൻ മനോവ്യഥ പോലെ
കൊടുങ്കാ-ററിരമ്പുന്നു കൊടുങ്കാ—ററല്ലോ വീശും
കൊടുങ്കാ-റെറങ്ങോട്ടിനി നീങ്ങും ഞാൻ മനുഷ്യരേ?
അഗ്നിപർവ്വത—മെന്റെ ജീവിതം നിർമ്മിച്ചിട്ടു—
മഗ്നിപർവ്വതം പൊട്ടാനില്ലതാമസമൊട്ടും
വീഴുന്നു മദീയമാം ജീവിത പന്ഥാവിങ്ക—
ലായിരം കട പുഴങ്ങീടിന മരക്കൂട്ടം
തലങ്ങും വിലങ്ങുമായ് കിടക്കും മരങ്ങളേ
വരുന്നുണ്ടോരാടാം ദൂരെ ഞാൻമാത്രമതുകാണ്മൂ!
മരണം—കിനാവിന്റെ വെൺമഴു തേച്ചിട്ടെത്തും—
മരണം—മരങ്ങളെ വെട്ടിനീക്കുവാനത്രേ!
ചിറകററിരിക്കുന്ന വന്മരങ്ങളേ നിങ്ങൾ—
ക്കിനിയും പറക്കുവാൻ തന്നെയോ മനോഭാവം?
ചേതന—മരവിച്ച ചേതന—തരിക്കുന്ന—
ചേതന-യെനിക്കിനി ചിന്തിക്കാൻ പോലും മേലാ
നിസ്സഹായത—പരതന്ത്രത—തിങ്ങും നാട്ടിൽ
മർത്തനായീഞാനന്നേ ജനിക്കാതിരുന്നെങ്കിൽ!
പങ്കില നീ ഞാൻ പക്ഷേ, ജീവിക്കാതിരുന്നെങ്കിൽ........
എങ്കിലീകൊടുങ്കാററിന്നടിക്കാതിരുന്നേനേ!
"മർത്ത്യജീവിതത്തിന്റെ വില കണ്ടെത്താൻ പോലും
ബുദ്ധിയില്ലല്ലോ....?" ശരി....യെങ്ങിനെ ജീവിക്കും ഞാൻ.?
ജീവിതം—പരാജയം—പാപ—മാണെന്നാൽ പിന്നെ—
മരണം മാത്രം മോക്ഷമെന്നു ഞാൻ കരുതുന്നു!
കുടില പ്രഭുക്കളേ! നിങ്ങൾക്കു പാരിൽ സ്വർഗ്ഗം—
പണിയാനിരിക്കുന്ന ദൈവമെന്നൊന്നുണ്ടെങ്കിൽ
പുകയും കരളിന്റെ ചൂടുള്ള നിശ്വാസങ്ങ—
ളുയരുന്നതേററവ നശിക്കാതിരിക്കുമോ?

എന്തിനിദ്ദൈവം....?....പാരം പൊരിയും കരളിന്റെ–
ഗൽഗദം കേട്ടാൽപോലുമലിവില്ലാത്തോനെങ്കിൽ?
പായസ,മവി,ലപ്പ,മാദിയാം നൈവേദ്യങ്ങ–
ളാവതുമീ നാം നൽകിപ്പോററണോ ദൈവങ്ങളെ?

കൊടുങ്കാ–ററിരമ്പുന്നു കൊടുങ്കാ–ററയരുന്ന–
കൊടുങ്കാ,ററങ്ങോട്ടിനി നീങ്ങും ഞാൻ മനുഷ്യരേ?
"പരതന്ത്രതകെട്ടും–ചങ്ങലയെല്ലാം പൊട്ടും"–
കവിയങ്ങിനെ വീണ്ടും പിന്നെയുമാജ്ഞാപിപ്പൂ!

യന്ത്രവും തോക്കും നിർമ്മിച്ചുയരും ശാസ്ത്രത്തിനു–
മിന്നോളം കഴിഞ്ഞില്ലാ മർത്ത്യന്റെ വിശപ്പാററാൻ.
ഇനിയും കഴിയില്ലാ-പിന്നെയെന്തിനു നമ്മ–
ളുലകിൽ കോതിക്കുന്നു വിശക്കാതിരിക്കുവാൻ?

ജീവിതം–പരാജയം–പാപമാണെന്നാൽ പിന്നെ–
മരണം മാത്രം മോക്ഷമെന്നു ഞാൻ കരുതുന്നു!
കദനത്തുടിപ്പിനാൽ ജീവിത ഗ്രന്ഥത്തിന്റെ–
കടലാസ്സിൽ ഞാൻ വീണ്ടുമിത്രയും കുറിക്കട്ടേ!
"നിസ്സഹായത...പരതന്ത്രത... യെല്ലാം തിങ്ങു–
മിജ്ജഗത്തിങ്കലീ ഞാൻ ജനിക്കാതിരുന്നെങ്കിൽ....
പങ്കിലനീഞാൻ പക്ഷേ, ജീവിക്കാതിരുന്നെങ്കിൽ....
എങ്കിലീക്കൊടുങ്കാററിന്നടിക്കാതിരുന്നേനേ!"

---

## സായാഹ്നത്തിൽ

കോമത്തുകാട്ടിൽ സഹദേവൻ (വിദ്യാർത്ഥി)

പശ്ചിമാംബരമെന്നും കുങ്കുമം ചാർത്തീടുമ്പോൾ
പററും ഞാൻ മുടങ്ങാതെ നിത്യവും കായൽക്കരെ!
വിശ്വരംഗത്തിലന്തർല്ലീനമായിരിക്കുന്ന
നശ്വരാഹ്ളാദം നോക്കി നിശ്ചലമിരുന്നീടും!

പൊൻമണിക്കതിരുകൾ കൊത്തിക്കൊണ്ടുല്ലാസത്താൽ
പൊങ്ങിയും താണും കീരസഞ്ചയം പറന്നീടും,
താരിനെത്താലോലിച്ചു തളർന്ന തൈത്തെന്നലാ–
ത്തേന്മണം വഹിച്ചപ്പോൾ സഞ്ചരിച്ചീടും മെല്ലെ!

മാരമക്കൂട്ടങ്ങളിൽ കോകില മിഥുനങ്ങൾ
പ്രേമഗാനങ്ങൾ നന്നായാലപിച്ചിരുന്നീടും!
കായലിൽ ചിലേടത്തു മത്സ്യങ്ങൾ ചാടിപ്പൊങ്ങി
കായികാഭ്യാസം കാട്ടി സ്വച്ഛന്ദം കളിച്ചീടും!

നിയമാങ്കുശങ്ങളില്ലായ്കയാൽ സ്വതന്ത്രന്മാ–
രിവയൊക്കെയും—നരൻതൻ കഥയല്ലോ കഷ്ടം!!
വാർമുകിൽ 'കർട്ടൻ' നീക്കിയപ്പൊഴുതണഞ്ഞിടും
സോമനാം നടൻ നിജ കൂട്ടുകാരോടും കൂടി!

എന്നുമീ വിധം കാണ്മാൻ ഭാഗ്യമുണ്ടായാലെത്ര
ധന്യൻ ഞാൻ—മരണമേ, നിൻപക്കലല്ലോ സർവ്വം!!

# സന്ധ്യയുടെ സമാഗമം

(എ. കെ. ശങ്കരപ്പണിക്കർ, ആലൂര്)

1 വ്യോമപ്രദീപ്താങ്കണ ഭുവിൽനിന്നും-
ഉയൎന്ന കല്ലോല കരങ്ങളാലെ,
ഗ്രഹിച്ചു-വാരാന്നിധി ഭാനുവായൊ-
രമൂല്യമാം കാഞ്ചന കന്ദുകത്തെ

2 കോപിച്ചിരിക്കാമിതുകൊണ്ടമന്ദ-
മീ പ്രാചി, നിസ്തുല്യ നിരാശയോടെ!
അല്ലെങ്കിലാക്കോമളമായ ദിക്കി-
ന്നെന്തിന്നു തൽസ്വഛ മുഖം കറുത്തു?

3 അല്ലല്ല — ലോകത്തെ വിടില്ല— എന്നു-
മസൂയ,യെന്നുള്ളതു സുപ്രസിദ്ധം!
പ്രതീചി തൻ ലോല മുഖം ചുവക്കെ-
കറുത്തതാം പൂൎവ്വദിഗാനനം ഹാ!

4 വാനത്തിലെങ്ങും വരി തെററിടാതെ-
പ്പറന്നു നീഡംപ്രതി-ആ ഖഗങ്ങൾ,
സന്ധ്യാംഗനക്കീയുലകം ചമച്ചു-
മനോജ്ഞമാം മാല്യ ഗണം കണക്കെ!

5 തെളിഞ്ഞ നേത്രങ്ങൾ മിഴിച്ചു നോക്കി
കുമുദതീവൃന്ദമതുല്യ ഹർഷാൽ,
വല്ലീവിലൊലാംഗനമാരെ നൃത്തം-
വെപ്പിച്ചു വീശീ കുളിർതെന്നൽ മന്ദം.

6 എന്തെന്തു്? നിസ്തുല്യ വിലാസമോടി-
പ്രാചീമുഖം സ്വഛത തേടിയെന്നൊ?
വേറൊന്നുമല്ലാശ്ശശി മന്ദ മന്ദ-
മണഞ്ഞീടുന്നുണ്ടതിനാലെയത്രെ!

7 അവൻ കരത്താലുലകത്തിനുള്ള
കറുത്തതാം മൂടുപടത്തെ നീക്കി
സൂക്ഷിച്ചു നോക്കുന്നു-വിയോഗ ദുഃഖ-
നിമഗ്നയെക്കാമുകനെന്നപോലെ!

8 സന്ധ്യേ, തവാനന്ദ സമാഗമം കാ-
ത്തിരിപ്പു ലോകങ്ങൾ നിതാന്തലോലെ!
ത്വൽപുണ്യ പൂൎണ്ണാഗമവേളയിങ്ക-
ലെന്തും മറന്നുജ്ജ്വല ശാന്തി നേടാൻ!

# പുലരി

(വിദ്വാൻ സി. കെ. അപ്പു)

താരകാവലികൾ മങ്ങി
കൂരിരുൾ മറഞ്ഞു
പൊന്നൊളി പുലരി വന്നു
മന്നിടമുണൎന്നു.

തരുലതകളിൽ കുളിരണിതെന്നൽ
നിരുപമമാനന്ദം വീശി
മധുമദമാൎന്ന മധുകരാവലി
മുരളി സ്വാഗതമോതി.

മലരണിക്കാടും മരതകക്കുന്നും
മധുര ഭംഗികൾ കാട്ടി
സുലളിതാനന്ദ പരിമളം ചാൎത്തി
പരവതാനി വിരിച്ചു.

സഞ്ചിതാമോദം കിളികൾ
പഞ്ചമം പൊഴിച്ചു.
പങ്കജങ്ങൾ വികസിച്ചു
പങ്കമെല്ലാം നീങ്ങി.

മധുമധുരിമ തിരളും വാസന്ത
മധുര സ്വപ്നങ്ങൾ പോലെ
മനുജനാനന്ദപ്പുളകം ചാൎത്തുന്ന
അനുപമാനന്ദം തൂകി.

കലിതകൌതുകം കലകൾ ഭാവന
മലർനികുഞ്ജങ്ങൾ തോറും
പുലരും പുലരി പുതുമലർ കലാ-
നിലയമാൎന്നു പോലെ

നന്മയോടിപ്പാരിനെല്ലാം
തന്മയത്വം നൽകി.
ചിന്മയാനന്ദാനുഭൂതി
നമ്മളിൽ വളൎത്തി.

പുലരി പൊന്നൊളി പകരും സൌഹാൎദ്ദ
കല ചമൽക്കാരഭാവം
പുലൎത്തിപ്പാരിനെ പുളകം കൊള്ളിക്കും
പുലരി വെൽക്കുക നീണാൾ.

# സൂര്യൻ

(നെല്ലൂർ രാമചന്ദ്രപണിക്കർ)

ഖഗോളങ്ങളിൽ വെച്ചു നമുക്ക് പ്രത്യക്ഷത്തിൽ ഏററവും വലുതും, തേജോമയവുമായി കാണുന്ന ഒരു ഗ്രഹമാണ് സൂര്യൻ. സൂര്യന്റെ വ്യാസരേഖയുടെ ദീർഘം 866000. നാഴികയാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. സൂര്യൻ ഏററവും ഉഷ്ണമയമായ ഒരു ഗോളമാണ്—എന്നിരിക്കിലും, മേലോട്ടു കയറുന്തോറും ഉഷ്ണം കുറഞ്ഞും, ശൈത്യം വർദ്ധിച്ചുംകൊണ്ടാണ് നമുക്കനുഭവപ്പെട്ടു കാണുക. അതിനുള്ള കാരണം ഭൂമിയെ ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുന്ന വായുമണ്ഡലം ഉഷ്ണത്തെ ശേഖരിച്ചുവെക്കുന്നതുകൊണ്ടാണ്. സൂര്യൻ അസ്തമിച്ചാലും നമുക്കു ചിലപ്പോൾ ഉഷ്ണം തോന്നാറുണ്ട്. അതു വായു സംഭരിച്ചു വെക്കുന്ന ചൂടാണ്—ഭൂമിയിൽ നിന്നു ഉയൎന്നു പോകുന്തോറും വായുമണ്ഡലം സംഭരിച്ചു വെക്കുന്ന ചൂടു കുറയുന്നതുകൊണ്ടാണ് പർവ്വത ശിഖരങ്ങളിലും മററും ഏററവും ശൈത്യം അനുഭവപ്പെട്ടു കാണുന്നത്—എന്നാൽ അതിന്നും ചില മാററങ്ങളുണ്ട്—വായുമണ്ഡലം 200 നാഴിക ഘനത്തിൽ (തടിപ്പിൽ) സ്ഥിതി ചെയ്യുന്നതുകൊണ്ട് അതും കവച്ചുവെച്ചു മേലോട്ടു പോയാൽ സൂര്യന്റെ ചൂട് ക്രമേണ വർദ്ധിച്ചു വരുന്നതായിട്ടായിരിക്കും അനുഭവപ്പെടുക.

നാം നിവസിക്കുന്ന ഭൂമിയിൽ നിന്നു സൂര്യനിലേക്കുള്ള അകലം 920. ലക്ഷം നാഴികയാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. സൂര്യനേക്കാൾ വലിപ്പത്തിലുള്ള നക്ഷത്രങ്ങൾ ധാരാളം ഉണ്ടായേക്കാം—എന്നാൽ അവ സൂര്യനിൽ നിന്നു എത്രയൊ ലക്ഷം നാഴിക ദൂരെ സ്ഥിതി ചെയ്യുന്നതുകൊണ്ടാണ് നമുക്ക് സൂര്യനാണ് ഏററവും വലിയ ഗോളമെന്നു തോന്നുന്നത്—അങ്ങിനെയുള്ള നക്ഷത്ര സമൂഹങ്ങളുടെ കൂട്ടത്തിൽ സൂര്യനും സ്ഥിതിചെയ്തിരുന്നുവെങ്കിൽ ഇന്നു നാം സൂര്യന്നു കൊടുക്കുന്ന പ്രാധാന്യം നഷ്ടപ്പെട്ടു പോകുമായിരുന്നു.

സൂര്യനിലും മേഘങ്ങൾ സ്ഥിതിചെയ്യുന്നതായി ദൂരദർശിനികൊണ്ട് കണ്ടുപിടിച്ചിരിക്കുന്നു. എന്നാൽ അവ നീരാവിയായിട്ടുള്ളവയല്ല—ചില പദാർത്ഥ വിശേഷങ്ങളുടെ ബാഷ്പമായിട്ടാണ് കണക്കാക്കിയത്—കൂടാതെ ചില കറുത്തപുള്ളികളും സൂര്യനിൽ കണ്ടുപിടിച്ചിട്ടുണ്ട്—അവ വർദ്ധിച്ചു കാണുന്തോറും ഭൂമിയുടെ ശക്തിക്കു കൂടുതൽ ശക്തി ഉളവാകുന്നു.

സൂര്യന്റെ പ്രകാശത്തിൽ സപ്തവർണ്ണങ്ങൾ ഉണ്ട്. നാം കാണുന്ന എല്ലാ വസ്തുക്കൾക്കും വർണ്ണം കൊടുക്കുന്നതു സൂര്യരശ്മിയാണ്—ചില വസ്തുക്കളിൽ നാം ഒരേ നിറമാണല്ലൊ നാം കാണുന്നത്. അതിന്നുള്ള കാരണം, സപ്തവർണ്ണങ്ങളിൽ ഒരു വർണ്ണത്തിന്റെ രശ്മിമാത്രം അതിൽ നിറയുന്നതുകൊണ്ടാണ് ഇംഗ്ലീഷുകാർ "പ്രകാശപരിച്ഛേദനയന്ത്രം" എന്നൊന്നു കണ്ടുപിടിച്ചിട്ടുണ്ട്. അതിൽക്കൂടി നോക്കിയാൽ വർണ്ണവ്യത്യാസങ്ങളെ എളുപ്പത്തിൽ മനസ്സിലാക്കുവാൻ സാധിക്കും—ചുരുക്കി പറയുന്നതായാൽ ഒരു സ്ഫടികക്കഷ്ണം സൂര്യന്നഭിമുഖമായി പിടിച്ചു നോക്കിയാൽ ഏഴുവിധം വർണ്ണത്തിൽ സൂര്യരശ്മികളെ നമുക്കു കാണ്മാൻ സാധിക്കും.

സൂര്യന്റെ ഏററവും അടുത്ത ഗ്രഹം ബുധനും, രണ്ടാമത്തേതു ശുക്രനും, മൂന്നാമത്തേതു ഭൂമിയും, നാലാമത്തേതു ചൊവ്വയും, അഞ്ചാമത്തേതു വ്യാഴവും ആറാമത്തേതു ശനിയും, ഏഴാമത്തേതു (Uranus) അരുണനും, അവസാനത്തേതു വരുണനും (Neptune) ആകുന്നു.

ത്രൈലോക്യദീപനായിരിക്കുന്ന ആ രവിതന്നെയാണ് ഈ ഭൂമിയിലുള്ള സർവ്വ ചരാചരങ്ങളെയും വളർത്തിക്കൊണ്ടു വരുന്നത്.

അങ്ങിനെയുള്ള സൂര്യനെക്കൊണ്ടു തന്നെയാണ് ഫലഭാഗത്തിൽ പിതാവ്, ആത്മപ്രഭാവം മുതലായി അനേക സംഗതികൾ പ്രതിപാദിച്ചുറപ്പിക്കുന്നത്.

# സാഹിത്യത്തിലെ മൂല്യം

കെ. കെ. കരുണാകരപ്പണിക്കർ
വിദ്വാൻ ശിരോമണി.

പുലരിവനിതയുടെ തൂമുഖം കുങ്കുമാഭ തേടുമ്പോഴും, പശ്ചിമസൂര്യൻ ഭൂദേവിയെ ചെഞ്ചേല അണിയിക്കുമ്പോഴും, പ്രകൃതിയുടെ വിലാസം കിളികൾ പാടിപ്പുകഴ്ത്തുമ്പോഴും, അംബരതലം താരാവലിതമാകുമ്പോഴും, നമ്മുടെ ഹൃദയം ഒരവാച്യമായ ആനന്ദത്തിൽ ആറാടാറുണ്ട്. എന്നാൽ അത്തരം ആനന്ദം തത്തൽകാലികങ്ങളെ ആകുന്നുള്ളൂ. ആ അഭൌമമായ ആനന്ദം മനുഷ്യഹൃദയത്തിൽ മായാതെ പകർത്തിവെക്കുന്നതിന്നൊരുപകരണമുണ്ട് അതാണ് സഹൃദയഹൃദയാഹ്ലാദജനകമായ സാഹിത്യം. ചിത്രകലക്ക് പ്രസ്തുതസംഗതികളിൽ ചിലതിനെ പകർത്തുവാൻ സാധിച്ചേക്കാം പക്ഷെ അതു ആലോചനാമൃതമല്ലെന്നു അനുഭവം തെളിയിക്കുന്നു മനുഷ്യഹൃദയങ്ങളിലെ വിചാരത്തേയും വികാരത്തേയും നേരെ പകർത്തി പ്രകാശിപ്പിപ്പാനുള്ള കഴിവു സാഹിത്യത്തിന്നുണ്ടെന്നുള്ളതുകൊണ്ടാണ് മറ്റെല്ലാ കലകളുടേയും മുന്നണിയിൽ സ്ഥാനംകൊടുത്തു നാമതിനെ ആരാധിക്കുന്നതു്. പരിഷ്കാരമെന്തെന്നറിയാത്ത ആ ശിലായുഗത്തിലെ മനുഷ്യരുടെ ഹൃദയത്തെക്കൂടി ആനന്ദോത്തരളിതമാക്കുന്നതിന്ന് സാഹിത്യത്തിന്ന് കഴിഞ്ഞിരുന്നുവെന്നുള്ളതു് നിസ്തർക്കമായ വസ്തുതയാണ്. അഥവാ എന്തിന്ന് പ്രാചീനകാലങ്ങളിലേക്കെത്തിനോക്കണം? ഇന്നും പണിയെടുത്തു പരിക്ലാന്തരായ കൃഷീവലന്മാരുടെ കണ്ഠങ്ങളിൽനിന്നു പുറപ്പെടുന്ന ആ നാടോടിപ്പാട്ടുകളും വടക്കൻപാട്ടുകളും നമ്മുടെ ശ്രവണപുടങ്ങളിലെത്തി വിശ്രമിക്കാറില്ലേ? വിശ്രമമില്ലാത്ത വേലകൊണ്ടു വിവശന്മാരായിത്തീരുമ്പോൾ നിശ്ശബ്ദരാകേണ്ടതിന്നു പകരം ഗാനലോലുപന്മാരായിക്കാണുമ്പോൾ ഒരു പക്ഷെ ആശ്ചര്യഭരിതങ്ങളാകുന്ന ഹൃദയങ്ങളേയും കാണുക ദുർല്ലഭമല്ല. അത്തരക്കാർ സാഹിത്യത്തിന്റെ സർവ്വതോപ്രസരമായ ശക്തിവിശേഷം മനസ്സിലാക്കിയിട്ടില്ലെന്നെ വിചാരിക്കാവൂ

അപ്പോൾ എന്തുവന്നുചേരുന്നു?; മിക്കവാറും ക്ലേശഭൂയിഷ്ഠമായ മനുഷ്യജീവിതത്തെ ആനന്ദത്തിന്റെ അമൃതധാരകൾകൊണ്ട് അഭിഷേകംചെയ്യുവാൻ സാഹിത്യത്തിനുള്ള കെല്പ് ഒന്നുവേറെത്തന്നെയാണെന്ന്!

ഇങ്ങനെ നോക്കുമ്പോൾ ആനന്ദം മാത്രമാവില്ലെ സാഹിത്യത്തിന്റെ ഉദ്ദേശം? എന്നു സംശയിച്ചേക്കാം എന്നാൽ ഇതുമാത്രമല്ല, ഇതിൽനിന്നും ഉപരിയായി വേറെയൊന്നുണ്ട്. അതാണ് ഉപദേശം പ്രാചീനജനത ഹൃദയോല്ലാസംമാത്രം ലാക്കാക്കി അതിനെ കൈകാര്യം ചെയ്തിരുന്നതിന്നുള്ള കാരണം അന്നവരുടെ വിചാരശക്തി പ്രവൃദ്ധമായിരുന്നില്ലെന്നുള്ളതാണ്. ഈ വസ്തുത പ്രാചീനവും, അർവ്വാചീനവുമായ കവിതകളിലെ പ്രമേയംതമ്മിൽ തട്ടിച്ചുനോക്കിയാൽ വ്യക്തമാകും ഒരു സാഹിത്യകാരൻ "യദ്വേദാൽപ്രഭുസമ്മിതാദധിഗതം ശബ്ദപ്രധാനച്ചിരം" എന്നു തുടങ്ങുന്നതന്റെ പദ്യത്തിൽ കാവ്യത്തിന്റെ — സാഹിത്യത്തിന്റെ പ്രയോജനം എന്താണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ കാവ്യത്തിൽനിന്നുണ്ടാകുന്ന ഉപദേശം കാന്താസമ്മിതതയോടാണ് താരതമ്യപ്പെടുത്തിയിട്ടുള്ളതു് പതിഭക്തയായ ഒരു വനിത തന്റെ ചേഷ്ടാവിശേഷങ്ങളെക്കൊണ്ട് ഭർത്താവിന്റെ തത്തൽപ്രവൃത്തികളിൽ ഇഷ്ടാനിഷ്ടങ്ങൾ പ്രദർശിപ്പിച്ച് എങ്ങിനെയാണൊ സൽപ്രവൃത്തികളിൽ തല്പരനും അസൽ പ്രവൃത്തികളിൽ തല്പരനല്ലാതെയുമാക്കുന്നതു്, അതുപോലെ, അഭിധാ, ലക്ഷണാ, വ്യഞ്ജനാ എന്നീ വ്യാപാരത്രയങ്ങളെക്കൊണ്ട് അനുവാചകന്മാരെ സൽപഥോന്മുഖരും, അസൽപഥോന്മുഖരാക്കാതെയുമിരിക്കുന്നു കാന്തയുടെ പക്ഷത്തിൽ ഭാവഹാവാദിചേഷ്ടാവിശേഷങ്ങൾ വ്യാപാരങ്ങളെ സംബന്ധിച്ചേടത്തോളം തുല്യമത്രെ

ഈ വിശിഷ്ടോപദേശം വേദത്തിൽനിന്നൊ പുരാണത്തിൽനിന്നൊ നമ്മൾക്കനുഭവപ്പെടുന്നില്ല. വേദം അതാതു പ്രവൃത്തികളിൽ നിർബ്ബന്ധം ചെലുത്തുകയാണ് ഒരു യജമാനനെപ്പോലെ. പുത്രൻ വേണമെന്ന് ആഗ്രഹിക്കുന്ന ഒരു വ്യക്തിയോട് വേദം അധികാരസ്വരത്തിൽ ആജ്ഞാപിക്കുകയാണ്. "പുത്രകാമൊയജേത" എന്ന്. മരണാനന്തരം സ്വർഗ്ഗം കിട്ടണമെന്ന് ആഗ്രഹിക്കുന്ന ഒരാളോട് ആജ്ഞാപിക്കുന്നതിങ്ങനെയാണ് "ജ്യോതിഷ്ടോമേനസ്വർഗ്ഗകാമോയജേത" എന്ന ഈ രണ്ട് വാക്യങ്ങളിലെയും ക്രിയാപദങ്ങൾ വിധിരൂപത്തിൽ പ്രയോഗിച്ചിട്ടുള്ളതിന്റെ സ്വാരസ്യംതന്നെനോക്കുക. വേദശാസനങ്ങളിൽ വിശ്വസിക്കുന്ന ഒരാൾക്ക് ഈ വിധികൾ—ആജ്ഞകൾ നിരസിക്കുക സാദ്ധ്യമാണൊ? അതിനാൽ ഈ യജമാനന്റെ ആജ്ഞകൾ നിഷേധരൂപത്തിൽ തള്ളിവിടുന്നില്ലെന്നെ ഉള്ളൂ. പുരാണമോ? അതൊരു സുഹൃത്തിനെപ്പോലെയാണ്. സമശീഷ്രായ രണ്ടുസുഹൃത്തുക്കളിൽ ഒരാൾ മററെ സുഹൃത്തിനെ ഉപദേശിക്കുകയാണെങ്കിൽ ആ ഉപദേശം അത്രകാര്യമായിച്ചെവിക്കൊള്ളുകയില്ലെന്നുള്ളത് ഏറെക്കുറെ പരമാത്ഥംതന്നെയാണ്. ആ ഉപദേശം തന്റെ ആത്മസത്തയെ ചോദ്യംചെയ്യലായിരിക്കുമെന്നുള്ളതാണ് ആ വിപ്രതിപത്തിയുടെ അടിസ്ഥാനം. അപ്പോൾ പുരാണം രാവണനെപ്പോലെ ആകരുത്, രാമനെപ്പോലെ ആകണം. കൌരവന്മാരെപ്പോലെ ആകരുത്—പാണ്ഡവന്മാരെപ്പോലെ ആകണം എന്നെല്ലാം വ്യംഗ്യരൂപേണ നമ്മെ ഉപദേശിക്കുമ്പോൾ അതിനോടെന്തെന്നില്ലാത്തൊരു വിമുഖതതോന്നുവാൻ എളുപ്പമുണ്ട്.

എന്നാൽ ഈ രണ്ടെണ്ണത്തിൽനിന്നും ഒരു വിഭിന്നമായ സരണിയിൽകൂടിയാണ് സാഹിത്യത്തിന്റെ ഗതി. ആത്മനാഥയുടെ ആത്മാത്ഥമായ അഭിപ്രായത്തിൽ ഒരാസ്വാദ്യത ഉണ്ടായിരിക്കുമെന്നല്ലെ വെക്കേണ്ടതു്. അതിൽ അനുഭവസ്ഥന്മാർ പ്രമാണം. അപ്പോൾ എന്താണ് പറഞ്ഞതു്? സാഹിത്യത്തിൽ ഉപദേശമെന്നൊരംശം പ്രധാനമായിട്ടുണ്ടെന്ന്. അല്ലേ?. ഒരു നാണ്യത്തിന്റെ ഇരുപുറവുമെന്നപോലെയാണ് സാഹിത്യത്തിൽ ഉപദേശവും, ആനന്ദവും. അങ്ങിനെയിരിക്കെ ഉപദേശം മാത്രമായാലും, അതു് സാഹിത്യവിപണിയിൽ വിലപോവുകയില്ല. അപ്പോൾ ഏതു മനസ്സിലാക്കാൻ സാധിക്കുന്നു? ആനന്ദവും ഉപദേശവും തുല്യപ്രധാനമായിരിക്കണമെന്ന്. കാവ്യപാരായണംകൊണ്ട് ആനന്ദം അനുവാചകന്റെ ഹൃദയത്തിൽ മലവെള്ളംപോലെ പ്രവഹിച്ചു തടഞ്ഞുനില്ക്കുന്നു. ആ ആനന്ദത്തിന്റെ മലവെള്ളത്തിൽ ഉപദേശത്തിന്റെ വളം ചേർന്നിരിക്കുന്നുണ്ടാകും. മലവെള്ളംകേറിയ കൃഷിസ്ഥലങ്ങളിൽ അതു വററിപ്പോയതിനുശേഷം വിത്തെറക്കിയാൽ കൃഷി എങ്ങനെയാണൊ ഫലപ്രവൃദ്ധമായിത്തീരുന്നതു്, അതുപോലെ കാവ്യപാരായണത്തിൽനിന്നുണ്ടാകുന്ന ആനന്ദത്തിന്റെ മലവെള്ളം അനുവാചകന്റെ ഹൃദയമാകുന്ന കൃഷിസ്ഥലത്തുനിന്ന് വററിപ്പോയതിനുശേഷം—എന്നു വെച്ചാൽ ഹൃദയമാകുന്ന മൂശയിൽ കിടന്ന് വിചാരത്തിന്റെ ചൂടേററ് ആ ആനന്ദം വററിപ്പോയാലെന്നർത്ഥം—ചിന്തയുടെ ബീജം വിതച്ചാൽ അതിൽനിന്ന് കൂടുതൽ ആസ്വാദ്യതയുണ്ടായിരിക്കും. കുട്ടികൾക്ക് കഷായം കൊടുക്കുമ്പോൾ ആദ്യം ശക്കര കൊടുക്കുന്നില്ലെ അതുപോലെയാണിതും. ആനന്ദത്തിന് മധുരവും, ഉപദേശത്തിന് കയ്പ്പ്, ലാക്ഷണികാത്ഥമായി സ്വീകരിക്കാവുന്നതാണല്ലൊ? അപ്പോളിതു് മനസ്സിലാക്കാൻ സാധിക്കുന്നു. കാവ്യത്തിലെ ഉപദേശാംശം അനുവാചകന്റെ ഹൃദയത്തെ പുടപാകം ചെയ്തെടുക്കുവാൻ ഉപകരിക്കുമെന്ന്.

ഈ അഭിപ്രായത്തിന്നപവാദമായി നമ്മുടെ സാഹിത്യത്തിൽ ധാരാളം കൃതികൾ ഉണ്ടായിട്ടില്ലേ? ഉണ്ട്. ആ വെണ്മണി കൃതികളും മററും. എന്നാൽ ആ പ്രസ്ഥാനത്തിന് എത്രകണ്ട് വളച്ച്യുണ്ടായിട്ടുണ്ട്? അതു ജനതാമദ്ധ്യത്തിൽ എത്രകണ്ടധികാരം ചെലുത്തി? ഏതൊരു പ്രസ്ഥാനവും ജനങ്ങൾക്കിഷ്ടപ്പെട്ടാലല്ലെ വളന്നുവരിക അപ്പോൾ ആ പ്രസ്ഥാനത്തിന്റെ കൂമ്പടഞ്ഞുപോയതെന്തുകൊണ്ട്? വെറും ആനന്ദപ്രധാനമായതുകൊണ്ടാണോ? ഇതിന്നുത്തരം കണ്ടുപിടിച്ചാൽ ആ പൂർവ്വപക്ഷത്തിന്ന് സമാധാനമായി.

ഭാഷാസാഹിത്യത്തിന്റെ അക്രമമായ വളർച്ചയിൽ ഈ ഉപദേശപ്രാധാന്യവും തെളിഞ്ഞുകാണാവുന്നതാണ്. ആ ഉപദേശം ചിലപ്പോൾ സത്യത്തിൽനിന്നോ, സൌന്ദര്യത്തിൽനിന്നോ, വികാരത്തിൽനി

ന്നോ ആകാമെന്നുമാത്രം വ്യത്യാസം. ആശാൻ, വള്ളത്തോൾ, ഉള്ളൂർ, ജി, മുതലായ സാഹിത്യസാമ്രാട്ടുകളുടെ തങ്ങൾ പ്രധാനങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന ഒന്നാണ് ഈ തത്വം. ഇടക്കാലത്തുവെച്ച് സാഹിത്യത്തിന്റെ ചരിപരിച്ചയിൽനിന്ന് രൂപം പൂണ്ട ഒന്നാണല്ലോ പുരോഗമന സാഹിത്യം—അഥവാ—ജീവത്സാഹിത്യം സാഹിത്യത്തിന്റെ പരമലക്ഷ്യത്തിൽനിന്ന് ആ പ്രസ്ഥാനം വ്യതിചലിപ്പാൻ തുടങ്ങി. സാധാരണജനങ്ങളുടെ ജീവിതത്തിലേക്ക് ഇറങ്ങിവന്ന് സാഹിത്യം പ്രവർത്തനം നടത്തണമെന്ന് ആ പ്രസ്ഥാനക്കാർ നിർബ്ബന്ധിച്ചതിന്റെ ഫലമായി വെറും പത്രറിപ്പോർട്ടിനെപ്പോലെയായി കവിത. കവിതക്ക് ചില സങ്കേതികവശങ്ങളുണ്ട്. ആ വശത്തിന്നിടിവുതട്ടുമ്പോൾ അതിന്റെ ആസ്വാദ്യത കുറയുന്നു. ആ ഫലം ഇപ്പോൾ പുറത്തെറങ്ങുന്ന മിക്ക സാഹിത്യകൃതികളിലും കാണ്മാനുണ്ട്. ഇന്ന് ജീവിക്കുന്ന ! ഏത് കവിതകളും ജീവിതസ്പർശിയാണ്. ഇന്ന് ജീവിക്കുന്നു എന്നതുകൊണ്ട് പുരോഗമനസാഹിത്യത്തിന്റെ ചട്ടക്കൂട്ടിൽ ഒതുങ്ങാതെ സാഹിത്യലോകത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള കൃതികളെന്നാണ് വിവക്ഷ. ആധുനികസാഹിത്യകൃതികളിൽ എത്രശതമാനം വായിക്കത്തക്കവയായുണ്ട്? നന്ന തുച്ഛം മാത്രം. ഇക്കൂട്ടത്തിൽതന്നെ ! വിചരിത്തിവിശേഷമുള്ള കവിതകളും ഇല്ലെന്നില്ല. എന്നാലവയിലും കലയുടെ മൂല്യം കളഞ്ഞുകുളിച്ചതുപോലെയാണ്. കവിതാപാരായണംകൊണ്ട് സംസ്കാരസമ്പന്നരാകേണ്ട അനുവാചകന്മാർ അതിന്നു വിപരീതരായിത്തീരുമ്പോൾ, അത്തരം കവിതകളെപ്പറ്റി നാമെന്തൊരഭിപ്രായമാണ് പുറപ്പെടുവിക്കുക? രാഷ്ട്രീയ നീതിസംഹിതകളും സൂക്ഷ്മമായി ചിന്തിക്കുമ്പോൾ മതാചാരങ്ങളും സമാധാനപരമായി ജീവിതം നയിക്കുന്നതിന്ന് മനുഷ്യർക്ക് അത്യന്താപേക്ഷിതങ്ങളത്രെ. അത്തരം നീതിസംഹിതകളിലും മതാചാരങ്ങളിലും അനീതിയുടെ സ്പർശമുണ്ടെങ്കിൽ, അതിനെ ഉന്മൂലനം ചെയ്യുന്നതിന്ന് സാഹിത്യത്തിന്റെ മുദ്ഗലങ്ങളായ കരങ്ങൾക്ക് ശക്തി നന്നേകുറവാണ്. എന്നുവെച്ച് രാഷ്ട്രീയ പ്രബുദ്ധതക്കും സാമുദായോദ്ധൃതിക്കും ഇതുപകരിക്കയില്ലെന്ന് നിശ്ശേഷം അർത്ഥമാക്കേണ്ടതില്ല. ആശാന്റെയും വള്ളത്തോളിന്റെയും കവിതകൾ ഈ വിഷയത്തിൽ വിസ്മരിക്കുകയെന്നത് ക്ഷന്തവ്യമല്ലാത്ത അപരാധമായിരിക്കും. വാസനാസമ്പന്നന്മാരായ ചില അനുഗൃഹീതകവികൾക്ക് ചില പ്രധാനപ്രശ്നങ്ങളെ ഉന്നയിക്കാനും അതിന്നു സമാധാനം കാണ്മാനും കഴിഞ്ഞേക്കാം. എല്ലാവരും അതിന്നു തുനിഞ്ഞാൽ പന്തിയാകുകയില്ല. കോലെടുത്തവരെല്ലാം മാരാന്മാരായിത്തീർന്നാൽ! അതു കഷ്ടമല്ലേ? ആ ദുഷിച്ച ലൈംഗികബന്ധത്തെ തടയാനെന്നഭാവേന കൂടുതൽ ഉദ്ദീപ്തമാക്കുന്നതിന്ന് ഇന്നു സാഹിത്യത്തെ ഒരുപകരണമാക്കിയിരിക്കുകയാണ്. "അഴുകിപ്പോയ ആത്മാവിന്റെ ദുർഗ്ഗന്ധം വമിച്ച് അതു നമ്മുടെ കഥാസാഹിത്യത്തെ മലീമസമാക്കുന്നു" എന്നു ശ്രീ: കെ. ഭാസ്കരൻ നായർ ഒരിക്കൽ പ്രസ്താവിച്ചതായി ഓർക്കുന്നു. ആ പഴയ ഫ്യൂഡലിസത്തിൽനിന്ന് കത്തനെ റവലൂഷനറി റിയലിസത്തിലേക്ക് പിടിച്ചുവലിച്ച്, അവിടെ പ്രതിഷ്ഠിച്ച് സാഹിത്യം പുരോഗമിക്കയാണെന്ന് അഭിമാനംകൊള്ളുന്നവരുടെ സാഹിത്യകൃതികൾ വായിച്ചാൽ മൃഗീയവികാരവിജൃംഭണോത്തേജകങ്ങളെന്നെ അഭിപ്രായപ്പെടുവാൻ കഴിയൂ. വികാരങ്ങളെ കിക്കിളിപ്പെടുത്തുന്ന അത്തരം കവിതകളിൽനിന്ന് സ്ത്രീകൾ പുരുഷന്മാർക്കുവേണ്ടിയും, പുരുഷന്മാർ സ്ത്രീകൾക്കുവേണ്ടിയും ജീവിക്കേണ്ടുന്ന വെറും മാംസപിണ്ഡങ്ങളെന്ന് വ്യക്തമാക്കുന്ന ഒരു മെച്ചംകൂടി വകവെച്ചുകൊടുക്കേണ്ടതായിട്ടുണ്ട് ചില കൃതികൾക്ക്. പാകംവരാത്ത ഹൃദയങ്ങളെ വഴിപിഴപ്പിക്കുവാൻ മാത്രമുതകുന്ന ഇതിലാണൊ സാഹിത്യത്തിലെ മൂല്യം നിലകൊള്ളുന്നത്? വളരെയേറെ സംശയിക്കേണ്ട ഒന്നാണിത്. ഭാരതത്തെ ഭാരതാംബയെന്ന് അഭിസംബോധനം ചെയ്യാൻ കഴിഞ്ഞ നമ്മുടെ പൂർവ്വികന്മാർ സ്ത്രീപുരുഷബന്ധത്തെ ഒരുൽകൃഷ്ടബന്ധമായി കരുതിയിരുന്നിരിക്കണമെന്നു ഇന്നത്തെ സാഹിത്യകാരന്മാർ നിശ്ശേഷം മറന്നിരിക്കുന്നു. അങ്ങിനെയിരിക്കെ, ഇന്നത്തെ സ്ത്രീപുരുഷന്മാരെക്കൊണ്ട് കട്ടാരവും കയറും, വിഷവും, പ്രേമത്തിന്റെ പേരിൽ—അതും വെറും മാംസാഭിലാഷത്തിന്റെ പേരിൽ—എടുപ്പിക്കുവാൻ വെമ്പുന്ന ആ മനോഭാവമില്ലേ, അതിനെ അതഹിക്കുന്ന അവജ്ഞയോടെ വീക്ഷിക്കുകയെ നിർവ്വാഹമുള്ളൂ. ഇത്തരം പ്രതിപാദ്യങ്ങളുടെ അടിത്തട്ടിൽ എന്തൊരു കലാമൂ

ല്യമാണ് ഇവർ അടക്കം ചെയ്തിട്ടുള്ളതെന്ന് എത്ര ചുഴിഞ്ഞാലോചിച്ചാലും വിഷമം.

ഇനി മറെറാരുതരക്കാരുണ്ട് സാമ്പത്തികസമീകരണത്തിന്റെ മുമ്പിൽ—

‘‘ വയറെറരിയും നേരത്തീക്കരളെരിയും—സമയത്തീ-
ക്കഥപറയും വേദാന്തമാക്കവേണം,
സ്വപ്നത്തിൽശക്കരനുണയുമ്പോൾനുണയട്ടെ ’’

സ്വത്തെവിടെ ഭാഗിക്കാനണിനിരക്കു. എന്ന ഗാനസാഹിത്യവുമായി—ഇതിൽ സാഹിത്യമുണ്ടോ ആവോ ?—നില്ക്കുന്നവരായിട്ട്. ഈ പാട്ടു കേൾക്കുമ്പോൾ പണ്ടൊരു കുട്ടി കിണററിൽ വീണപ്പോൾ ആ വിവരം അച്ഛനോട് ആരോഹാവരോഹക്രമമൊപ്പിച്ച പാട്ടിൽ പറയുവാൻ ചെന്ന ഭൃത്യന്റെ പ്രതീതിയാണുണ്ടാവുക. സാമ്പത്തികസമീകരണം നമുക്കത്യാവശ്യമാണ്. അതിന്നിത്തരം ഗാനങ്ങളെക്കൊണ്ട് എന്തു വിപ്ലവം സൃഷ്ടിപ്പാൻ കഴിയും മറവഴികളുള്ളപ്പോൾ

സാമാന്യജനങ്ങളുടെ നിത്യജീവിതോപകരണങ്ങളുടെ കൂട്ടത്തിൽപെട്ട ഒന്നായിരുന്നു അടുത്തകാലംവരേയും ‘‘രമണൻ’’ യുവഹൃദയങ്ങളിലെ രഹസ്യങ്ങൾ—പ്രണയത്തിന്റെ ചില വശങ്ങൾ—ലളിതകോമളമായി വർണ്ണിച്ചിട്ടുള്ള അതിലെ ഒരു ഈരടിയെങ്കിലും ഹൃദിസ്ഥമാക്കാത്തവർ ചെറുപ്പക്കാരുടെ കൂട്ടത്തിൽ നന്നേ കുറവാണ്. അതിന്റെ ഗാനാത്മകതയും, പ്രതിപാദ്യവും—ഭാവവും, രൂപവും—അതു കണ്ട ജനങ്ങൾക്കു രുചിച്ചിരുന്നു. പ്രേമത്തിന്റെ പേരിൽ ഒന്നുരണ്ടു ഈരടിയെങ്കിലും ചൊല്ലുകയെന്നതു് ഒരു തികഞ്ഞ അന്തസ്സാണെന്നുപോലും യുവാക്കന്മാർ കരുതിയിരുന്നിരിക്കണം. അപക്വഹൃദയങ്ങളെ അട്ടിമറിക്കുവാൻ കഴിയാവുന്ന അനവധി ഈരടികൾ ആ പുസ്തകമൊന്ന് സശ്രദ്ധം മറിച്ചുനോക്കിയാൽകാണാം. ഒരു ഈരടിമാത്രം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

‘‘ കൊച്ചുമക്കളുടെ രാഗവായ്പിൽ
അച്ഛനമ്മക്കുമെന്തുതോന്നാൻ ’’

ആ ‘‘എന്തുതോന്നാൻ’’ ഒന്നുച്ചരിച്ചു നോക്കു. അതിലൊരു ഗൌരവമില്ലേ? യൌവനംവരെ പോററിപ്പോന്ന അച്ഛനമ്മമാർക്ക് വരനെ നിശ്ചയിക്കുന്ന കാര്യത്തിൽ—വേണ്ട, അതിനെപ്പററി ഒരഭിപ്രായം പറയുവാൻപോലും—ഒരവകാശവുമില്ലത്രെ. അപ്പോൾ അവർക്ക് യഥേഷ്ടം എന്തുംചെയ്യുവാൻ സ്വാതന്ത്ര്യമുണ്ടെന്നല്ലേ ഇതു് വായിച്ചുപഠിച്ച ഒരു ചെറുപ്പക്കാരിക്കുംതോന്നുക. കുടുംബബന്ധം ശിഥിലമാക്കുവാൻ ഇതില്പരംഎന്തുവേണം? ഇതുച്ചരിച്ച രസനകൊണ്ടുതന്നെ അടുത്തനിമിഷം അതിലെ നായിക എന്തുച്ചരിച്ചുവെന്നുംഅതിന്ന് കാരണമാക്കിയതെന്തെന്നും ആലോചിക്കുകയാണെങ്കിൽ തെററിദ്ധാരണക്കു വശംവദരാകേണ്ടിവരികയില്ല

‘‘ യുവജനഹൃദയം സ്വാതന്ത്ര്യമാണവരുടെ കാമ്യപരിഗ്രഹചര്യയിൽ എന്നു കുമാരനാശാനും ഈ അഭിപ്രായം രേഖപ്പെടുത്തിയിട്ടില്ലെന്നു സംശയിക്കുന്നവരുണ്ടെങ്കിൽ അവർ ഈ രണ്ടു കൃതികളും ഒന്നു താരതമ്യപ്പെടുത്തി പഠിച്ചുനോക്കുന്നതു നന്നായിരിക്കും. വിഷയവിശേഷതയുടെ വ്യത്യസ്തത അപ്പോളവർക്ക് തെളിഞ്ഞു കാണാവുന്നതത്രെ.

എന്നാൽ ‘‘മലരണിക്കാടുകൾ തിങ്ങിവിങ്ങി’’ എന്നു തുടങ്ങുന്ന വരികളാൽ കേരളത്തിലെ ഗ്രാമഭംഗിയെ ഹൃദയഭിത്തിയിൽ മായ്ക്കുവാൻ കഴിയാത്തവണ്ണം ചിത്രീകരിച്ച ആ തൂലികയോട് നാമെന്നെന്നും കടപ്പെട്ടവരാണ്.

ഇങ്ങനെ നോക്കുമ്പോൾ ഇടക്കാലങ്ങളിലുണ്ടായിട്ടുള്ള കവിതകൾ മിക്കവാറും ഇയ്യാംപാററകളായിത്തീരുവാനുള്ള കാരണം അവയുടെ മൂല്യത്തിന്നു വരുന്ന കോട്ടമാണ്. അതു നികത്തുവാൻ സാഹിത്യകാരന്മാർ—അവരേതുവർഗ്ഗത്തിൽപെട്ടവരായാലും വേണ്ടില്ല—പരിശ്രമിക്കയാണെങ്കിൽ സാഹിത്യകൃതികൾക്ക് ശുക്രദശയായിയെന്നു പറയാം.

# കലാകേന്ദ്രത്തിന്ന "തിരുകൊച്ചി രാജപ്രമുഖൻ" തിരുമനസ്സിലെ ആശീർവാദവും, അനുഗ്രഹവും

[തിരു–കൊച്ചി രാജപ്രമുഖൻ തിരുമനസ്സിലെ അടുത്തുണ്ടായ കൊച്ചി പര്യടനാവസരത്തിൽ തൃശ്ശൂർ രാമനിലയത്തിൽവെച്ചു സന്ദർശിക്കുവാനും കലാകേന്ദ്രത്തിന്റെ പ്രവർത്തന പരിപാടികളെ തിരുമനസ്സിനെ അറിയിക്കുവാനും തൽഭാരവാഹികൾ കലാകേന്ദ്രം പ്രസിഡന്റ് എ. വി. എസ്സ്. പണിക്കർ അവർകളേയും, കാര്യദർശി എം. ഡി. കുറപ്പ് അവർകളേയും ചുമതലപ്പെടുത്തിയതു അനുസരിച്ചു അവർ കലാകേന്ദ്രത്തിന്റെ കമ്മററി യോഗത്തിൽ സമർപ്പിച്ച റിപ്പോർട്ടാണ് താഴെ ചേർക്കുന്നതു്.]

ചിങ്ങം 29-ാംനു- ഞാനും പ്രസിഡന്റ് അവർകളുംകൂടി രാമനിലയത്തിൽ പോകുകയും തിരുമനസ്സിലെ പ്രൈവററ് സിക്രട്ടറി അവർകളെ കണ്ടു് വിവരം ധരിപ്പിക്കുകയും ഔദാര്യവാനും, സരസനുമായ അദ്ദേഹം കലാകേന്ദ്രത്തിന്റെ കാര്യങ്ങളെപ്പററി ചോദിച്ചറിയുകയും 31-ാംനു- രാത്രി 6½ മണിക്ക് തിരുമനസ്സിനെ മുഖം കാണിക്കുവാൻ സമയം അനുവദിക്കുകയും ചെയ്തു. തിരുമനസ്സിലെ പര്യടനത്തിൽ അനേക കാര്യങ്ങൾ നിർവ്വഹിക്കേണ്ടതുള്ളതിനാൽ പരിമിതമായ സമയമേ ഞങ്ങൾക്കനുവദിച്ചു കിട്ടിയുള്ളു. 31-ാംനു- കൃത്യം 6-30നു ഞാനും പ്രസിഡന്റ് അവർകളും രാമനിലയത്തിൽചെന്നു തിരുമനസ്സിനെ മുഖം കാണിച്ചു. പ്രജാക്ഷേമ തല്പരനും, ദയാലുവുമായ തിരുമനസ്സിൽനിന്നും കലാകേന്ദ്രത്തിന്റെ ഇതുപര്യന്തമുള്ള പ്രവർത്തനങ്ങളേയും, ആദർശങ്ങളേയും കേട്ടു സംതൃപ്തനായി ഞങ്ങളോട് ഇപ്രകാരം അരുളിച്ചെയ്തു.

"വീണ്ടും കാണുവാൻ ഇടവരുമ്പോൾ ഈ കലാകേന്ദ്രം പൂർവ്വാധികം നന്നായിട്ടുണ്ടെന്നും പൊതുജനങ്ങൾക്ക ഉപകാരപ്രദമാകുംവിധം കൂടുതൽ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്നും കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു"

"കളരി അഭ്യാസമുറകളും, സാംസ്കാരികങ്ങളായ ധാർമ്മിക പ്രചരണങ്ങളും ഇന്നത്തെ ലോകത്തിന്നു് അവശ്യമാണെന്നും അഭിപ്രായമുണ്ട്."

"നിങ്ങളുടെ ഈ ധാർമ്മിക സംരംഭത്തിന്നു് ഞാൻ വിജയം ആശംസിക്കുന്നു."

സമയദൌർല്ലഭ്യത്താൽ എല്ലാ വിഷയങ്ങളും സവിസ്തരം ധരിപ്പിക്കുവാൻ സാധിക്കാതെ വന്നതിൽ ഞങ്ങൾക്ക കുണ്ഠിതമുണ്ടെന്നു തിരുമനസ്സിനെ അറിയിച്ചു. അതിന്നു്,

"തിരുവനന്തപുരത്തു വന്നാൽ സൌകര്യം ചെയ്തുതരാമെന്നു് ഉത്തരവുണ്ടാവുകയും, കലാകേന്ദ്രം തുലോം ഉൽകർഷം പ്രാപിച്ചു കാണുവാനായി തിരുമനസ്സിൽനിന്നും ആഗ്രഹിക്കുന്നുണ്ടെന്നും, അതിന്നു സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെയെന്നും വീണ്ടും ആ രാജർഷി ഞങ്ങളെ ആശീർവ്വദിച്ചു!"

രാജദർശനത്താൽ ധന്യരും കൃതാർത്ഥരുമായ ഞങ്ങൾ സന്നിധാനംവിട്ടു പ്രൈവററ് സിക്രട്ടറിയെ കാണുകയും അദ്ദേഹത്തോടു കൃതജ്ഞത പറഞ്ഞു 7-30നു് രാമനിലയം വിടുകയും ചെയ്തു.

കാര്യദർശി എം. ഡി. കുറപ്പ്

# ശ്രീ. ശൂരനാടന്റെ "മാതൃപൂജ"

പ്രൊഫസർ വൈദ്യനാഥയ്യർ, എം.എ.

രാജശ്രീ ശൂരനാട്ടു കുഞ്ഞൻപിള്ള അവർകളെപ്പറ്റി കേട്ടിട്ടില്ലാത്തവർ ഉണ്ടെന്നു തോന്നുന്നില്ല. പ്രതിഭയുടെയും പരിശ്രമത്തിന്റെയും പാണ്ഡിത്യത്തിന്റെയും ഏകോപിച്ചുള്ള ഒരു മൂർത്തിമദ്ഭാവമാണ് അദ്ദേഹം. വിജ്ഞാനത്തിനു വേണ്ടി അർപ്പിക്കപ്പെട്ടിട്ടുള്ളതാണ് ആ അനുഗൃഹീതന്റെ ജീവിതം.

പ്രതിഭാശാലികൾ എപ്പോഴും പ്രയത്നശീലന്മാരായി കാണപ്പെടുന്നില്ല അതുപോലെ തന്നെ പ്രയത്നശീലന്മാരിൽ പ്രതിഭാശാലികളും വിരളമാണ്. എന്നാൽ അപൂർവ്വം ചിലരുടെ കാര്യത്തിൽ പ്രതിഭയും പ്രയത്നവും ഒത്തിണങ്ങിയിട്ടുള്ളതു് കാണാം. താദൃശന്മാരായ വിശിഷ്ട വ്യക്തികൾ ദുർല്ലഭമായിട്ടെങ്കിലും നമ്മുടെ നാട്ടിലും ഉണ്ട്. അവരുടെ മുൻപന്തിയിൽ നില്ക്കുന്ന ഒരു മഹാശയനാണ് ശ്രീമാൻ കുഞ്ഞൻപിള്ള. ഗഹനമായ ഗവേഷണത്തിലും, കമനീയമായ കവനകലയിലും ഒരുപോലെ വ്യാപരിക്കാൻ കഴിവുള്ളതാണ് അദ്ദേഹത്തിന്റെ പ്രതിഭ. അതിന്റെ പ്രവർത്തനമണ്ഡലം ഉലോം വിസ്തൃതമാണ്. ചരിത്രം, ശബ്ദാഗമം, ശുദ്ധസാഹിത്യം എന്നു വേണ്ടാ സാഹിത്യത്തിന്റെ സകല ശാഖകളിലും ഒരുപോലെ വിഹരിച്ചുകൊണ്ടിരിക്കുകയാണ് ശ്രീ. കുഞ്ഞൻപിള്ളയുടെ പ്രതിഭ. പുതിയ തലമുറയിൽ അദ്ദേഹത്തെപ്പോലെ പ്രതിഭാപ്രകർഷം വെളിപ്പെടുത്തിയിട്ടുള്ളവർ അത്യപൂർവ്വമായിട്ടേ ഉള്ളു

മലയാള സാഹിത്യത്തിന് ശ്രീമാൻ കുഞ്ഞൻപിള്ളയുടേതായി ഒരു പ്രത്യേക സംഭാവനയുണ്ട്. അതു ഉപന്യാസമാണ്. ആ സാഹിത്യശാഖയിൽ കൈവച്ചിട്ടുള്ളവർ ഇല്ലെന്നില്ല. വേങ്ങയിൽ കുഞ്ഞുരാമൻ നയനാരെയും അപ്പൻ തമ്പുരാനെയും മററും ആർക്കാണ് മറക്കാൻ കഴിയുന്നതു്? എങ്കിലും അവരുടെ കൂട്ടത്തിൽ ശ്രീ. കുഞ്ഞൻപിള്ളയ്ക്കു് സമുന്നതമായ ഒരു സ്ഥാനം ഉണ്ട്. അദ്ദേഹത്തിന്റെ ഉപന്യാസങ്ങൾ വികാരം, ഭാവന, വിചാരം ഇവ മൂന്നും വേണ്ടതുപോലെ അടങ്ങിയിട്ടുള്ളവയാണ്. അവ ഒരിക്കൽ വായിച്ചിട്ടു് തള്ളാനുള്ളവയല്ല. വായിക്കുന്തോറും നമ്മുടെ ചിന്തയെ ഉത്തേജിപ്പിക്കുന്നവയാണ് അവ. അത്രകണ്ടു് വൈശിഷ്ട്യം അവയ്ക്കു് ഉണ്ട്. അവയിൽ ചിലതു് പദ്യത്തിലെഴുതപ്പെട്ടിരുന്നുവെങ്കിൽ അവയെ സഹൃദയലോകം ഉൽകൃഷ്ട കവിതയായി കൊണ്ടാടുമായിരുന്നു. ഗദ്യത്തിലെഴുതിയതുകൊണ്ടു് കവിത, കവിതയാകാതെ വരികയില്ല. എങ്കിലും സാധാരണ ലോകം പദ്യകവിതയെ മാത്രമേ കവിതയായി ഗണിക്കാറുള്ളു എന്നു തോന്നുന്നു. അതു ശരിയല്ല. ലോക സാഹിത്യത്തിൽ ഒന്നാം കിടയിൽ നിൽക്കുന്ന എത്രയോ കവിതകളുണ്ടു് ഗദ്യരൂപത്തിൽ.

ഉപന്യാസശാഖ സാഹിത്യകല്പതരുവിന്റെ സുപ്രധാനമായ ഒരു ഭാഗമാണ്. എന്നാൽ ഈ വസ്തുത സാഹിത്യ വിദ്യാർത്ഥികൾ വേണ്ടതുപോലെ മനസ്സിലാക്കിയിട്ടില്ല വിവരണാത്മകമായ ഒരു ഉപന്യാസം നിർമ്മിക്കുന്നതുപോലും എത്രയും ദുഷ്കരമാകുന്നു. ഇന്നത്തെ പത്രമാസികകൾ എടുത്തു നോക്കുക. അവയിൽ എത്ര ദുർല്ലഭം ആയിട്ടാണ് നല്ല ഉപന്യാസങ്ങൾ ആവിർഭവിക്കാറുള്ളതു്. ഉപന്യാസനിർമ്മിതി വളരെ വിഷമമായതുകൊണ്ടാണ് അധികമാരും അതിന് ഒരുമ്പെടാത്തതെന്നുള്ളതിന് വേറേ തെളിവു വേണ്ടാ. ഉപന്യാസം കവിതപോലെ തന്നെ രസിപ്പിക്കാൻ കഴിവുള്ളതാണ്. മാത്രമല്ല, കവിതയ്ക്കു് ഇല്ലാത്തതായ ചില ഗുണങ്ങൾകൂടി ഉപന്യാസത്തിൽ ഉണ്ട്. ഉപന്യാസത്തിന് കൂടുതൽ വിശാലമായ മണ്ഡലത്തിൽ, കൂടുതൽ സ്വാതന്ത്ര്യത്തോടുകൂടി വിഹരിക്കാൻ കഴിയുന്നുണ്ട്. അതിനാൽ ഉപന്യാസ പഠനം അനുവാചകരുടെ വികാരത്തെ ഉണർത്തുന്നതിനും, സങ്കല്പശക്തിയെ ഉയർത്തുന്നതിനും വികാരത്തെ ഉദ്ദീപിപ്പിക്കുന്നതിനും പര്യാപ്തമാകുന്നു.

ശ്രീ. കുഞ്ഞൻ പിള്ളയുടെ തൂലികയിൽ നിന്നു് കാന്തിയും മൂല്യവുമുള്ള അനേകം ഉപന്യാസ രത്നങ്ങൾ കൈരളീമഹിളയ്ക്കു് കൈവന്നിട്ടുണ്ട്. തിരുമുൽക്കാഴ്ച, പുഷ്പാഞ്ജലി തുടങ്ങിയ ഉപന്യാസസമാഹാര

ങ്ങൾ സഹൃദയ ലോകത്തിന്റെ ആദരം അർഹിച്ചു കഴിഞ്ഞവയാണ്. ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന ഈ 'മാതൃപൂജ'യും വിലപിടിപ്പുള്ള ഒരു ഉപന്യാസാഭരണമാണ്. ഇതിനെയും അനാർഘമായ ഒരു അലങ്കാരമായി മലയാളസാഹിത്യം കൈക്കൊള്ളുമെന്നതിൽ യാതൊരു സന്ദേഹവുമില്ല.

ദ്വിവേണിയായ ഒരു സാരസ്വത പ്രവാഹമാണ് ഈ 'മാതൃപൂജ'യെന്നു പറയാം. ഭാരതപൂജ, ജീവിതനിരീക്ഷണം ഇങ്ങനെ രണ്ടായിട്ടാണ് ഇതിനെ വിഭജിച്ചിട്ടുള്ളത്. 'ഭാരതപൂജ'യിൽ ആർഷഭൂമിയുടെ വൈശിഷ്ട്യത്തെ വെളിപ്പെടുത്തുന്ന നാല് ഉപന്യാസങ്ങളും, ജീവിത നിരീക്ഷണത്തിൽ ജീവിതത്തിന്റെ വിവിധ വശങ്ങളെ പരാമർശിക്കുന്ന എട്ട് ഉപന്യാസങ്ങളും അടങ്ങിയിരിക്കുന്നു. ജീവിതത്തെ സമഗ്രമായി നിരീക്ഷിക്കാൻ കഴിഞ്ഞിട്ടുള്ള ഒരു യഥാർത്ഥ സാഹിത്യകാരന്റെ മനസ്സിൽകൂടി കടന്നുപോയിട്ടുള്ള വിചാരവികാരതരംഗങ്ങളാണ് ഈ ഗ്രന്ഥത്തിൽ കാണപ്പെടുന്നതെന്ന് തീർത്തു പറയാം.

ആദ്യത്തെ ഉപന്യാസം ഭാരതത്തിന്റെ സന്ദേശമാണ്. ഓരോ നാട്ടുകാർക്കും അവരവരുടെ നാട് മറ്റു നാടുകളേക്കാൾ മനോഹരമാണെന്നു തോന്നാം.

ഈ അഭിപ്രായത്തെ പിടിച്ചുകൊണ്ടുതന്നെ ഗ്രന്ഥകാരൻ മുൻപോട്ട് പോകുന്നു. അപൂർവ്വം ചില കാര്യങ്ങളിൽ ഭാരതഭൂമിക്കുള്ള പരിമിതികൾ സമ്മതിച്ച ശേഷം ഭാരതത്തിന്റെ ഹൃദയത്തിലേയ്ക്കു തന്നെ അദ്ദേഹം കടക്കുന്നു. "ഭാരതത്തിന്റെ മതം ഒന്നേ ഒന്ന്—ധർമ്മം; ഭാരതത്തിന്റെ വിശ്വാസം ഒന്നിൽ മാത്രം—സത്യത്തിൽ; ഭാരതത്തിന്റെ സന്ദേശം ഇതു തന്നെ—ലോകശാന്തി". ഇതാണു താൻ ഭാരതത്തെ പ്രത്യേകം ആദരിക്കുന്നതിനുള്ള കാരണമെന്നു് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. മാതൃഭൂമിയുടെ പ്രകൃതിലാവണ്യത്തെയും, ലോകാചാര്യന്മാരായ മഹാന്മാരെയും പറ്റി ചെറിയ വരകൊണ്ട് ഈ സാഹിത്യചിത്രകാരൻ രചിച്ചിട്ടുള്ള ലഘുചിത്രങ്ങൾ തുലോം ചേതസ്സമാകർഷകമായിട്ടുണ്ട്.

മഹാത്മജിയെപ്പറ്റിയാണ് രണ്ടാമത്തേ ഉപന്യാസം. ആ ലോകഗുരുവിനെപ്പറ്റി എത്രയോ സാഹിത്യകാരന്മാർ എങ്ങിനെയെല്ലാം കീർത്തിച്ചിട്ടുണ്ട്! എന്നാൽ അക്കൂട്ടത്തിൽ 'എന്റെ ഗുരുനാഥൻ' എന്ന കവിത മുന്തിനില്ക്കുന്നു. ശ്രീ കുഞ്ഞൻ പിള്ളയുടെ മഹാത്മജി എന്ന ഉപന്യാസം ഗദ്യരൂപത്തിലുള്ള ഒരു കവിതയാണെന്നു പറയാം. വള്ളത്തോളിന്റെ 'ഗുരുനാഥൻ' പദ്യകവിതയിൽ എങ്ങനെ മെച്ചപ്പെട്ടു നില്ക്കുന്നുവോ അതുപോലെ ശ്രീ. ശൂരനാടന്റെ മഹാത്മജി ഗദ്യകവിതകളിൽ മികച്ചു നിൽക്കുന്നു.

കഴിഞ്ഞ ഡിസംബർ മാസത്തിൽ ഇന്ത്യൻ പ്രധാനമന്ത്രി തിരുവിതാംകൂർ—കൊച്ചി സംസ്ഥാനം സന്ദർശിച്ച അവസരത്തിൽ ആ വീരപുരുഷനു കേരളാംബ നൽകിയ സ്വാഗതാശംസയാണ് അടുത്തതായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നത്. കേരളപ്രകൃതിയുടെ വിലോഭനീയമായ സൗന്ദര്യ വിശേഷത്തെ അതിമനോഹരമായി അതിൽ വർണ്ണിച്ചിരിക്കുന്നു. അതു വായിക്കുമ്പോൾ വർണ്ണ്യമായ രംഗങ്ങൾ കൺമുൻപിൽ കാണുന്നതുപോലെ തോന്നും. അത്ര സജീവമായിരിക്കുന്നു വർണ്ണന.

അടുത്ത ഉപന്യാസം വൃന്ദാവനത്തെപ്പറ്റിയാണ്. ഏതൊരു കലാകാരന്റെയും സങ്കല്പ ശക്തിയെ ഉത്തേജിപ്പിക്കാൻ പര്യാപ്തമായ ഒരു പ്രമേയമാണല്ലോ വൃന്ദാവനം. വൃന്ദാവനത്തെപ്പറ്റി മലയാളത്തിൽ ഗദ്യരൂപത്തിൽ വേറെയാരും ഇത്ര മനോഹരമായ ഒരു കവിതയെഴുതിയിട്ടില്ല. ശ്രീകൃഷ്ണനും ഗോപിമാരും, വൃന്ദാവനത്തിലേ പൂക്കളും പുൽക്കൊടികളും പൂഴിത്തരികളും എന്നു വേണ്ട സകല ചരാചരങ്ങളും ഏകീഭവിച്ച് പരമാനന്ദത്തിൽ ലയിക്കുന്നതിനെ ഒരു തികഞ്ഞ കലാകാരന്റെ സാമർത്ഥ്യത്തോടുകൂടി ഈ ഉപന്യാസത്തിൽ വർണ്ണിച്ചിരിക്കുന്നു. മലയാളഗദ്യത്തിന് ഇതുയൊക്കെ കഴിവുണ്ടോ എന്ന് ഈ ഉപന്യാസം വായിക്കുമ്പോൾ സഹൃദയലോകം ആശ്ചര്യപ്പെട്ടു പോകും. അത്രകണ്ട് അഭിരാമമായിരിക്കുന്നു ഈ ഗദ്യകവിത.

ജീവിത നിരീക്ഷണത്തിന്റെ രീതി മറ്റൊന്നാണ്. 'യോഗ്യന്മാർ ആണ്' നമ്മുടെ ശ്രദ്ധയെ ആദ്യമായി ആകർഷിക്കുന്നത്. സംഭാഷണ ശൈലിയിൽ എഴുതിയിട്ടുള്ള ആ ഉപന്യാസം രസാവഹമായിട്ടുണ്ട്. ജീവിതത്തിൽ പലപ്പോഴും നാം കണ്ടുമുട്ടാറുള്ള ചില യോഗ്യന്മാരുടെ തൊലിയുരിച്ചു കാണിച്ചിരിക്കയാണ് ആ ഉപന്യാസത്തിൽ ചെയ്തിട്ടുള്ളത്. ഗ്രന്ഥകാരൻ ലോകനിരീക്ഷണം നടത്തിയിട്ടുള്ളത് അകലെ നിന്നു

കൊണ്ടല്ല, ആളുകളുമായി അടുത്തു പെരുമാറിയിട്ടാണെന്ന് ആ ഉപന്യാസത്തിന്റെ ഓരോ ഭാഗവും സാക്ഷ്യം വഹിക്കും.

നാടകീയ രീതിയിലാണ് 'നല്ലവർ' എന്ന അടുത്ത ഉപന്യാസത്തിന്റെ തുടക്കം. പരിചയം കൂടുന്തോറും നല്ലവരുടെ എണ്ണം കുറയുമെന്നാണ് ഗ്രന്ഥകാരൻ തെളിയിച്ചിരിക്കുന്നത്. "പ്രിമാന്മാർ നല്ലവരാണെന്നു കരുതി നാം അടുത്തുകൂടും. അവർ അസൂയയും ദുർമത്സരത്തിനും നിധികളാണെന്ന് നമുക്ക് ക്രമേണ മനസ്സിലാകും. ഏഴകളായ ഗ്രാമീണന്മാരിലാണ് നന്മയെന്ന് ചില ബുദ്ധിമാന്മാർ അഭിമാനിക്കും. അവർ ദുരാഗ്രഹികളും സ്വാർത്ഥന്മാരുമാണെന്നു പരിചയം തെളിച്ചു കാട്ടും" എന്നു പറയുന്നതു കേൾക്കുമ്പോൾ ആരാണ് തല കുലുക്കാത്തത്? പ്രതീക്ഷിക്കുന്ന പല ആളുകളിലും നന്മയുടെ കണികപോലും കാണാതെ വരാം. എന്നാൽ പ്രതീക്ഷിക്കാത്ത പല ആളുകളിലും പല ഘട്ടങ്ങളിലും നന്മ തെളിഞ്ഞു വിളങ്ങുന്നതു കാണാം" എന്ന അഭിപ്രായം വിപുലമായ ലോകപരിചയം നേടിയ ഒരു നിരീക്ഷകനു മാത്രമേ പുറപ്പെടുവിക്കുവാൻ കഴിയുകയുള്ളു.

അപവാദവിദ്യയെപ്പററിയാണ് അടുത്ത ഉപന്യാസം. അണുബോംബിനേക്കാൾ ഭയങ്കരമായ നാശകോപായമാണ് അപവാദവിദ്യയെന്നു സ്ഥാപിച്ചുകൊണ്ടാണ് ഗ്രന്ഥകർത്താവ് മുൻപോട്ടു പോകുന്നത്. ഈ അപവാദവിദ്യ സൃഷ്ടിയുടെ പിറേറ ദിവസം തൊട്ടു തുടങ്ങിയതാണ് എന്ന് അദ്ദേഹം തെളിയിച്ചിരിക്കുന്നു.

'പരിഷ്കൃതശത്രുത', 'ചിലരെപ്പററി, 'വൻപുപറച്ചിൽ' എന്നീ മൂന്ന് ഉപന്യാസങ്ങളാണ് അടുത്തതായി നമ്മുടെ പരിഗണന അർഹിക്കുന്നത്. മനസ്സിൽ അടങ്ങാത്ത ശത്രുത അമർത്തി വച്ചുകൊണ്ട് ചിരിക്കുന്ന ശത്രുവിന്റെ ചിത്രമാണ് 'പരികൃത ശത്രുത'യിൽ വരച്ചു കാണിച്ചിട്ടുള്ളത്. എവിടെയുമുള്ള ചിലരാണ് തന്റെ നോട്ടത്തിലും കടന്നു കൂടിയിരിക്കുന്നത് എന്നുള്ളതിനെ വെളിപ്പെടുത്തിയിരിക്കുന്നു. 'ചിലരെപ്പററി എന്ന ഉപന്യാസത്തിൽ കണക്കിനു കളിയാക്കിയിട്ടുണ്ട്.

അടുത്ത ഉപന്യാസം സ്വാതന്ത്ര്യത്തെപ്പററിയാണ്. ആ വിഷയത്തെ ആസ്പദമാക്കി പലരും ഉപന്യാസം എഴുതിയിട്ടുണ്ട്. എന്നാൽ ശ്രീ. കുഞ്ഞൻപിള്ളയുടെ സ്വാതന്ത്ര്യത്തിന് ഒരു അഭിനവതചവും, ഒരു അഭിരാമതചവുമുണ്ട്. സ്വാതന്ത്ര്യത്തിന്റെ വിവിധ വശങ്ങളെ അതിപ്രശസ്തമായി അദ്ദേഹം പരിശോധിക്കുന്നു. പക്ഷിമൃഗാദികളുടെയും, വൃക്ഷലതാദികളുടെയും സ്വാതന്ത്ര്യം ഇന്നതെല്ലാമാണെന്ന് വെളിപ്പെടുത്തിയശേഷം മനുഷ്യന്റെ സ്വാതന്ത്ര്യത്തിലേക്കു കടക്കുന്നു. "ജന്മംകൊണ്ട് സ്വാതന്ത്ര്യം ഉണ്ടെന്നു പറഞ്ഞാൽ പ്രകൃതി സ്വാതന്ത്ര്യം തരുന്നു എന്നാണല്ലോ അർത്ഥം. അതു ഏതായാലും മിഥ്യയാണെന്നു തെളിഞ്ഞു കഴിഞ്ഞു. പാരതന്ത്ര്യമാണ് പ്രകൃതിയിലുള്ളത്. സമുദായത്തിന്റെ ശക്തി മുഴുവൻ ഉപയോഗിക്കുന്നത് ആ പാരതന്ത്ര്യത്തെ തകർത്ത് കഴിവുള്ളിടത്തോളം സ്വാതന്ത്ര്യം നേടാനാണ്. ബുദ്ധി ഉള്ളവർ അതുകൊണ്ട് സമുദായത്തോടല്ല മത്സരിക്കേണ്ടതു്, പ്രകൃതിയോടാണ്. യഥാർത്ഥത്തിൽ ബുദ്ധിയുള്ളവർ അങ്ങനെയാണ് ചെയ്തിട്ടുള്ളത്'' എന്ന അഭിപ്രായം എത്ര പരിമിതമായിരിക്കുന്നു എന്നു നോക്കുക.

അവസാനത്തേ ഉപന്യാസം കൃതജ്ഞതയെപ്പററിയാണ്. ചിന്തിക്കാൻ കെല്പുള്ള മനസ്സിന്റെ ആഭരണമാണ് കൃതജ്ഞതയെന്നും, ഏററവും ആരാധനീയമായ മനോഭാവമാണ് അത് എന്നും വെളിപ്പെടുത്തുകയാണ് ഗ്രന്ഥകർത്താവ് ചെയ്തിരിക്കുന്നത്.

ഇങ്ങനെ ഓരോ ഉപന്യാസത്തെപ്പററിയും അല്പം ചിലതു സൂചിപ്പിക്കുവാനേ ഇവിടെ സാധിച്ചിട്ടുള്ളു. ഓരോന്നിനുമുള്ള അനല്പമായ വിശിഷ്ടത വായിച്ചു തന്നെ അറിയേണ്ടതാണ്.

ദ്വിവേണിയായ ഒരു സാരസ്വത പ്രവാഹമാണ് ഈ ഗ്രന്ഥം എന്ന് ആദ്യം പറഞ്ഞുവല്ലോ. ഇതിന്റെ പ്രഥമവേണി ഭാരതത്തിന്റെ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്ന ഗദ്യകവനങ്ങളാണ്. ദ്വിതീയവേണിയാകട്ടെ ലോകപരിചയം നേടിയ ഒരു പരിണതപ്രജ്ഞന്റെ ജീവിത വിമർശനമാണ്. പരപ്പും ആഴവും കൂടിയ അനുഭവമണ്ഡലത്തിൽനിന്നും അനേകമനേകം തത്വങ്ങൾ ഗ്രന്ഥകാരൻ നമുക്കു സമ്മാനിക്കുന്നു. വൈവിധ്യം കൊണ്ട് ഈ ഉപന്യാസങ്ങളെല്ലാം നമ്മെ രസിപ്പിക്കുക മാത്രമല്ല ചിന്തിപ്പിക്കുക കൂടി ചെയ്യുന്നു.

അനുഗൃഹീതനായ ശ്രീ. കുഞ്ഞൻപിള്ളയുടെ വിശിഷ്ടതൂലികയിൽ നിന്നു ലഭിച്ച ഈ നവീന വിഭവത്തെ സഹൃദയലോകം അത്യാഹ്ളാദപൂർവ്വം ആസ്വദിക്കുമെന്ന് പ്രത്യാശിക്കുന്നു.

———x———

# മാസഫലങ്ങൾ

ഒക്ടോബർ മാസത്തെ ഫലങ്ങൾ.

## അശ്വതി, ഭരണി, കാർത്തിക ¼ മേടക്കൂറ്.

ഈ ക്കൂറുകാൎക്ക് 1 മുതൽ അഞ്ചുവരെ തിയ്യതികളിൽ അപ്രതിക്ഷതങ്ങളായ ധനവ്യയങ്ങൾ, ബന്ധുവിരഹം, രോഗാനൎത്ഥം, ശരീരക്ഷതി, സുഖഹാനി; 5 മുതൽ 10 വരെ തീയതികളിൽ പ്രവൃത്തി ഗുണം. ഇഷ്ടജനസഹകരണം, സന്തോഷം, ധനാഗമം, 10 മുതൽ 15 വരെ തിയതികളിൽ ദൂരയാത്ര, അധികമായി അദ്ധ്വാനം, പ്രയാസപ്പെട്ട കാൎയ്യങ്ങൾ സാധിക്കുക, ധനാഗമനം, പൊതുജനപ്രീതി; 16 മുതൽ 22 വരെ തീയതികളിൽ കാൎയ്യങ്ങൾക്ക് പ്രതിബന്ധം, ദുൎജ്ജനദ്രോഹം, നീചജനസഹകരണം, ഭക്ഷണ പാനീയാദികളിൽ സുഖഹാനി. ബാക്കി ദിവസങ്ങൾ ഗുണദോഷമിശ്രവും ആണ്. പ്രായേണ ഈ മാസം മേടക്കൂറുകാൎക്ക ശുഭപ്രധാനമാണെന്നും വിചാരിക്കാം.

## കാർത്തിക ¾ രോഹണി മകയിരം ½ ഇടവക്കൂറ്.

ഈ ക്കൂറുകാൎക്ക 1 മുതൽ 5 വരെ തീയതികളിൽ ധനാഗമനം, വിജയം, പ്രഭുജനങ്ങളിൽനിന്നും ബഹുമാനം, സമ്മാനലാഭം, കാൎയ്യനിവൃത്തി, സുഖം. 6 മുതൽ 12 വരെതിയതികളിൽഇഷ്ടകാൎയ്യങ്ങൾക്കവിഘ്നം,മനോവ്യസനം, അദ്ധ്വാനം. 13 മുതൽ 20 വരെ തിയതികളിൽ ഭാൎയ്യാപുത്രന്മാൎക്കും കുടുംബത്തിനും അഭ്യുദയം, സുഖം, വിജയം, സന്തോഷം, ബന്ധുപ്രാപ്തി. 21 മുതൽ ഈ മാസം കഴിയുന്നതുവരെ പ്രയേണ ഗുണദോഷ മിശ്രഫലവും ആകുന്നു.

## മകയിരം, ½ തിരുവാതിര, പുണർതം ¾ മിഥുനക്കൂറ്.

ഈ ക്കൂറുകാൎക്ക 1 മുതൽ 5 വരെ തീയതികളിൽ ദൂരയാത്ര, ഇഷ്ടജനവിരഹം, ബന്ധുജനങ്ങളിൽ സംഭവിക്കുന്ന ആപത്തുമൂലവും ഭാൎയ്യാപുത്രന്മാൎക്കുണ്ടാകുന്ന രോഗങ്ങൾകൊണ്ടും സുഖഹാനി. 6 മുതൽ 12 വരെ തീയതികളിൽ കാൎയ്യസാദ്ധ്യം, ധനാഗമനം, സന്തോഷം, പുതിയ ബന്ധുപ്രാപ്തി, ബന്ധുജനങ്ങൾക്കുണ്ടാകുന്ന ശോഭനകാൎയ്യങ്ങളിൽ പങ്കുകൊള്ളുക; നല്ല കാൎയ്യങ്ങളിൽ പ്രവേശിക്കുക; പ്രവൃത്തിക്കു ഉന്നതി സിദ്ധിക്കുക. 13 മുതൽ 20 വരെ തീയതികളിൽ വിഷഭയം, ജന്തുക്കളിൽനിന്നു ഉപദ്രവം, കുടുംബകലഹം, വാക്പാരുഷ്യം, മനക്ലേശം. 21 മുതൽ ഈ മാസം കഴിയുന്നതുവരെ പ്രായേണ ഗുണദോഷ മിശ്രഫലവും ആകുന്നു. ഈ ക്കൂറുകാൎക്ക് ഈ മാസം പ്രായേണ ദോഷം അധികമാണെന്നും വിചാരിക്കാം.

## പുണർതം ¼ പൂയം ആയില്യം കൎക്കിടകക്കൂറ്.

ഈ ക്കൂറുകാൎക്ക് 1 മുതൽ 5 വരെ തീയതികളിൽ സ്ത്രീഹേതുകമായ സുഖം, പിത്താധിക്യംകൊണ്ടു രോഗാനൎത്ഥം, അപവാദം, ഇഷ്ടജനവിരഹം, കീൎത്തിഹാനി. 6 മുതൽ 12 വരെ തീയതികളിൽ പ്രവൃത്തിയുടെ ഉന്നതി; പൊതുജനങ്ങളിൽനിന്നു ബഹുമാനം, ധനാഗമം, കാൎയ്യലാഭം, സജ്ജന സഹകരണം. 13 മുതൽ 20 വരെ തീയതികളിൽ സ്വസ്ഥാന ചലനം, ധനവ്യയം, പ്രവൎത്തിമൂലം ദൈന്യം, ശത്രുമത്സരം. 21 മുതൽ ഈ മാസത്തിൽ ഗുണദോഷ മിശ്രഫലം. ഈ ക്കൂറുകാൎക്ക് ഈ മാസം പ്രായേണ ശോഭനമല്ലാത്തതും ആകുന്നു.

## മകരം പൂരം ഉത്രം ¼ ചിങ്ങക്കൂറ്.

ഈ ക്കൂറുകാൎക്ക് 1 മുതൽ 5 വരെ തീയതികളിൽ കാൎയ്യങ്ങളിൽ അധികം അദ്ധ്വാനം, യാത്രാക്ലേശം, ധനവ്യയം, അപ്രതീക്ഷിതമായി നേരിടുന്ന കാൎയ്യങ്ങളിൽ വിഷമിക്കുക, പരാജയപ്പെടുക ക്ലേശിക്കുക, ബന്ധുക്കളിൽ സംഭവിക്കുന്ന അനൎത്ഥങ്ങളെക്കൊണ്ടു വ്യസനിക്കുക; 6 മുതൽ 12 വരെ തീയതികളിൽ ധനാഗമനം, വിശേഷ കാൎയ്യലാഭം, സന്തോഷം, വിജയം, ഇഷ്ടസമാഗമം, കാൎയ്യസാദ്ധ്യം. 13 മുതൽ 20 വരെ തീയതികളിൽ ഗുണദോഷ മിശ്രഫലം. 21 മുതൽ 25 വരെ തീയതികളിൽ കുടുംബസുഖം, വിശ്രമം, ധനലാഭം, ബന്ധുസമാഗമം, സജ്ജനപ്രീതി. ശേഷം ദിവസങ്ങളിൽ അദ്ധ്വാനം, യാത്രാക്ലേശം,

ഭക്ഷണ പാനീയാദി സുഖഹാനി, ഈ കൂറകാക്ക് ഈ മാസം ഗുണാധിക ഫലമാകുന്നു.

## ഉത്രം $\frac{3}{4}$ അത്തം ചിത്തിര $\frac{1}{2}$ കന്നിക്കൂറ്

ഈ കൂറകാക്കു 1 മുതൽ 5 വരെ തിയതികളിൽ പുതിയ കാര്യങ്ങളിൽ പ്രവേശിക്കുക, നല്ലവരോടും ബഹുമാനവും, ധനാഗമനവും ഉണ്ടാവുക, സന്തോഷം, സജ്ജനസഹകരണം. 6 മുതൽ 12 വരെ തീയതികളിൽ അദ്ധ്വാനിച്ച കാര്യങ്ങൾ സാധിക്കുക, അന്യക്കുവേണ്ടി പണിയെടുത്തു ഇച്ഛാഭംഗത്തിന്നിടയാവുക, സ്വന്തകാര്യങ്ങൾക്ക് പ്രതിബന്ധം നേരിടുക. 13 മുതൽ 20 വരെ തീയതികളിൽ കാര്യസാദ്ധ്യം, ഇഷ്ടജനസഹകരണം, പൊതുജനങ്ങളുടെ ബഹുമാനത്തിനും തന്മൂലം കാര്യലാഭത്തിന്നും ഇടയാവുക, ആരോഗ്യം സുഖം. ശേഷം ഈ മാസത്തിൽ ഗുണദോഷമിശ്രഫലവും ആകുന്നു. ഈ കൂറകാക്ക് ഈ മാസം ശോഭനമല്ല.

## ചിത്തിര $\frac{1}{2}$ ചോതി വിശാഖം $\frac{3}{4}$ തുലാക്കൂറ്.

ഈ കൂറകാക്ക് 1 മുതൽ 5 വരെ തീയതികളിൽ ദ്രവ്യനഷ്ടം, കള്ളന്മാരെകൊണ്ടും ശത്രുക്കളെക്കൊണ്ടും നീചജനങ്ങളെകൊണ്ടും ധനനാശം, രോഗാനർത്ഥം; 6 മുതൽ 12 വരെ തീയതികളിൽ ധനാഗമം, ഇഷ്ടസാദ്ധ്യം, പ്രവൃത്തിമൂലം നന്മ, അപ്രതീക്ഷിതമായ ധനലാഭം, സജ്ജനസഹകരണം; 13 മുതൽ 21 വരെ തിയതികളിൽ ഗുണദോഷ മിശ്രഫലവും ശേഷം തീയതികളിൽ ധനനഷ്ടം, ആരോഗ്യഹാനി, മനോവ്യസനം, കലഹം, കുടുംബസുഖഹാനി, ഇഷ്ടജനവിരഹംഇവയും ഫലം. ഈ കൂറകാക്ക് ഈ മാസം ദോഷപ്രധാനവും ആകുന്നു.

## വിശാഖം $\frac{1}{4}$ അനിഴം തൃക്കേട്ട വൃശ്ചികക്കൂറ്.

ഈ കൂറകാക്ക് 1 മുതൽ 5 വരെ തീയതികളിൽ സുഖം, സന്തോഷം, ഇഷ്ടസിദ്ധി, ആരോഗ്യം, ധനാഗമം; 6 മുതൽ 12 വരെ തീയതികളിൽ അദ്ധ്വാനം, കാര്യങ്ങളിൽ പ്രയാസപ്പെടുക, സാഹസപ്രവൃത്തി, സ്വജനവിരോധം, പൊതുജനവൈരം; 13മുതൽ 21 വവരെ തീയതികളിൽ ശാരീരികമായ അസുഖം, രോഗം, കുടുംബാരിഷ്ടം, സ്ഥാനചലനം, ഭൃത്യന്മാരുടെയൊ നീചജനങ്ങളുടെയൊ വിരോധം, സുഖഹാനി; ശേഷം ദിവസങ്ങളിൽ ഗുണദോഷമിശ്രഫലവും ആകുന്നു. ഈ കൂറകാക്ക് ഈമാസത്തിൽ പ്രായേണ ദോഷാധിക്യമെന്നു പറയാം.

## മൂലം പൂരാടം ഉത്രാടം $\frac{1}{4}$ ധനുക്കൂറ്.

ഈ കൂറകാക്ക് 1 മുതൽ 5 വരെ തിയതികളിൽ ഗുണദോഷമിശ്രഫലം; 6 മുതൽ 12 വരെ തിയതികളിൽ ഇഷ്ടസാദ്ധ്യം, സുഖം, സന്തോഷം, ധനലാഭം, സജ്ജനപ്രീതി, പ്രവൃത്തിഗുണം; 13 മുതൽ 20 വരെ തീയതികളിൽ ആരോഗ്യഹാനി, വ്യസനം, കുടുംബാരിഷ്ടം, ബന്ധുവൈരം, ദ്രവ്യവ്യയം; 21 മുതൽ ഈ മാസം കഴിയുന്നതുവരെ യാത്രാക്ലേശം, അദ്ധ്വാനം ഇവ ഉണ്ടാകുമെങ്കിലും കാര്യസിദ്ധിയും കർമ്മഗുണവും മഹജ്ജനങ്ങളുടെ സഹകരണവും അവരെകൊണ്ടു കാര്യസാദ്ധ്യവും ഫലങ്ങൾ.

## ഉത്രാടം $\frac{3}{4}$ ഓണം അവിട്ടം $\frac{1}{2}$ മകരക്കൂറ്.

ഈ കൂറകാക്ക് 1 മുതൽ 5 വരെ തീയതികളിൽ സുഖഹാനി, ധനഷ്ടം, കാര്യങ്ങളുടെ പ്രതിബന്ധം, പ്രവൃത്തിയിൽ പരാജയം, ദൈന്യം, ദുർജ്ജനവിരോധം; 6 മുതൽ 12 വരെ തീയതികളിൽ സജ്ജനങ്ങളുടെ ആനുകൂല്യം, ചില അപ്രതീക്ഷിതമായ കാര്യങ്ങളുടെ സിദ്ധി, ധനലാഭം, സുഖം, സന്തോഷം, ബന്ധുസഹകരണം; 13 മുതൽ 20 വരെ തീയതികളിൽ കുടുംബാരിഷ്ടം, ഭാര്യാപുത്ര ജനങ്ങളോടു വേർപ്പാട്, യാത്രാക്ലേശം, മനസ്സുഖഹാനി; 21 മുതൽ ഈ മാസത്തിൽ എല്ലാ കാര്യങ്ങളിലും വിജയവും അഭീഷ്ടപ്രാപ്തി സന്തോഷം ഗ്രാമപൂജ്യത, ബഹുമാനം, കാര്യലാഭം, കർമ്മഗുണം ഇവയും ഫലങ്ങൾ.

അവിട്ടം ½ ചതയം പൂരൊരുട്ടാതി ¾ കുംഭക്കൂറ്.

ഈ കൂറകാൎക്ക് 1 മുതൽ 5 വരെ തീയതികളിൽ ഇഷ്ടകാൎയ്യസാദ്ധ്യം, ധനലാഭം, രാജസന്മാനം, മഹജ്ജന സഹകരണം, കുടുംബസുഖം, സന്തോഷം; 6 മുതൽ 12 വരെ റാ- കളിൽ അദ്ധ്വാനം, ക്ലേശം, ഇഷ്ടജനവിരഹം, വിഷഭീതി, ആയുധക്ഷതി, മൃഗങ്ങളിൽനിന്നൊ വിഷജന്തുക്കളിൽനിന്നൊ സംഭവിക്കുന്ന ഉപദ്രവങ്ങൾ, രോഗാരിഷ്ടം; 13 മുതൽ 20 വരെ തീയതികളിൽ ഗുണദോഷ മിശ്രഫലവും, ശേഷം തീയതികളിൽ ഈ മാസത്തിൽ പുതിയ കാൎയ്യങ്ങളിൽ പ്രവേശിക്കുക. ഓരോ കാൎയ്യങ്ങളിൽ മാറി മാറി പ്രയത്നിച്ചും അദ്ധ്വാനിച്ചുംകൊണ്ടിരിക്കുക, ഓരോ വിഷയങ്ങളെക്കുറിച്ചു ക്ലേശിക്കുക ഇവയും ഫലം.

പൂരൊരുട്ടാതി ¼ ഉത്രട്ടാതി രേവതി മീനക്കൂറ്.

ഈ കൂറിൽ ജനിച്ചവൎക്ക് 1 മുതൽ 5 വരെ തീയതികളിൽ ധനനാശം, തസ്കരഭയം, വ്യഥാകലഹം, ജനവിരോധം, കൎമ്മവിഘ്നം, കളത്രസന്താനാരിഷ്ടം; 6 മുതൽ 12 വരെ തീയതികളിൽ സുഖം, ധനലാഭം, സന്തോഷം, കാൎയ്യജയം, പ്രവൃത്തിഗുണം; 13 മുതൽ 20 വരെ തീയതികളിൽ ഗുണദോഷ മിശ്രഫലവും, ശേഷം തീയതികളിൽ ഇഷ്ടജനസഹകരണം, ഭാൎയ്യാപുത്രസുഖം, വിശേഷവസ്ത്രലാഭം, സന്തോഷം, സജ്ജനസംസൎഗ്ഗം, ഭക്ഷണാദിസുഖങ്ങൾ എന്നിവയും ഫലങ്ങൾ ആകുന്നു.


# Save Time, Labour & Money

**HERE WE ARE AT YOUR SERVICE FOR**

REPAIRING RECONDITIONING, OVERHAULING CLEANING

**and every other thing connected with a TYPEWRITER of any make or model.**

## Repair of Numbering Machines

**A Speciality.**

RECONDITIONED AND 2ND HAND TYPEWRITERS ARE SOLD AT COMPETITIVE RATES.

**GUARANTEED WORKS & MODERATE CHARGES**

**Prompt execution, Quick delivery, reasonable rates & satisfactorydealing are our MOTTO**

CONTACT:

## WESTERN TYPEWRITER Co.,

CHALISSERY BUILDINGS, TRICHUR.

# ജ്യോതിശ്ശാസ്ത്രം.

(വ്യാഖ്യാതാ:– നടവരമ്പത്ത് കൃഷ്ണക്കുറുപ്പ്)

(രണ്ടാം ലക്കത്തിൽ നിന്നും തുടർച്ച)

രണ്ടാം ലക്കത്തിൽ വരാഹഹോര ഒന്നാംശ്ലോകം

"മൂർത്തിത്വേ പരികല്പിത:

എന്നുള്ള പദ്യത്തിൻെറ അർത്ഥാന്തരം:—

ത്രൈലോക്യ ദീപ: സ: രവി: ന: വാചം ദദാതു

ത്രൈലോക്യദീപനായിരിക്കുന്ന ആ രവി, എനിയ്ക്കു വാക്കിനെ ദാനം ചെയ്യേണമെ. ത്രിൽലോകയതി ത്രിലോക: തസ്യ: ഭാവ: ത്രൈലോക്യ: എന്ന സമാസംകൊണ്ടു, ഭൂതവർത്തമാന ഭവിഷ്യൽ കാലങ്ങളെ ദർശിപ്പിയ്ക്കുന്നവനാകുന്നു. ആ രവി എനിയ്ക്കു വാക്കിനെ ദാനം ചെയ്യേണമെ എന്നാകുന്നു.

ഇവിടെ രവി ശബ്ദപ്രയോഗം കൊണ്ടു രവി ശബ്ദ ബ്രഹ്മസ്വരൂപനും ത്രയീമയനുമാണെന്നു സൂചിപ്പിച്ചിരിയ്ക്കുന്നു.

ലോകനാം പ്രളയോദയ സ്ഥിതിവിഭു: ച.

ആ രവി ലോകങ്ങളുടെ പ്രളയോദയ സ്ഥിതികൾക്കു വിഭുവും ആകുന്നു. രജസ്സത്വതമോഗുണങ്ങളെ അംഗീകരിച്ചു ബ്രഹ്മാ വിഷ്ണു ശിവൻ എന്ന ത്രിമൂർത്തി സ്വരൂപങ്ങളെ ധരിച്ചു സൃഷ്ടി സ്ഥിതി സംഹാര ക്രിയകളെ നടത്തുന്നു എന്നു സാരം. മേഷാദിരാശികളിൽ സ്ഥിതിചെയ്യുന്ന ഗ്രഹങ്ങളുടെ ഗതിഭേദത്തെ അനുസരിച്ച് നാലു പ്രകാരം ജനിയ്ക്കുന്ന ജീവികളുടെ രക്ഷസംഹാരം ഇവകളെ നടത്തുന്നു. നാലുപ്രകാരം ജനിയ്ക്കുന്ന ജീവികൾ:– ഉൽബീജം, അണ്ഡജം, സ്വേദജം, ശുക്ലജം ഇങ്ങനെ നാലു പ്രകാരമാകുന്നു.

യസ്യോദയെ ജഗദിദം
പ്രതിബോധമേതി
മദ്ധ്യസ്ഥിതെ പ്രസരതി
പ്രകൃതി ക്രിയാസു.

അസ്തസ്ഥിതേ സവിതി:ചാശ്വസിതൈകമാത്രം
ഭാനുസ്സ ഏവ ജയതി പ്രകട പ്രഭാവ:

ഈ പദ്യത്തിൻെറ സാരം:– ഉദയസമയത്തിങ്കൽ സകല ജീവികൾക്കും ബോധത്തെ ഉണ്ടാക്കുകയും മദ്ധ്യകാലത്തിങ്കൽ സ്വഭാവം പ്രവൃത്തി ഇവകളിൽ ശക്തിയെ ജനിപ്പിയ്ക്കുകയും അസ്തമയം മുതല്ക്കു ഉഛ്വസിതം മാത്രമായും ഇങ്ങനെ മൂന്നു തരത്തിൽ ഫലദാതാവാണെന്നുമാണ്.

ശശഭൃത: മൂർത്തിത്വേ പരികല്പിതേ:

എന്നു പറഞ്ഞതുകൊണ്ടു ശശഭൃത്തിൻെറ മൂർത്തിത്വത്തിങ്കൽ പരികല്പിതനാകുന്നു. മനസ്സ് യാതൊരു മൂർത്തിയെ സങ്കല്പിയ്ക്കുന്നുവൊ ആ ഭാവത്തിങ്കൽ പരികല്പിതനാകുന്നു. സഗുണബ്രഹ്മമായി ഭക്തന്മാരുടെ ഇഷ്ടപ്രകാരമുള്ള വിഗ്രഹങ്ങളെ അവലംബിച്ച് അവക്ക് അഭീഷ്ടമായ ഫലത്തെ കൊടുക്കുന്നവനാകുന്നു എന്നുസാരം.

വർഷം പുനർജ്ജന്മനാം. അ പുനർജ്ജന്മനാം വർത്മാ അ പുനർജ്ജന്മാക്കളുടെ വർത്മാവാകുന്നു. ത്രൈവർണ്ണികന്മാർ ഉപനയനാനന്തരം പിതൃമുഖത്തിങ്കൽ നിന്നു ഗായത്രി ശ്രവണംചെയ്ത് ബ്രഹ്മചാരി ഗൃഹസ്ഥാശ്രമിവാനപ്രസ്ഥൻ ഈ ആശ്രമങ്ങളിൽ ഇരുന്നു ദിനംതോറും മൂന്നു സന്ധ്യകളിൽ ഗായത്രീ ദേവതയായ സൂര്യനെ ഉപാസിച്ച് മോക്ഷസിദ്ധി വരുത്തുന്നതിനാൽ അവരും പുനർജ്ജന്മാക്കളാകുന്നു. സൂര്യൻ അവർക്കും മോക്ഷദാതാവാകുന്നു എന്നു സാരം.

ആത്മേത്യാത്മവിദാം

ആത്മവിദാം ആത്മ ഇതി പരികല്പിത: എന്നു പറഞ്ഞതുകൊണ്ട് ആത്മജ്ഞാനികൾക്കു ആത്മാവ് എന്നും പരികല്പിതനാകുന്നു. ആത്മജ്ഞാനികൾ=ആത്മാവിനെ അറിയുന്നവർ ആത്മാവ്=പരാത്മാവ്. അതു എന്തെന്നാൽ:— ദേഹം ഇന്ദ്രിയങ്ങൾ മനസ്സ് ബുദ്ധി പ്രാണൻ ഇവകളിൽ നിന്നും വേർപെട്ടവനായും ആകാശംപോലെ സർവ്വവ്യാപിയായും നാശമില്ലാത്തവനായും ജ്യോതിസ്വരൂപനായും ബുദ്ധ്യാദി അന്തഃകരണങ്ങൾ ഇല്ലാത്തവനായും അസ്വാദി ഗുണരഹിതനായും അശനയാന പിപാസ ശോക മോഹജരാമരണ ശരീരധർമ്മങ്ങൾ ഇവകൾ ഇല്ലാത്തവനായും രാഗദ്വേഷ്യാദികൾ ഇല്ലാത്തവനായും സകല പ്രാണികളുടേയും ഹൃദയസ്ഥിതനായും വേദാന്തികൾക്കു സിദ്ധാന്തരൂപേണ അറിയാവുന്നവനായും ഇരിയ്ക്കുന്ന വസ്തു യാതൊന്നൊ അത് പരമാത്മാവാകുന്നു.

ഭർത്താമരജ്യോതിഷാം. അമരജ്യോതിഷാം ഭർത്താ ച. സൂര്യൻ അമരന്മാരുടെയും മററു ഗ്രഹഗോളങ്ങളുടെയും അധിപതിയാകുന്നു. പ്രാങ്മുഖഗതിയോടുകൂടിയ സൂര്യൻെറ അഭിമുഖനായി ചന്ദ്രൻ വരുന്നകാലം ചന്ദ്രൻെറ അർദ്ധഭാഗം സൂര്യകിരണങ്ങൾ പ്രതിഫലിച്ച് പ്രകാശിയ്ക്കുന്നു.

ശശിഭൃത: എന്ന പാഠഭേദംകൊണ്ടു അഷ്ടമൂർത്തിയായ പരമശിവനും താനാകുന്നു എന്നു സിദ്ധിയ്ക്കുന്നു. ഇങ്ങനേയും വേദത്തിങ്കൽ അനേകപ്രകാരം വ്യവഹരിച്ചു വരുന്ന ആ രവി എനിയ്ക്കു വാക്കിനെ ദാനം ചെയ്യേണമെ എന്നു സമഷ്ടിയായ സാരം.

ത്രൈലോക്യ ദീപ: യ: രവി: സ: ന: വാചം ദദാതു. ഇങ്ങനെ ഏഴു പദമായി കാണിയ്ക്കുകയാൽ ഗ്രഹഗോളങ്ങളിൽ സപ്തഗ്രഹങ്ങളാണ് പ്രധാനമെന്നും അവരെ കുറിച്ചാണ് ഈ ഹോരാശാസ്ത്രത്തിൽ വ്യവഹരിയ്ക്കാൻ പോകുന്നതെന്നും സൂചിപ്പിച്ചിരിയ്ക്കുന്നു. ഈ പദ്യത്തിൽ ഇരുപത്തിഏഴു പദമാകയാൽ നക്ഷത്രങ്ങൾ ഇരുപത്തിഏഴാണന്നും സിദ്ധിയ്ക്കുന്നു.

ഇതിസം ക്ഷേപ:

# സമസ്യാപൂരണം

കയറ്റു പൊൻറാളമൊരൊപ്പു താളപോൽ
സ്വയം ലസിക്കും പരിചപ്രകാശവും
ഉയർത്തി വീഴ്ചം പ്രകടീകരിച്ചുടൻ
"പയററണം നാം കളരിക്കകം സുഖം"

ആനാദരാലപ്രത്തു് ആർ. രാമൻപിള്ള
കിളിമാനൂർ

ക്ഷയിച്ചുപോം മർത്ത്യവിഭാഗരാമിവ-
ക്ഷയർച്ച വേണ്ടതു ലഭിച്ചുകൊള്ളുവാൻ
നായതമോടാപ്പത്തിന്റെ വിദ്യയും
പയററണം നാം കളരിക്കകം സുഖം.

സി. കെ. കെ. പണിക്കർ, ചുണ്ടൽ.

നായത്തിലെല്ലാവരിലും സഹോദര
പ്രിയം പുലർത്തിപ്പരിശുദ്ധചിത്തരായ്
പ്രയത്ന ശീലത്തൊടു ശാസ്ത്രയുക്തരായ്
പയററണം നാം കളരിക്കകം സുഖം.

ദൈവജ്ഞഭൂഷണം, കെ. ജി. കോയമ്പത്തൂർ
ജ്യോതിഷമഞ്ജരി പത്രാധിപർ.

കയക്കുവാൻ വെമ്പിടുവോർക്കു ഭീതിയും
പ്രിതന്മാരുന്നവരിൽ സുമോദവും
ഇയറവുമാവള്ളടവൊത്തു നല്ലപോൽ
പയററണം നാം കളരിക്കകം സുഖം.

കെ. എൻ. കെ. പി.

കയത്തെതിർന്നരിപുക്കളെ ദ്രുതം
മയപ്പെടുത്തി സ്വാവശത്തു നിർത്തുവാൻ
നയാത്ത്യ വിദ്യതവമിയന്നിടാനുടൻ
പയററണം നാം കളരിക്കകം സുഖം.

കെ. കെ. കസ്തൂർ.

വിയത്തിലും, ഭൂവിലുമൊന്നുപോൽ ജയം
വരിച്ച പൌരാണീക ജീവിതോത്സവം
വളർത്തുവാനായ് പതിനെട്ടു വിദ്യയും
പയററണം നാം കളരിക്കകം സുഖം.

ഗോപാലകൃഷ്ണൻ കോലഴി.

അയത്നശീലം ദുരദൂഷണം ഇട-
ന്നിയന്നിടും മാനസ ദുർഗ്ഗുണങ്ങളെ
സ്വയം വെടിഞ്ഞാത്മ വിശുദ്ധിയോടുടൻ
പയററണം നാം കളരിക്കകം സുഖം.

സരസകവി കുന്നത്തുള്ളി ഗോവിന്ദ പണിക്കർ.
(ആശാൻ)

ദയാവിഹീനം സ്വജനങ്ങളെ ബ്ബലാ
ലുയച്ചു, പറാതെയടിച്ചമർത്തിടും
നയജ്ഞരാവുള്ളവരെത്തകർക്കുവാൻ
പയററണം നാം കളരിക്കകം സുഖം.

ഡോക്ടർ കെ. കെ. ആർ. ദാസ്.

നയത്തിലീപത്ത്യഗണം ചമക്കുവാ
നയന്ന ദുൽപ്പേരിനു മോഹിയാതെയും
പ്രയത്നസൌശീല്യ ഗുണങ്ങളൊത്തുടൻ
പയററണം നാം കളരിക്കകം സുഖം.

വിദ്വാൻ സി. കെ, അപ്പു വൈദ്യർ.

നയജ്ഞരാം നമ്മുടെ പൂർവ്വഗാമികൾ
ക്കിയന്നിടുന്നാജ്വല കീർത്തിവൈഭവം
സ്വയം വരിപ്പാനതിതൃഷ്ണയാർന്നുടൻ
പയററണം നാം കളരിക്കകം സുഖം.

കെ. പി. മാധവപ്പണിക്കർ
സംസ്കൃത കോളേജ് പാവറട്ടി.


## പരസ്യനിരക്ക്

| | | | |
|---|---|---|---|
| ഫ്രൊൺപേജ് പുറംചട്ട | 30—0—0 | അരപേജ് | 12—0—0 |
| ഇന്നർപേജ് പുറംചട്ട | 25—0—0 | കാൽപ്പേജ് | 7—0—0 |
| ഉൾപേജുകൾ | 20—0—0 | ഒരിഞ്ചു കോളം | 2—0—0 |

മാനേജർ

# ॥ प्रेमचन्द जी ॥

(वेलायुधन पणिक्कश्शेरी)

हिन्दी साहित्यक नभोमण्डल में एक अक्षय तारा है। जब उसका उदय हुआ था तभी से वह साहित्य क्षेत्र में चमकते आया है। वह सारे आसमान में अपनी अक्षय दीप्ती दिख कर 1936 में अदृश्य हो गया है।

हाँ, उपन्यास साम्राट प्रेमचन्दजी ने हिन्दी साहित्य के जरिए मानव समाज को जितनी सेवायें की हैं उतनी और किसी ने नहीं की हैं। वे पहले उरदु में ही लिखते थे। लेकिन धीरे-धीरे व हिन्दी की ओर अकृष्ट हो गये और हिन्दी को अपना भी है।

प्रेमचन्दजी अपने समय के साहित्यकारों के रास्ते से नहीं चले थे। उनका ख्याल था कि साहित्य मनोरंजन की चीज़ ही नहीं, लेकिन जीवन का एक मुख्य अंग भी है। उसके अनुसार उन्होंने अपनी हरेक रचना में जीवन के भिन्न-भिन्न प्रश्नों का हल करने की कोशिश की हैं। ग्रामीण जनता की गिरी हुई दशा को सुधारने के लिए उन्होंने कठिन परिश्रम किया था।

उन्होंने तीन सौ से ज्यादा कहानियाँ और दरजनों उपन्यास लिखी हैं; भारतीय ग्रामीण जनता के मनोभावों के चित्र हैं। हाँ, वे "प्रतिज्ञा" करके "सेवासदन" में आये सब को लेकर "प्रेमाश्रम" की और "निर्म्मल" हृदय से "कायाकल्प" देकर बिना "गबन" के "कर्मभूमि" को स्थापना के लिए "रंग-भूमि" में आये और "गोदान" करके चले गये थे।

# EXISTENCE AFTER DEATH.

(Continuation)

Dr. K. K. RAMDAS. Ph. D. Sc.

Ayurveda Sastry.

The materialists ignore the reality of the discarnate spirits. They say it is only some myth or superstition. In certain occasions when they contact with unbearable sufferings due to the influences of spirits, where the diagnosis and treatment of the most eminent doctors fail, the mind then awakes to take further steps to find out the mystic nature of the disease. The occult nature of the disease is then realised by revelations through some spiritualistic mediums. Immediately after the spiritual troubles are avoided by some ritualist the prescribed medicines begin to act in the patient.

In certain cases when the spiritualistic performances are done the patient influenced by the spirit begins to shiver and then dance unconsciously bawling out the reasons of affection on the person. Then the ritualist gets rid of the spirits enforcing his will on the patient. Several instances of such cases have had been to my experience during my studies in occult sciences and reseraches through the welknown spiritual research institutions in India since twenty-five years.

The Atheists and Rationalists who are tainted with only in worldly affairs will never hesitate to deny the existence of Gods or spirits. A natural blind who is really ignorant of any external sight is extremely difficult to be convinced in the matter. Accidental occurences of spiritual troubles either on such persons or on their relatives only will make them to convince the existence of the same.

After the dissolution of the body the shadow embraced with the elemental atomic desires, called as spirits does the wonderful actions. The troubling spirit will be satisfied in the rituals done, and then gets away from the patient obeying the command of the ritualist. The existence after death is nothing else but only a mere Truth.

# *The Lake*

(P. V. S. Mani.)

Infinitely deep is the Lake, Serene,
Calm, Divine and Cool;
Like dreamless sleep it's clear, quiet and dark;
Where both nights and days, alike
And silence alone whispers;
Its depths are paved with the gold
O' solitude and peace;
Come, O, some to the lake, at once,
There canst thou swim.

(Copy right to the Poet)


**ARE YOU FORGETFUL?**

DO YOU LACK MEMORY POWER?
CAN'T YOU RETAIN IN MEMORY,
WHAT YOU READ?

WELL HERE IS OUR TONIC

**"MEMORY-PICK-UP"**

(ഓർമ്മശക്തിയെ ഉണർത്തുന്നതിന്)

**Refreshes memory, Creates healthy nerves & also gives sound sleep.**

**Price:- Small Bottle As. 12/- Large Rs. 2-8-0.**

CONSULT FOR CHRONIC DISEASES PLEASE

ASOKA (HOMOEO) PHARMACY,
KURUPAM ROAD, TRICHUR.

# தமிழ் ஜோதிடம் முதற் பாடம்.

(தமிழ் ஜோதிடர்: புத்தன்சிர நடேசகுருப்பு)

## முதற் பாடம்.

**இராசிகளின் பெயர்.**

### மேடத்தின் பெயர்.

ஆடு, உதன், கொறி, தகர், மறி, மை. யாடு, வருடை.

### இடபத்தின் பெயர்.

ஏறு, குண்டை, சே, காளை, புலவு, விடை

### மிதுனத்தின் பெயர்.

இரட்டை, சயமகள், வீணை, யாழி, தண்டு, பாடவன், விழவு.

### கடகத்தின் பெயர்.

ஞெண்டு, அலவன், சேக்கை, நள்ளி.

### சிம்மத்தின் பெயர்

அரிமா, ஆளி, புலி, மாவு, வேங்கை.

### கன்னியின் பெயர்.

மாது, கோதை, இன்னம் பெண்ணின் பெயர்களெல்லாம் பொருந்தும்.

### துலாத்தின் பெயர்.

கோல், கட்டளை, சீற், தராசு, துலை, தூக்கு, வணிகன்.

### விருச்சிகத்தின் பெயர்.

தெருக்கால், தேள், பறப்பன்.

### தனுசின் பெயர்.

கொடுமரம், சாபம், காற்முகம், வில்லவு, சிலை, துரோணம்.

### மகரத்தின் பெயர்.

கலை, சுறு, தைபங்குகிராகம், மான்.

### கும்பத்தின் பெயர்.

சாடி, கரகம், குடம்.

### மீனத்தின் பெயர்.

சலசலம், சலகரம், மச்சம், மயில்.

## நவக்கிரகங்களின் பெயர்.

### சூரியனின் பெயர்.

அண்டயோனி, பருதி, யாதித்தன், பங்கயன், பதங்கன், பனிப்பகை, வெண்மணி, அருணன், மார்த்தாண்டன், பாற்கரன், கதிரோன், ஆயிரம்கதிரன், தபனன், இருள்வலி, சண்டன், எல்லே, வேந்தன், தரணிபன், சுடரவன், அருலி, வெய்யவன், கனலி, சண்டன், தவிதா, சான்றோன், சுடரோன், ஆதவன்.

### சந்திரனின் பெயர்.

மதி, இராக்கதிர், களங்கன், வளர்பிறை, அம்புலி, உடுபதி, திங்கள், வெண்கதிர், புதுமுயற்கூடு, சசி, கலாநிதி, அலவன், குரங்கி, அரிச்சிகன்.

### குசனின் பெயர்.

மங்கலன், குருதி, வக்கிரன், செந்திவண்ணன், அங்காரகன், செய், நிலமகன், அக்கினியன்.

### புதனின் பெயர்.

அருணன், அறுவழி, கணக்கன், சிந்தை, தூதுவன், புலவன், புந்தி, பண்டிதன், அறிஞன், மேதை.

### வியாழத்தின் பெயர்.

தெய்வமந்திரி, அமைச்சன், சிகண்டி, வேந்தன், கோதிலாண்டளப்பன், அந்தணன், பொன்னன், பிதகன், இரமணியன், சிவன்.

### சுக்கிரனின் பெயர்.

சுங்கன், மழைக்கோன், வெள்ளி, புகற், பளிங்கு, அசுரற்மந்திரி, கவி, புயல்.

### சனியின் பெயர்.

கதிற்மகன், மந்தன், பிணிமுகன், முதுமறை, பங்கு, காரி, முடவன், பச்சிமதநோன், நீலன், அந்தகன், சவுரி.

### இராகுவின் பெயர்.

குரும்பாம்பு, தம்ம, மதிப்பகை, மதியுணி.

### கேதுவின் பெயர்.

கதிர்பகை, செம்பாம்பு, சிகி.

### குளிகனின் பெயர்.

மாந்தி, சனிமகன்.